# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 മേയ് 12 | ദീപം 55 | നാളം 10 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# കാറ്റിലുലയാത്ത കെടാവിളക്ക്

**2022 മേയ് 15 ന് വത്തിക്കാനിൽ പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ ദേവസഹായംപിള്ളയെ വിശുദ്ധനായി പ്രഖ്യാപിക്കുമ്പോൾ ഒരു വിശ്വാസജീവിതംകൂടി പീഠത്തിൽ കൊളുത്തിവച്ച വിളക്കുപോലെ അൾത്താരയിൽ തെളിയുകയാണ്.**




**വിനായക് നിർമ്മൽ**


പലരുടെയും വിശ്വാസം തൊലിപ്പുറത്തുള്ള ഒരു കുമിള കണക്കെയാണ്. പെട്ടെന്ന് വീർത്തുവരികയും അടുത്ത നിമിഷം പൊട്ടിപ്പോകുകയും ചെയ്യുന്ന തരത്തിലുള്ള ഒന്ന്. വിശ്വാസജീവിതം ഒരു നീർക്കുമിള പോലെയാകാൻ കാരണങ്ങൾ പലതാണ്.

പ്രാർത്ഥിച്ചത് കിട്ടാത്തതുമുതൽ സഭാധികാരികളിൽനിന്നുള്ള തിക്താനുഭവങ്ങൾവരെ.. എപ്പോൾ വേണമെങ്കിലും വിശ്വാസമെന്ന പുറങ്കുപ്പായം വലിച്ചൂരാനും എടുത്തു ധരിക്കാനും ത്രാണിയുള്ള മറ്റു ചിലരുമുണ്ട്. അസാമാന്യമായ വഴക്കം സിദ്ധിച്ചവരാണവർ.

വേറേ ചിലരുണ്ട്. പാറമേൽ പണിത വീടുപോലെയുള്ളതാണ് അവരുടെ വിശ്വാസം. തിരുവചനത്തിന്റെ ശേലിനോടു ചേർന്നുപറയുകയാണെങ്കിൽ പ്രതികൂലങ്ങളുടെ മഴയ്ക്കും പ്രതിസന്ധികളുടെ കൊടുങ്കാറ്റുകൾക്കും മുമ്പിൽ ഉറച്ചുനില്ക്കാൻ കഴിവുള്ളവർ.

പറഞ്ഞുവരുന്നത് മറ്റാരെയും കുറിച്ചല്ല. മേയ് 15 ന് വിശുദ്ധപദവിയിലേക്കുയർത്തപ്പെടുന്ന ഇന്ത്യയുടെ ആദ്യത്തെ രക്തസാക്ഷിയും അല്മായവിശുദ്ധനുമായ ദേവസഹായംപിള്ളയെക്കുറിച്ചാണ്. നാല്പതുവയസ്സുപോലും പൂർത്തിയായിട്ടില്ലാത്ത ഒരു ചെറുപ്പക്കാരനാണ്, ഇനിയും എത്രയോ വർഷം ജീവിച്ചിരിക്കാൻ കഴിയുമായിരുന്നിട്ടും അതെല്ലാം വേണ്ടെന്നു വച്ച്.....



കഴിഞ്ഞ ദിവസങ്ങളിൽ ആ വിശുദ്ധന്റെ ജീവചരിത്രത്തിലൂടെ ഒരിക്കൽക്കൂടി കടന്നുപോയിരുന്നു.

ഹോ, എന്തൊരു പ്രകാശമാനമായ ജീവിതം! ക്രിസ്തുവിനെപ്രതി ഭൗതികമായിട്ടുള്ളതെല്ലാം ഉച്ഛിഷ്ടം പോലെ കരുതിയ ഒരാൾ. എത്രയെത്ര നേട്ടങ്ങൾ സ്വന്തമാക്കാമായിരുന്ന വ്യക്തിയാണ് അതെല്ലാം വേണ്ടെന്നു വച്ച് തന്റെ ക്രിസ്തുവിശ്വാസത്തിൽ മലപോലെ നിലയുറപ്പിച്ചത്!

തിരുവിതാംകൂർരാജാവിന്റെ സൈന്യാധിപനും കൊട്ടാരമേലന്വേഷകനുമായിരുന്ന നീലകണ്ഠപ്പിള്ളയ്ക്ക് ഓച്ഛാനിച്ചുനിന്നാൽ സ്വർണത്തളികയിൽ വീരാളിപ്പട്ടും പൊന്നും കിരീടവുമെല്ലാം കിട്ടുമായിരുന്നു. പക്ഷേ, ജന്മംകൊണ്ടുതന്നെ ക്രിസ്ത്യാനിയായിത്തീർന്നവരെക്കാൾ വിശ്വാസതീക്ഷ്ണതയും ദൈവസ്നേഹവും കൂടുതലായി പ്രകടമാക്കുന്നവരാണു ജീവിതത്തിലെ ഒരു പ്രത്യേക നിമിഷത്തിൽ ക്രിസ്തുവിനെ കർത്താവും നാഥനുമായി സ്വീകരിച്ചവർ. പൗലോസായി രൂപാന്തരപ്പെട്ട സാവൂളും ദേവസഹായംപിള്ളയായി മാറിയ നീലകണ്ഠപ്പിള്ളയുംപോലെയുള്ള നിരവധി ഉദാഹരണങ്ങളുണ്ട് സഭയുടെ വിശുദ്ധചരിതത്തിലും അല്മായമുന്നേറ്റത്തിലും.

നമ്മിൽ ഭൂരിപക്ഷത്തെയുംപോലെ വിയർപ്പൊഴുക്കാതെയും ശ്രമിക്കാതെയും കിട്ടിയതായിരുന്നില്ല അവർക്കു ക്രിസ്തുവിശ്വാസവും ക്രിസ്തുവും. ജീവിതത്തിലെ ഏതോ നിർണായകനിമിഷത്തിൽ ക്രിസ്തു അവരെ സ്വന്തമാക്കുകയായിരുന്നു. അതുകൊണ്ടുതന്നെ ക്രിസ്തുവിനെ അവർ ജീവശ്വാസമായി ഏറ്റെടുക്കുകയും ചെയ്തു.


▶ 10


# ഏകീകൃത സിവിൽനിയമം

## മതേതരത്വത്തിൽ നിഴൽ വീഴ്ത്തുമോ?




**ഷെവലിയർ അഡ്വ. വി. സി. സെബാസ്റ്റ്യൻ**


2014ൽ അധികാരമേറ്റതിനുശേഷം നടത്തിയ ഒട്ടേറെ നിയമനിർമാണങ്ങളും നിയമഭേദഗതികളും ഭരണത്തോടൊപ്പം നിരന്തരമുള്ള നിയമനിർമാണത്തിലും കേന്ദ്രസർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെന്നതിന്റെ നേർരേഖകളാണ്. ഇപ്പോഴിതാ അണിയറയിൽ ഒരുക്കിവച്ചിരിക്കുന്ന ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണു കേന്ദ്രസർക്കാർ. വിവിധ സംസ്ഥാനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന ആനുകാലിക സംഭവവികാസങ്ങളും തുടർന്നുള്ള കോടതിനിരീക്ഷണങ്ങളും വിധികളും പുതിയ നിയമനിർമാണങ്ങളിലേക്കു രാജ്യത്തെ തള്ളിവിടുമെന്നുറപ്പായി. ഏകീകൃത സിവിൽ കോഡ് നടപ്പാക്കാൻ സമയമായെന്ന് കേന്ദ്രമന്ത്രി ഗിരിരാജ് സിങ് 2022 ഫെബ്രുവരി 11ന് പ്രഖ്യാപിച്ചിരിക്കുന്നതും മുഖവിലയ്ക്കെടുക്കേണ്ടിവരുന്നു.

വിവിധ സംസ്കാരങ്ങളും ഭാഷകളും അനുഷ്ഠാനങ്ങളും ആചാരങ്ങളും മുഖമുദ്രയാക്കിയുള്ള ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിൽ ഒരിന്ത്യ ഒരൊറ്റ നിയമം എന്ന യൂണിഫോം സിവിൽ കോഡ് ഒരുപക്ഷേ, താത്കാലിക വെല്ലുവിളികളുയർത്തിയേക്കാം. അതേസമയം കാശ്മീർവിഷയം, മുത്തലാഖ്, സാമ്പത്തിക സംവരണം, പൗരത്വഭേദഗതി, വിവാഹപ്രായം തുടങ്ങിയ ഭരണഘടനാ ഭേദഗതികളിൽ ഉറച്ച നിലപാടുകളെടുത്ത നരേന്ദ്രമോദി സർക്കാർ ഏകീകൃത സിവിൽ കോഡുമായി മുന്നോട്ടുപോയാൽ അദ്ഭുതപ്പെടേണ്ടതില്ല.

### ഏകീകൃത സിവിൽ കോഡ് എന്ത്?

ജാതി മത വർഗ വ്യത്യാസമില്ലാതെ ഇന്ത്യയിലെ ഏതൊരു പൗരന്റെയും വിവാഹം, വിവാഹമോചനം, പിന്തുടർച്ചാവകാശം, ജീവനാംശം തുടങ്ങിയ വിവിധ വ്യക്തിനിയമങ്ങൾ ഇല്ലാതാക്കി ഇവയ്ക്കായി പൊതുനിയമനിർമാണമാണ് ഏകീകൃത വ്യക്തിനിയമം പ്രധാനമായും ലക്ഷ്യമിടുന്നത്.

### ചരിത്രപശ്ചാത്തലം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലാണ് ഏകീകൃത സിവിൽ കോഡ് വേണമെന്ന ആവശ്യം ഉയരുന്നത്. ഇത് പ്രധാനമായും സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയത്തിലായിരുന്നു. സ്ത്രീകളുടെ അവകാശങ്ങൾ, സമത്വം, മതേതരത്വം എന്നിവയായിരുന്നു ഇവയ്ക്കു പിന്നിൽ. 1940 ൽ ഏകീകൃത പൗരനിയമം എന്ന ആശയം കോൺഗ്രസ് നിയോഗിച്ച ആസൂത്രണ കമ്മീഷൻ രാജ്യത്തെ സ്ത്രീകളുടെ ജീവിതസാഹചര്യം പരിശോധിക്കുന്നതിനും ലിംഗസമത്വത്തിനുമായി വ്യക്തിഗതനിയമങ്ങൾ പരിഷ്കരിക്കണമെന്നു ശിപാർശ ചെയ്തു.

1947 ൽ ഏകീകൃത സിവിൽ കോഡ് ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും നടന്നില്ല. 1948 ൽ ഇന്ത്യയുടെ ഭരണഘടന നിർമാണസഭയിലാണ് ഏകീകൃത സിവിൽ കോഡ് വീണ്ടും ഉയർന്നുവന്നത്. ദിവസങ്ങളോളം ചർച്ചകൾ നടന്നിട്ടും സമവായത്തിലെത്താനായില്ല. തുടർന്ന് ഈ വിഷയം ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിനകത്തെ നിർദേശകതത്ത്വത്തിൽ ഉൾപ്പെടുത്തി. മറ്റൊരുവിധത്തിൽ സൂചിപ്പിച്ചാൽ, മൗലികാവകാശങ്ങളുടെ പട്ടികയിൽ ചേർക്കാൻ ഉദ്ദേശിക്കപ്പെട്ട ഏകീകൃത പൗരനിയമം തർക്കങ്ങൾ പരിഹരിക്കപ്പെടാതെ മാർ ഗനിർദേശകതത്ത്വത്തിലേക്കു തള്ളിവിട്ടു. അങ്ങനെയാണ് ഏകീകൃത സിവിൽകോഡ് സ്റ്റേറ്റിന്റെ ഉത്തരവാദിത്വമാണ് എന്ന നിർദേശത്തിൽ വന്നത്.

### ഏകീകൃതനിയമം വിവിധ രാജ്യങ്ങളിൽ

മറ്റു രാജ്യങ്ങളുടെ നിയമങ്ങളെ വിലയിരുത്തി ഇന്ത്യയിൽ യൂണിഫോം സിവിൽകോഡിനെക്കുറിച്ച് പ്രതിപാദിക്കുന്നത് ശരിയാവണമെന്നില്ല. വിവിധ രാജ്യങ്ങളുടെ രാഷ്ട്രീയവും സാമൂഹികവും മതപരവുമായ പശ്ചാത്തലങ്ങൾ വ്യത്യസ്തങ്ങളാണ്.


▶ 12

# മൂല്യനിരാസങ്ങളുടെ ദൃശ്യവിരുന്നുകൾ




■ വീയെൻ

"നീ ഏതു വിധേനയും പണക്കാരനാകണം. മാർഗ മേതായാലും സാരമില്ല, ലക്ഷ്യം പണസമ്പാദനമായി രിക്കണം." കേരളക്കരപോലും ആഘോഷമായി ഏറ്റെടുത്ത അന്യഭാഷാചിത്രമായ കെജിഎഫ് പരമ്പരയിലെ ഒന്നാം ഭാഗത്ത്, ദരിദ്രയായ അമ്മ പത്തുവയസ്സുകാരനായ മകനു കൊടുക്കുന്ന ഉപദേശവും നിർദേശവുമാണത്. വെട്ടും കുത്തും കൊലയുമായി മുന്നോട്ടുകുതിക്കാൻ പിന്നീട് റോക്കിഭായ് ആയി വളർന്ന ആ ബാലനെ അമ്മയുടെ വാക്കുകൾ തെല്ലൊന്നുമല്ല സ്വാധീനിച്ചത്.

കെജിഎഫ് രണ്ടാം ഭാഗവും റിക്കോർഡ് കളക്ഷൻ ഭേദിച്ചു മുന്നേറുമ്പോൾ അതിനൊപ്പം രൂപപ്പെടുന്നത് പുതിയ തലമുറയിലെ കുട്ടികൾക്കു പുതിയ ബോധ്യങ്ങളാണ്. കെജിഎഫ് ഹിറ്റാക്കിക്കൊടുത്തത് നമ്മുടെ പുതിയ തലമുറയാണ്. പുതിയ തലമുറയെന്നു പറയുമ്പോൾ കൊച്ചുകുട്ടികൾമുതൽ നാല്പതുവരെ പ്രായമുള്ളവരെന്നു പ്രത്യേകം പറയണം.

തീയേറ്ററുകളിൽ പോയി കണ്ടിട്ടില്ലാത്തവർക്കുപോലും ടിവി ചാനലുകൾവഴി റോക്കിഭായ് പരിചിതനാണ്. അയാളുടെ വീരസ്യങ്ങൾക്ക് അവർ വേണ്ടതിലധികം കൈയടി കൊടുത്തിട്ടുമുണ്ട്.

രണ്ടാം തരംഗം അലയടിച്ചപ്പോഴാണ് മൊബൈലിൽ ആദ്യഭാഗം കണ്ടത്. കാണാൻ താത്പര്യമില്ലാത്തതുകൊണ്ട് തീയേറ്ററിൽനിന്ന് ഒഴിവാക്കിക്കളഞ്ഞ സിനിമയായിരുന്നു. പക്ഷേ, ഇത്രയധികം കൊട്ടിഘോഷിക്കാൻ (സിനിമയുടെ പ്രമോഷനുമായി ബന്ധപ്പെട്ട വാർത്തകൾ ഓർമിക്കുക) ഇതിലെന്താണിരിക്കുന്നതെന്ന സ്വാഭാവികമായ ചിന്തയായിരുന്നു ആദ്യഭാഗം കാണാൻ പ്രേരിപ്പിച്ചത്. വ്യക്തിപരമായി ഒട്ടും തൃപ്തിപ്പെടുത്താതിരുന്ന സിനിമയെക്കുറിച്ച് പിന്നീട് മറ്റു ചിലരുമായി നിഷേധാത്മകമായി സംസാരിച്ചപ്പോൾ അതെല്ലാം കേട്ടുനില്ക്കുകയായിരുന്ന എട്ടുവയസ്സുകാരനായ രണ്ടാമത്തെ മകൻ പറഞ്ഞ ന്യായീകരണം വല്ലാതെ ഞെട്ടിച്ചുകളഞ്ഞു.

ഖനിയിൽനിന്ന് അവരെ രക്ഷിക്കാൻ വേണ്ടിയല്ലേ അപ്പേ റോക്കിഭായ് അങ്ങനെയൊക്കെ ചെയ്യുന്നത് എന്നായിരുന്നു അവന്റെ മറുപടി. അപ്പോഴാണ് ടിവി ചാനൽവഴി എനിക്കുമുമ്പേ അവൻ പല തവണ പ്രസ്തുത സിനിമ കണ്ടുകഴിഞ്ഞു എന്നു മനസ്സിലായത്.

ലക്ഷ്യം മാർഗത്തെ സാധൂകരിക്കുന്നുവെന്ന ചിന്തയിലേക്ക് ഈ കുഞ്ഞുമക്കൾ ഉൾപ്പെടെയുള്ളവർ മാറിക്കഴിഞ്ഞിരിക്കുന്നു. ഇങ്ങനെയൊരാശയം പുതിയതൊന്നുമല്ല. പക്ഷേ, ഇതുപോലെ യുവതലമുറയെ ആകമാനം സ്വാധീനിക്കാൻ അവയ്ക്കു കഴിഞ്ഞിട്ടുണ്ടായിരുന്നില്ല.

ലക്ഷ്യം നന്നായാൽ മതി മാർഗം ഏതായാലും കുഴപ്പമില്ല എന്ന മട്ടിലാണ് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. മണി, ഫെയിം... ഇതാണ് യുവതലമുറയുടെ പ്രഖ്യാപിതലക്ഷ്യങ്ങൾ. പണം ഉണ്ടാക്കുന്നതാകട്ടെ അടിച്ചുപൊളിച്ചു ജീവിക്കാൻ. കഞ്ചാവും ലഹരിവസ്തുക്കളുടെ വില്പനയുമായി ബന്ധപ്പെട്ട വാർത്തകളിലൊക്കെ പ്രതിഭാഗത്തുള്ളത് കൂടുതലും ചെറുപ്പക്കാരാണ്. കുടുംബം പോറ്റാനൊന്നുമല്ല അവർ ഇപ്പണി ചെയ്യുന്നത്, ആഡംബരജീവിതം നയിക്കാനാണ്. ഏതു മാർഗത്തിലൂടെയും പണമുണ്ടാക്കി സുഖിച്ചുജീവിക്കുക എന്ന തത്ത്വം പ്രാബല്യത്തിൽ വരുത്താൻ സിനിമപോലെയുള്ള മാധ്യമങ്ങൾ കൈമാറുന്ന സന്ദേശങ്ങൾ അവരെ തെറ്റായ രീതിയിൽ സ്വാധീനിക്കുന്നു.

അങ്ങനെ മൂല്യങ്ങളൊക്കെ കടപുഴകി വീണുകൊണ്ടിരിക്കുന്ന ഒരു കാലത്തിലൂടെയാണു നാം കടന്നുപോകുന്നത്. വിശുദ്ധ ഗ്രന്ഥം ഓർമിപ്പിക്കുന്നുണ്ടല്ലോ, നന്മയെ തിന്മയെന്നും തിന്മയെ നന്മയെന്നും വിളിക്കരുതെന്ന്. ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നത് അതാണ്.

അതുകൊണ്ടാണ്, കായങ്കുളം കൊച്ചുണ്ണിയും റോബിൻഹുഡുമൊക്കെ പഴയ വീഞ്ഞായിരുന്നിട്ടും പുതിയ കുപ്പിയിൽ നിറയ്ക്കപ്പെടുകയും അവരുടെ പ്രവൃത്തികൾ പ്രശംസിക്കപ്പെടുകയും ചെയ്യുന്നത്. കൊല എന്നും കൊലയാണെന്നും മോഷണം എന്നും മോഷണമാണെന്നുമുള്ള ചിന്തകൾ ഇവിടെ മാഞ്ഞുപോകുന്നു. മറിച്ച്, നായകൻ ചെയ്യുന്ന കുറ്റകൃത്യങ്ങൾപോലും നീതീകരിക്കപ്പെടുന്നു. അവയെല്ലാം നന്മയുടെ മുഖംമൂടി അണിയുന്നു.

കെജിഎഫിലെ അമ്മ മകനു കൊടുക്കുന്ന ഉപദേശത്തെക്കുറിച്ചുതന്നെ ആലോചിക്കൂ. നന്മയുടെ വഴിക്കല്ല ആ അമ്മ മകനെ നയിക്കുന്നത്. പണമാണു ലോകത്തിലെ ഏറ്റവും വലിയ സംഗതിയെന്നും അതു നേടാൻ ഏതു വഴിയും സ്വീകരിക്കാമെന്നുമാണ് അമ്മ പറഞ്ഞുകൊടുക്കുന്നത്.

പണത്തിനു പ്രാധാന്യമുണ്ട് എന്ന കാര്യം നിഷേധിക്കാനാവില്ല. പക്ഷേ, പണം മൂല്യമുള്ളതാകുന്നത് അത് ശരിയായ രീതിയിൽ സമ്പാദിക്കുകയും മാന്യമായ രീതിയിൽ ചെലവഴിക്കുകയും ചെയ്യുമ്പോഴാണ്. അതുപോലെ കൂലിക്കാരന് അർഹതപ്പെട്ട വേതനം നല്കാതെ പിടിച്ചുവച്ച് സ്വന്തം പോക്കറ്റു നിറയ്ക്കുന്നതും നീതിയുടെ പ്രവൃത്തിയല്ല.




നന്നേ ചെറുപ്പം മുതൽതന്നെ വീരസ്യം പ്രകടിപ്പിക്കുന്നവരാണ് ഇത്തരത്തിലുള്ള നായകന്മാർ. നഗരത്തെ വിറപ്പിച്ച ഒരു പോലീസുകാരനെ തന്റെ പത്താം വയസ്സിൽ തലയ്ക്കടിച്ചുവീഴ്ത്തിയാണ് റോക്കി നായകനാകുന്നത്. അടിച്ചുവീഴ്ത്തിയിട്ട് ഓടി രക്ഷപ്പെടുകയല്ല, താനാണ് അതു ചെയ്തതെന്ന് കുറ്റബോധം തെല്ലുമില്ലാതെ പറയാനും റോക്കി തയ്യാറാകുന്നു. പത്താം വയസ്സിൽ, പ്രായത്തിൽ കവിഞ്ഞ വലിയൊരു ക്രൈം ചെയ്ത വ്യക്തി മുതിർന്നുകഴിയുമ്പോൾ അതിനെക്കാൾ വലിയ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനെ സ്വാഭാവികമായും കാണികൾ അംഗീകരിക്കുകയും അതു വിശ്വസിക്കുകയും ചെയ്യും.

വലിയ വലിയ വീരസ്യങ്ങൾ നായകനിൽനിന്ന് ഉണ്ടായാലും അതെല്ലാം രജിസ്റ്റർ ചെയ്യാൻ ഏറെ സഹായകരമാണ് ചെറുപ്പത്തിൽത്തന്നെ കൊടുക്കുന്ന ഇത്തരം ബിൽഡപ്പുകൾ. ശിവലിംഗം ഒറ്റയ്ക്കു പിഴുതെടുത്ത് സാഹസികമായി വരുന്ന ബാഹുബലിയും ചെറുപ്രായത്തിൽത്തന്നെ പുലിവേട്ടയ്ക്കിറങ്ങിയ മുരുകനും (പുലിമുരുകൻ) സഹപാഠിയുടെ കൈവെള്ളയിൽ കോമ്പസ് കുത്തിയിറക്കി നാടുവിടുന്ന തോമായും (സ്ഫടികം) ചില ഉദാഹരണങ്ങൾ. സിനിമയിലെ നായകന് ഇതെല്ലാം അനുകൂലഘടകങ്ങളാണെങ്കിലും സിനിമ കാണുന്ന പുതുതലമുറയെ സംബന്ധിച്ച് ഇവയൊന്നും ആശാസ്യമല്ല.

ചൈനയിൽപ്പോലും തരംഗമായി മാറിയ ദൃശ്യം സിനിമയുടെ കാര്യം ഇതിനകം പല വിധത്തിൽ പലവട്ടം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അറിയാതെയാണെങ്കിലും ഒരു കൊലപാതകം നടത്തിയ റാണിക്കും മക്കൾക്കും ഒപ്പം തന്നെയാണ് പ്രേക്ഷകരെല്ലാം. അവർ ശിക്ഷിക്കപ്പെടണമെന്ന് ആരും ആഗ്രഹിക്കുന്നുമില്ല. പക്ഷേ, അതിനുവേണ്ടി നുണകൾക്കു മീതേ നുണകൾ നിരത്തി നുണയെ സത്യമായി അവതരിപ്പിക്കുകയാണു നായകനായ ജോർജുകുട്ടി. ജോർജുകുട്ടിയുടെ ഈ നായകത്വമാണ് സിനിമയുടെ വിജയവും. എന്നാൽ, അകന്നുനിന്നു നിരീക്ഷിച്ചാൽ മനസ്സിലാവും, അയാൾ ചെയ്തതു മുഴുവൻ മൂല്യനിരാസങ്ങളാണെന്ന്. പലതവണ നുണ ആവർത്തിച്ചാൽ, കൃത്യതയോടെയും തെളിവുകളോടെയും നുണ സ്ഥാപിച്ചാൽ, ആ നുണ സത്യമായി മാറുമെന്നാണ് ജോർജുകുട്ടി പ്രേക്ഷകരോടു പറഞ്ഞത്. ലക്ഷ്യത്തിനുവേണ്ടി മാർഗത്തെ സാധൂകരിക്കുന്ന പ്രവണതയാണ് ഇവിടെയും നാം കണ്ടത്. ഈ സിനിമ തുറന്നുവിട്ട മൂല്യനിരാസങ്ങളുടെയും നിഷേധാത്മകതയുടെയും അലയൊലികൾ ഒരിക്കലും അടങ്ങുകയില്ല.

ചെയ്ത കുറ്റം ഏറ്റെടുത്ത് നിയമത്തിനു കീഴടങ്ങുന്ന പോലീസുദ്യോഗസ്ഥനായ ആന്റണി മോസസിനെ (മുംബൈ പോലീസ്) ഇവിടെ പരാമർശിക്കാതിരിക്കാനാവില്ല. ഒരിക്കൽ നിയമത്തെ കബളിപ്പിക്കുകയും കൂട്ടുകാരനെ കൊല്ലുകയും ചെയ്തതാണെങ്കിലും കുറ്റബോധത്തിന്റെ ഉമിത്തീയിൽ നീറാൻ തുടങ്ങുമ്പോൾ തന്റെ നായകപരിവേഷം ഉപേക്ഷിച്ച് അയാൾ സാധാരണക്കാരനായി മാറുന്നു. ശിക്ഷിക്കപ്പെടാൻ തയ്യാറായി അറസ്റ്റു വരിക്കുന്നതിലൂടെ അയാൾ സമൂഹത്തിനു നല്കുന്ന മാതൃകയും പ്രചോദനവും പ്രശംസിക്കപ്പെടേണ്ടതുമാണ്. പക്ഷേ, പ്രേക്ഷകർക്കു വേണ്ടത് ഇത്തരം മാനുഷികതയുള്ള നായകരെയല്ല കള്ളത്തിനു മീതെ കള്ളം അടുക്കിവയ്ക്കുന്ന ജോർജുകുട്ടിമാരെയും മനുഷ്യരെ കൊന്നു തള്ളുന്ന റോക്കിഭായിമാരെയുമാണ്, കഷ്ടം!

**വയലൻസ് വിതയ്ക്കുന്ന വിനകൾ**

അക്രമരംഗങ്ങൾ നിറഞ്ഞ സിനിമകൾ കാണാൻ ആഗ്രഹിക്കുന്നവരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണെന്നു നിരീക്ഷിച്ചാൽ മനസ്സിലാവും. ഇപ്പോഴത്തെ മുതിർന്ന തലമുറ അഡൽറ്റ് കണ്ടന്റ് ഉള്ള ചിത്രങ്ങൾ കാണാനാണ് കൗമാരയൗവനങ്ങളിൽ ആഗ്രഹിച്ചിരുന്നത്. അവരെ സംബന്ധിച്ച് അതു ലഭിക്കുകയെന്നത് വളരെ ബുദ്ധിമുട്ടേറിയ കാര്യമായിരുന്നു. പക്ഷേ, ഇന്റർനെറ്റ് വന്നതോടെ അത്തരമൊരു ദൗർലഭ്യം ഇല്ലാതായി. വയലൻസ് രംഗങ്ങളുള്ള സിനിമയിലേക്കു കൗതുകങ്ങൾ ചേക്കേറിയ പുതിയ തലമുറയാണു നമ്മുടേത്. വലിയ സ്ക്രീനിൽ കൊലയും കൊള്ളയും കാണാൻ ആഗ്രഹിക്കുന്നവരാണ് കെജിഎഫും പുഷ്പയും ആർആർആറും വിജയമാക്കിയത്. കൊവിഡിനുമുമ്പ് തിയേറ്ററുകളെ നിറച്ച ചില സിനിമകൾ നോക്കൂ. അഞ്ചാം പാതിരായും ഫോറൻസിക്കുംപോലെയുള്ള സിനിമകൾ സൈക്കിക് പ്രശ്നങ്ങളുടെ പേരിലാണെങ്കിലും വയലൻസായിരുന്നു കൈകാര്യം ചെയ്തിരുന്നത്. വയലൻസ് എന്ന പേരിൽത്തന്നെ ഒരു മലയാളസിനിമ പുറത്തിറങ്ങിയിരുന്നു. ചിത്രത്തിലെ രംഗങ്ങളുടെ അതിപ്രസരംമൂലം സ്റ്റോപ്പ് വയലൻസ് എന്ന് ചിത്രത്തിന് പിന്നീട് പേരു മാറ്റേണ്ടിവന്നു. അക്രമാസക്തമായ സിനിമകൾ തുടർച്ചയായി കാണുമ്പോൾ അതു കുട്ടികളിലും കൗമാരക്കാരിലും നിഷേധാത്മകമായ പ്രവണതകൾക്കു വഴിതെളിക്കുന്നുവെന്ന് ചില പഠനങ്ങൾ പറയുന്നുണ്ട്. ആക്രമണസ്വഭാവവും ദേഷ്യപ്രകൃതിയും ഇത്തരത്തിലുള്ള സ്വഭാവവൈചിത്ര്യത്തിന്റെ തീരെ ചെറിയ പ്രതികരണങ്ങളാണ്. കൊളംബിയയിലെ മെഡിക്കൽ സെന്റേഴ്സ് ഫങ്ഷണൽ മാഗ്നെറ്റിക് റിസോണൻസ് ഇമേജിങ് റിസേർച്ച് സെന്റർ നടത്തിയ പഠനം പറയുന്നത് വയലന്റ് രംഗങ്ങൾ അടങ്ങിയ സിനിമ കാണുന്നത് തലച്ചോറിനെ പ്രതികൂലമായി ബാധിക്കുന്നുവെന്നാണ്. ■

# യുദ്ധം അതിർത്തിക്കപ്പുറത്തേക്ക്

## ലോകം ആശങ്കയിൽ



തോമസ് കുഴിഞ്ഞാലിൽ

യൂറോപ്പിലെ പുതിയ സംഭവവികാസങ്ങൾ മൂന്നാം ലോകമഹായുദ്ധത്തിലേക്കു വഴുതിവീണേക്കാമെന്നു പല ലോകരാജ്യങ്ങളും മുന്നറിയിപ്പു നൽകിയിട്ടു നാളുകൾ കഴിഞ്ഞു. യുക്രെയ്നിലേക്കുള്ള റഷ്യൻ അധിനിവേശം രണ്ടര മാസം പൂർത്തിയാക്കാൻ ദിവസങ്ങൾ മാത്രം ബാക്കിയുള്ളപ്പോൾ ഇത്തരം മുന്നറിയിപ്പുകൾ അവഗണിച്ചുകൂടാത്തവയാണ്.

ജർമനിയിലെ റംസ്റ്റെയ്നിലുള്ള വ്യോമതാവളത്തിൽ 40 രാജ്യങ്ങളെ പ്രതിനിധീകരിച്ചെത്തിയവർ യുക്രെയ്നു കൂടുതൽ ആയുധങ്ങൾ നല്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ തുടങ്ങുന്നതിനു തൊട്ടുമുമ്പ് റഷ്യൻ വിദേശകാര്യമന്ത്രി സെർജി ലാവ്റോവ് മോസ്കോയിൽ പറഞ്ഞതിപ്രകാരമായിരുന്നു: “വളരെ ആപത്കരമായ അവസ്ഥയാണു നിലനില്ക്കുന്നത്. സ്ഫോടനാത്മകമായ ഈ അവസ്ഥയെ ലാഘവബുദ്ധിയോടെ കാണുന്നതാണ് ഏറെ അപകടകരം. ആയുധങ്ങൾ നല്കി യുക്രെയ്നെ സഹായിക്കുന്ന നാറ്റോ അംഗരാജ്യങ്ങൾ റഷ്യയോടാണു യുദ്ധം ചെയ്യുന്നത്. ഇത്തരം നീക്കങ്ങൾ മൂന്നാം ലോകമഹായുദ്ധത്തിലാകും അവസാനിക്കുക.” യുക്രെയ്നെ സഹായിക്കാൻ വിമുഖരായിരുന്ന ജർമനി, വിമാനവേധമിസൈലുകൾ വഹിക്കുന്ന അത്യന്താധുനിക ടാങ്കുകൾ നല്കുന്നത് തങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ലാവ്റോവ് കൂട്ടിച്ചേർത്തു. മോസ്കോയിലെത്തിയ യു.എൻ. സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറെസ് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനെ സന്ദർശിക്കുന്നതിനു മുൻപായിരുന്നു ലാവ്റോവിന്റെ പ്രതികരണം. 1962 ലെ ക്യൂബൻ പ്രതിസന്ധിയുമായി ഇപ്പോഴത്തെ സാഹചര്യങ്ങളെ തുലനം ചെയ്യാനാകുമോയെന്നും ഒരു ലോകമഹായുദ്ധത്തിലേക്കു കാര്യങ്ങൾ നീങ്ങുമോയെന്നുമുള്ള മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്കു മറുപടി നൽകുകയായിരുന്നു അദ്ദേഹം. മോസ്കോയിലും പിന്നീട് കീവിലും സന്ദർശനം നടത്തിയ ഗുട്ടെറെസ് ഇരുരാജ്യങ്ങളും അടിയന്തരമായി വെടിനിറുത്തണമെന്നും ക്രിയാത്മകമായ സന്ധിസംഭാഷണങ്ങളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ട ശേഷം ന്യൂയോർക്കിലേക്കു മടങ്ങി.

**യുദ്ധം അതിർത്തി കടക്കുന്നു**

നാറ്റോയിൽ അംഗത്വം തേടുന്ന ഫിൻലൻഡിന്റെ അതിർത്തിയിലേക്കു സൈന്യത്തെ അയച്ച റഷ്യയുടെ നടപടിയാണ് യുക്രെയ്നു പുറത്തേക്കു യുദ്ധം വ്യാപിക്കുകയാണെന്ന ഭീതി ആദ്യം ജനിപ്പിച്ചത്. അയൽരാജ്യമായ ഫിൻലൻഡിനൊപ്പം നാറ്റോ സൈനികസഖ്യത്തിൽ ചേരാനിരിക്കുന്ന സ്വീഡനെ ഭയപ്പെടുത്തിനിറുത്താനും, സോവിയറ്റ് യൂണിയനിൽനിന്നു വേർപെട്ടുപോയ ലിത്വാനിയ, ലാത്വിയ, എസ്റ്റോണിയ എന്നീ ബാൾട്ടിക് രാജ്യങ്ങളെ തിരിച്ചുപിടിക്കാനും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ സൈനികനീക്കമെന്നാണു പൊതുവേയുള്ള വിലയിരുത്തൽ.



യുക്രെയ്ൻ അതിർത്തിക്കപ്പുറം റഷ്യൻ ഭൂപ്രദേശത്തുള്ള ബ്രയാൻസ്ക് മേഖലയിലെ ഇന്ധനശാലയിലും ആയുധപ്പുരയിലുമുണ്ടായ വൻ അഗ്നിബാധ ശത്രുവിന്റെ ആക്രമണം മൂലമാണെന്ന റഷ്യയുടെ ആരോപണം യുദ്ധം വ്യാപിക്കുകയാണെന്ന പ്രതീതി ജനിപ്പിച്ചിട്ടുണ്ട്.

അവിഭക്ത സോവിയറ്റ് യൂണിയന്റെ ഭാഗമായിരുന്ന മൊൾഡോവയുടെ തെക്കൻ പ്രവിശ്യയായ ട്രാൻസ്ഡ്നിയെസ്ടെറിൽ റഷ്യൻ സൈന്യം മിസൈൽ വർഷിച്ചത് ആശങ്കയുണർത്തിയ സംഭവമാണ്. 1992 മുതൽ റഷ്യൻ അനുകൂലവിമതരുടെ നിയന്ത്രണത്തിലുള്ള ഈ പ്രദേശത്ത് അന്നു മുതൽ റഷ്യൻ സൈനികരുടെ സാന്നിധ്യമുണ്ട്. റൊമേനിയയുടെ അതിർത്തിയോടു ചേർന്നുകിടക്കുന്ന ഈ പ്രവിശ്യ പൂർണമായും കൈവശപ്പെടുത്തിയാൽ അസോവ്കടൽ മുതൽ റൊമേനിയ വരെയുള്ള കരിങ്കടലിന്റെ വടക്കൻതീരം മുഴുവൻ റഷ്യയുടെ നിയന്ത്രണത്തിലാകും. ട്രാൻസ്ഡ്നിയെസ്ടെറിൽ കടന്നുകയറിയ റഷ്യൻ സൈന്യത്തെ നേരിടാൻ മൊൾഡോവയുടെ അതിർത്തിയിലേക്കു സൈന്യത്തെ വിന്യസിച്ചതായി യുക്രെയ്ൻ വൃത്തങ്ങൾ അറിയിച്ചു.

നാറ്റോ അംഗരാജ്യങ്ങളായ പോളണ്ടിനും ബൾഗേറിയയ്ക്കുമുള്ള പ്രകൃതിവാതകം നൽകുന്നത് നിരോധിച്ചുകൊണ്ടുള്ള റഷ്യയുടെ തീരുമാനം മറ്റൊരു പ്രധാന സംഭവവികാസമാണ്. പ്രകൃതിവാതകത്തിന്റെ വില റഷ്യൻ കറൻസിയായ റൂബിളിൽ നൽകണമെന്ന പുടിന്റെ ആവശ്യം രണ്ടു രാജ്യങ്ങളും നിരാകരിച്ചതാണ് പ്രധാന കാരണം. യുക്രെയ്ൻ അധിനിവേശത്തെ എതിർക്കുന്ന യൂറോപ്യൻ യൂണിയനിലെ 27 രാജ്യങ്ങളും റഷ്യയുടെ ഈ തീരുമാനത്തിൽ ഭയചകിതരാണ്. റഷ്യൻ എണ്ണയുടെയും പ്രകൃതിവാതകത്തിന്റെയും പ്രധാന വിപണി യൂറോപ്യൻ രാജ്യങ്ങളാണ്. റഷ്യയിൽനിന്നുള്ള ഇന്ധന ഇറക്കുമതി വർദ്ധിപ്പിക്കേണ്ടത കുറഞ്ഞ നിരക്കിൽ ഇന്ധനലഭ്യത ഉറപ്പാക്കാൻ അനിവാര്യമായിരിക്കേയുള്ള റഷ്യയുടെ തീരുമാനം വലിയ തിരിച്ചടിയാകും. കപ്പലുകളിലൂടെയും പൈപ്പുകളിലൂടെയും റഷ്യയിൽനിന്ന് പ്രതിദിനം 25 ലക്ഷം ബാരൽ ക്രൂഡ് ഓയിൽ യൂറോപ്പിലെത്തുന്നുണ്ട്. തങ്ങളുടെയിടയിൽ ഭിന്നത സൃഷ്ടിക്കാനുള്ള റഷ്യയുടെ ആസൂത്രിതനീക്കങ്ങളാണ് ഈ തീരുമാനത്തിനു പിന്നിലുള്ളതെന്നു യൂറോപ്യൻ രാഷ്ട്രത്തലവന്മാരും നിരീക്ഷകരും അഭിപ്രായപ്പെട്ടു.




യുക്രെയ്ൻ യുദ്ധം അവസാനിക്കുംമുമ്പ് ‘ആർ.എസ്. 28 സർമാറ്റ്’ എന്ന ശക്തമായ ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ റഷ്യ പരീക്ഷിച്ചത് ആശങ്കയുണർത്തി. സാത്താൻ-2 എന്നും അറിയപ്പെടുന്ന മിസൈലിനു ലോകത്ത് ഏതൊരു ലക്ഷ്യവും തകർക്കാനുള്ള ശേഷിയുണ്ടെന്നാണ് പുടിന്റെ അവകാശവാദം. നിലവിലുള്ള യാതൊരു പ്രതിരോധസംവിധാനവും ഈ മിസൈലിനെ തടയാൻ പര്യാപ്തമല്ലെന്നും അദ്ദേഹം പറയുന്നു. ആണവായുധം വഹിക്കാൻ കഴിയുന്ന സർമാറ്റ് -28 ന്റെ ദൂരപരിധി 18,000 കിലോമീറ്ററാണ്. റഷ്യ, ചൈന, യു.എസ്., ഫ്രാൻസ്, ബ്രിട്ടൻ, ഉത്തര കൊറിയ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളുടെ കൈവശമാണ് ഇപ്പോൾ ഐസിബിഎമ്മുകൾ ഉള്ളത്. നിർമാണത്തിലിരിക്കുന്ന ഇന്ത്യയുടെ അഗ്നി-6 മിസൈലിന്റെ പ്രഹരശേഷി 12,000 കിലോമീറ്ററാണ്. വിവിധ രാജ്യങ്ങൾ നടത്തുന്ന മിസൈൽപരീക്ഷണങ്ങളും വികസനങ്ങളും വലിയ തോതിലുള്ള ആയുധമത്സരങ്ങൾക്കും പ്രതിസന്ധികൾക്കും വഴി തുറക്കുമെന്നു യുദ്ധരംഗത്തെ വിദഗ്ധർ പറയുന്നുണ്ട്. ഐസിബിഎമ്മുകൾ ഇതുവരെ ഒരു യുദ്ധത്തിലും ഉപയോഗിച്ചിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

**നിസ്സഹായനായി കേഴുന്ന സെലെൻസ്കി**

സ്വന്തം രാജ്യം കിരാതനായ ശത്രുവിന്റെ കരാളഹസ്തങ്ങളാൽ തകർന്നടിയുന്നതും, പതിനായിരങ്ങളുടെ ജീവൻ പൊലിയുന്നതും, ലക്ഷങ്ങൾ പലായനം ചെയ്യുന്നതും കണ്ടുനില്ക്കുന്ന യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി പാശ്ചാത്യ രാജ്യങ്ങളോട് ആളും അർത്ഥവും നൽകി സഹായിക്കണമെന്ന് അപേക്ഷിക്കുന്നതു സ്വാഭാവികം മാത്രമാണ്. യു.എസ്. സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ളിങ്കനും പ്രതിരോധ സെക്രട്ടറി ലോയ്ഡ് ആസ്റ്റിനും തന്നെ സന്ദർശിക്കാനെത്തുംമുമ്പു നടത്തിയ അഭിമുഖത്തിൽ അദ്ദേഹത്തിന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുകയും ചെയ്തു: “ഞങ്ങളുടെ രാജ്യത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള ആയുധങ്ങൾ നൽകാൻ യു.എസിനോടും സഖ്യരാഷ്ട്രങ്ങളോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. വെറുംകൈയോടെ ആരും ഇവിടേക്കു വരണമെന്നില്ല. സമ്മാനപ്പൊതികളും കേക്കുകളുമല്ല ഞങ്ങൾക്കു വേണ്ടത്; പിന്നെയോ, ശത്രുവിനെ തുരത്താനുള്ള ആയുധങ്ങളും, ജനങ്ങൾക്കാവശ്യമായ ഭക്ഷണവും വെള്ളവും, മുറിവേറ്റവർക്കുള്ള മരുന്നുകളുമാണ്.” അമേരിക്കൻ പ്രതിനിധിസംഘത്തെ നേരിൽക്കണ്ടപ്പോൾ വെടിക്കോപ്പുകളും, ടാങ്കുകളും, വിമാനവേധമിസൈലുകളും, ഹെലികോപ്ടറുകളും, യുദ്ധവിമാനങ്ങളും അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തു.

യുദ്ധത്തിൽ തകർന്നടിഞ്ഞ യുക്രെയ്നെ സഹായിക്കേണ്ടതിന്റെ ആവശ്യകത യു.എസ്. കോൺഗ്രസിനെ ബോധ്യപ്പെടുത്തിയ പ്രസിഡന്റ് ജോ ബൈഡൻ 3,300 കോടി യു.എസ്. ഡോളറിന്റെ ധനസഹായമാണു പ്രഖ്യാപിച്ചത്. ഇതിൽ 2,000 കോടി ഡോളർ സൈനികസഹായവും, 850 കോടി സാമ്പത്തിക സഹായവും, ശേഷിക്കുന്ന തുക ഭക്ഷണാവശ്യങ്ങൾക്കും മരുന്നിനും പുനരുദ്ധാരണപ്രവർത്തനങ്ങൾക്കുമായി നല്കും. മൂന്നു ദിവസംമുമ്പ് കീവിൽ സന്ദർശിക്കാനെത്തിയ യു.എസ്. ജനപ്രതിനിധിസഭാസ്പീക്കർ നാൻസി പെലോസിയും സംഘവും 1,360 കോടി യു.എസ്. ഡോളറിന്റെ സൈനികസഹായംകൂടി ലഭ്യമാക്കാനുള്ള ബിൽ തയ്യാറാക്കിക്കഴിഞ്ഞതായി അറിയിച്ചു. ■

കഥ

# അതിർത്തിയും കടന്ന്



നിഷ ആന്റണി

വേനൽച്ചൂടു പൊള്ളിച്ച മേൽക്കൂരയ്ക്കു ചോട്ടിലിരുന്ന് ജോസഫ് എന്ന സുഹൃത്ത് നല്കിയ പൈസയോടൊപ്പം നാളെ കൊടുത്തുതീർക്കാനുള്ള കടങ്ങളുടെ നിഘണ്ടു എഴുതിക്കൊണ്ടിരിക്കുമ്പോൾ രാമനാഥന്റെ കണ്ണിൽനിന്ന് ഒരു തുള്ളി കണ്ണുനീർ ഉരുണ്ടു വീണു കടങ്ങളുടെ മീതെ പരന്നു കിടന്നു. ആരും പരിഗണിക്കാനില്ലാത്ത നീർത്തുള്ളിയെ അയാൾ വിരൽത്തുമ്പുകൊണ്ട് തട്ടിക്കുടഞ്ഞു.

പൈസയും ലിസ്റ്റുമടങ്ങിയ കവർ മേശയ്ക്കുള്ളിൽ നിക്ഷേപിച്ചശേഷം വളരെ നാളായി കുഴഞ്ഞുമറിഞ്ഞു കെട്ടിക്കിടന്നിരുന്ന ദീർഘനിശ്വാസത്തെ രാമനാഥൻ പതിയെ പുറത്തേക്കു വിട്ടു.

രത്ന ഇനിയും ഉറങ്ങാൻ വന്നിട്ടില്ല. ബലപ്പെടുത്താൻ ശ്രമിക്കുന്തോറും ഇഴയറ്റുപോകുന്ന കട്ടിലിലെ ചുളിവില്ലാത്ത വിരിപ്പിലേക്ക് അയാൾ കിടന്നു. കുറച്ചു ദിവസങ്ങളായുള്ള അവളുടെ പരാതിക്ക് ഇപ്പോഴാണു പരിഹാരം കണ്ടെത്താൻ സാധിച്ചത്.

നാളെയെങ്കിലും രത്നയുടെ തേച്ചുമോറിയ മുഖം കാണാമല്ലോ എന്ന കനത്ത സ്വാസ്ഥ്യം അയാളുടെ ഉൾച്ചൂടിനെ തണുപ്പിച്ചു. അവശത പിടിച്ച ചിന്തകൾക്കിടയിൽ അതിഥിയായി മാത്രം വരുന്ന ഉറക്കത്തെ കൺപോളകൾക്കിടയിലേക്കു വിളിച്ചു കയറ്റി കൺപീലികൾകൊണ്ട് രാമനാഥൻ പുതപ്പിച്ചുറക്കി.

പിറ്റേന്നു പുലർച്ചെ പതിവിനു വിപരീതമായി രത്ന നല്കിയ പുഞ്ചിരിയിട്ട ചായയിൽ അന്നത്തെ ദിവസം ഉന്മേഷത്തോടുകൂടി രാമനാഥനോടൊപ്പം ഒരുങ്ങിയിറങ്ങി.

"ആശുപത്രിയിൽ പോയി അമ്മയെ കണ്ടുവന്നശേഷം നമുക്കിറങ്ങാം. ഒട്ടും വൈകില്ല. പന്ത്രണ്ടു മണി. നീ റെഡിയായി നിന്നോളൂ."

ചിരിക്കാൻ ശ്രമിച്ചു തെല്ലു പരാജയപ്പെട്ട മുഖത്തോടെ ചെരുപ്പുകൾ കാലിലേക്കു വലിച്ചുകയറ്റുന്നതിനിടയിൽ അയാൾ രത്നയോടു പറഞ്ഞു.

തന്റെ ആത്മവിശ്വാസം കുറഞ്ഞുതുടങ്ങിയിരിക്കുന്നു. ഇന്നു ചുരുളഴിയുന്ന നാടകത്തിലെങ്കിലും അബദ്ധം പറ്റാതെ നോക്കണം.

രാമനാഥൻ നടന്നു.

സമൂഹത്തിന്റെ തിരക്കുകളിലൂടെ നടന്ന് ഉഷ്ണിക്കുമ്പോൾ റോഡൊരു വിഷബാധയേറ്റ കറുത്ത നദിപോലെ അയാൾക്കു മുന്നിലിഴഞ്ഞു.

ഇരുചക്രവാഹനത്തിന്റെ പരമാവധി വേഗത്തിൽ രാമനാഥൻ അമ്മ കിടന്നിരുന്ന ആശുപത്രിയിലെത്തി.

മൂന്നു പൊതികളിലായി വാങ്ങിയ ഓറഞ്ചും മുന്തിരിയും ആപ്പിളും മേശമേൽ വച്ചപ്പോൾ അമ്മ അദ്ഭുതത്തോടെ നോക്കി. അടുത്തു ചെന്നിരുന്നപ്പോൾ പഞ്ഞിച്ചൂടുള്ള ഒരു കൈ തന്റെ വിരലുകളെ വിറയലോടെ പരതുന്നത് അയാളറിഞ്ഞു.

"മോനു ശമ്പളം കിട്ടിയോ?"

അമ്മയോടു നുണ പറയാൻ തോന്നിയില്ല.

"ഇല്ലമ്മേ..."

സ്പാർക്കിന്റെ കുരുക്കിൽ മൂന്നു മാസമായി അകപ്പെട്ടു കിടന്ന തന്റെ ശമ്പളത്തെക്കുറിച്ചാണ് അമ്മയുടെ ചോദ്യം.

ആശുപത്രിച്ചെലവുകൾക്കുള്ള തുക പെങ്ങളെ ഏല്പിച്ചു മടങ്ങുമ്പോൾ ശമ്പളത്തോടൊപ്പം കുരുങ്ങിപ്പോയ തന്റെ ജീവിതത്തിന്റെ ബില്ലും ആരെങ്കിലും ഒപ്പിട്ടു പാസ്സാക്കിയിരുന്നെങ്കിലെന്ന് അയാളോർത്തു.

കാൽനടക്കാർ മാത്രം അപഹരിച്ച കിളിയൊച്ചകളില്ലാത്ത മരത്തണലിനു താഴെ സ്കൂട്ടി ഒതുക്കി രാമനാഥൻ കടയിലേക്കു കയറി.

സ്ത്രീകൾക്കുവേണ്ടി മാത്രം തുറക്കപ്പെടുന്ന ഇത്തരം കടകൾ ചില സമയങ്ങളിലെങ്കിലും പുരുഷൻമാർക്കും വേണ്ടത്ര സമാധാനം കൊടുക്കുമെന്ന് അന്നയാൾക്കു തോന്നി.

മറ്റാരും തന്നെ കാണരുതേ എന്ന പ്രാർത്ഥനയിൽ ചുളുങ്ങിച്ചുരുണ്ട് രാമനാഥൻ കടക്കാരനോടു ചോദിച്ചു:

"സാധനം റെഡിയായോ?"

"സാർ, ഒരു മിനിറ്റ്."

മേശവലിപ്പിൽനിന്ന് ഒരു ചുവന്ന ബോക്സ് വലിച്ചെടുത്ത് കടക്കാരൻ തുറന്നു.

"പാകമാണോന്നു നോക്കൂ സർ."

പഴയതിനെക്കാൾ തിളക്കത്തിൽ അത് തന്റെ കൈവിരലുകളിൽ ഇറുകിയപ്പോൾ രാമനാഥൻ കടക്കാരനോടു ചോദിച്ചു:

"ഒരു വർഷത്തേക്ക് ഉറപ്പായിട്ടും ഗ്യാരണ്ടി ഉണ്ടല്ലോ അല്ലേ?"

"തീർച്ചയായും സർ."

ആത്മവിശ്വാസത്തോടെയുള്ള അയാളുടെ വാക്കുകൾ രാമനാഥനെ സമാധാനിപ്പിച്ചു.

സമയം പതിനൊന്നു മണിയാകുന്നു. പോകുന്നവഴി പലചരക്കുകടയിൽ കയറി. രണ്ടു മാസമായി കൊടുക്കാൻ ബാക്കിനിന്നിരുന്ന പൈസ കൊടുത്തപ്പോൾ ദിവാകരനും ചോദിച്ചു:

"ശമ്പളം കിട്ടിയോ സർ?"

മറുപടി പറഞ്ഞില്ല.

ഈ ചോദ്യം അവളൊരിക്കലെങ്കിലും ചോദിച്ചിരുന്നെങ്കിൽ തന്റെ രക്തസമ്മർദം മുപ്പതുകളിലെപ്പോലെ ഈ പ്രായത്തിലും തുടരുമായിരുന്നു. മുടിയിഴകൾ വസ്ത്രമൂരി നഗ്നരാവില്ലായിരുന്നു.

രത്ന ഇപ്പോൾ കുളിച്ചൊരുങ്ങാൻ തുടങ്ങിയിട്ടുണ്ടാവും. നേരത്ത് എത്തണം. പുറത്തേക്ക് ഒരുമിച്ചിറങ്ങുമ്പോൾ ഇന്നെങ്കിലും അവളുടെ കൈ തന്റെ പനിക്കുന്ന ശരീരത്തിനുമേൽ ചുറ്റിപ്പിടിക്കണം.



വീടിനടുത്തു വണ്ടിയൊതുക്കിയപ്പോൾ രാമനാഥനു ദാഹിച്ചു. എങ്കിലും രത്ന പതിവിലേറെ സന്തോഷത്തിൽ ഉടുത്തൊരുങ്ങി നില്ക്കുന്നതു കണ്ടപ്പോൾ ഒട്ടും വൈകാതെ അവളെയുംകൊണ്ട് അയാൾ നഗരത്തിലെ സുഹൃത്തിന്റെ കടയിലേക്കു പുറപ്പെട്ടു.

ജുവലറിയിലേക്കു കയറിയപ്പോൾ സന്തോഷം തിന്നതുകൊണ്ടായിരിക്കാം. അവളുടെ ചുണ്ട് ചിരിച്ചു പകുതി തുറന്നിരുന്നു.

'അക്ഷയതൃതീയ ഓഫറിനു മുന്നിലേക്കു മഞ്ഞനിറത്തിൽ പുഞ്ചിരിച്ചു രത്നയിരുന്നപ്പോൾ മദ്യത്തെക്കാൾ ലഹരി ലോകത്തു പലതിനുമുണ്ടെന്നു രാമനാഥൻ കണ്ടെത്തി.

"ചേച്ചിക്കു വേണ്ടത് എടുത്തോളൂ... ഇന്നു വമ്പിച്ച ഓഫറാണ്."

വിവിധതരം കമ്മലുകളുടെ അളുക്ക് അവളുടെ മുന്നിലേക്കു നീക്കിവച്ചുകൊണ്ടു സെയിൽസ്മാൻ പറഞ്ഞു. ഇഷ്ടമുള്ളതു തിരഞ്ഞെടുക്കാൻ അവൾ പണിപ്പെടുന്നതുപോലെ തോന്നി.

"രാമേട്ടൻ പറയൂന്നേ... ഏതാ എടുക്കണ്ടത്?"

മറുപടി പറഞ്ഞില്ലെങ്കിൽ വിളിയിലുള്ള മധുരം തീർന്നു പോകുമോ എന്നോർത്തയാൾ രണ്ടു ചെറിയ കമ്മലിനു നേർക്കു കൈ ചൂണ്ടി.

"അതിട്ടാൽ കാണാനുണ്ടോ? എനിക്കിതു മതി." രണ്ടു വലിയ ജിമുക്കികൾ അവൾ സെയിൽസ്മാനെ ഏല്പിച്ചു.

വെയിറ്റിങ് റൂമിലിരുന്ന് ആവി പറക്കുന്ന ഒരു കപ്പു കാപ്പി ഭയത്തോടെ ഊതിക്കുടിക്കുമ്പോൾ രത്നയുടെ ഫോൺ ശബ്ദിച്ചു.

"ആ... രമേ ഞാൻ കല്യാണിലാ..."

"അക്ഷയതൃതീയ ആയതോണ്ട് സ്വർണമെടുക്കണംന്ന് രാമേട്ടന് ഒരേ നിർബന്ധം. എന്നാൽമാത്രേ ഐശ്വര്യമുണ്ടാവൂന്ന്. പിന്നെ ഞാനങ്ങു സമ്മതിച്ചു. വന്നിട്ട് കാണാട്ടോ...."

ഒരു കുടുംബകലഹംകൂടി മനസ്സിൽ കണ്ട രാമനാഥൻ ഭാര്യയോടു ഫോൺ സംസാരം നിർത്തി വരാൻ ആംഗ്യം കാണിച്ചു.

"ബിൽ സെക്ഷനിൽ തിരക്കാണ്. സമയമെടുക്കും. നീ പോയി ഒരു സാരി എടുത്തോ." ഭർത്താവിന്റെ പെട്ടെന്നുള്ള സ്നേഹത്തിൽ രത്നയ്ക്ക് അതിശയം തോന്നിയെങ്കിലും ഒട്ടും മടിക്കാതെ രാമനാഥൻ നൽകിയ നോട്ടുകൾ രത്ന വാങ്ങി.

"കഴിയുമ്പോ വിളിച്ചാൽ മതി." അയാൾ പറഞ്ഞു.

ചുറ്റുപാടും ഇളിച്ചുനോക്കുന്ന മഞ്ഞലോഹങ്ങൾക്കിടയിൽക്കൂടി നടന്ന് ബിൽ സെക്ഷനിലെ സി.സി.ടി.വിക്കു മുന്നിലിരുന്ന ആത്മാർത്ഥസുഹൃത്തിന്റെ അടുത്ത് എത്തിയപ്പോൾ അതൃപ്തിയുടെ ചെറിയ രോഷപ്രകടനങ്ങൾ രാമനാഥനിൽനിന്നു പുറപ്പെട്ടു.

"ജോസഫേ, രണ്ടു ഗ്രാം മാത്രമുള്ള കമ്മലുകൾ മാത്രമേ കാണിക്കാവൂ എന്നൊറ്റ ഉറപ്പിൻമേലാണ് ഞാൻ നിന്റെ കടയിൽത്തന്നെ വന്ന് കച്ചവടമുറപ്പിച്ചത്. ഇതിപ്പോ അരപ്പവന്റെ ജിമുക്കയാണ്."

"അതിനിപ്പോ എന്തു പറ്റി രാമാ? ഇന്നലെ നീ പറഞ്ഞ പൈസ മുഴുവൻ ഞാൻ മുൻകൂർ തന്നില്ലേ? ആശുപത്രിയിലെ കാര്യങ്ങളൊക്കെ നടന്നില്ലേ. തന്റെ മോതിരം ഒരു പവനടുത്തുണ്ട്. ഇന്നത്തെ ഓഫറും കഴിഞ്ഞ് ബാക്കി നല്ലൊരു തുക തനിക്ക് കീശേൽ വയ്ക്കാൻ കിട്ടൂടോ."

"താനൊരു പുരോഗമനവാദിയായിട്ടും ഇത്തരം ദുരാചാരങ്ങൾക്കു കൂട്ടുനിൽക്കുന്നുണ്ടല്ലോടോ, മനുഷ്യനെ സ്വൈരം കെടുത്താൻ."

"അതിർത്തികൾ കടന്നുവന്ന ഇത്തരം ദുരാചാരങ്ങളാടോ ഞങ്ങളെപ്പോലുള്ള കച്ചവടക്കാരുടെ കീശ വീർപ്പിക്കുന്നത്."

"ആ, താൻ മോതിരം ഊര്..."

കുറെ നാളായി അർത്ഥം നിലച്ച ശൂന്യതയുടെ ഒരു വളയം മാത്രമാണു താനിപ്പോൾ വിൽക്കുന്നതെന്നു മനസ്സിനെ വീണ്ടും പറഞ്ഞു പഠിപ്പിച്ചുകൊണ്ടു വിവാഹമോതിരം ഊരി ജോസഫിനു കൊടുത്തപ്പോൾ ഹൃദയം വല്ലാതുലയുന്നതു രാമനാഥനറിഞ്ഞു.

ചങ്കു നീറുന്ന നൊമ്പരത്തെ വകവയ്ക്കാതെ അയാൾ പാന്റ്സിന്റെ പോക്കറ്റിൽനിന്നു തിളക്കമേറിയ വൺ ഗ്രാം ഗോൾഡിന്റെ 'രത്ന' എന്നു പേരെഴുതിയ മോതിരമെടുത്ത് വിരലിലണിഞ്ഞ് തല കുനിച്ചിരുന്നു.

ജോസഫിന്റെ കണക്കുകൾ കേട്ട് മിച്ചം വന്ന തുകയുമായി രാമനാഥനെണീറ്റു വേനൽവരൾച്ചയിലെ മുഖം കലിപ്പിച്ചു നിന്ന പകലിലേക്കിറങ്ങി. നടന്നുനടന്ന് അയാൾ വഴിയോരത്തെ കണ്ണടകൾ വിൽക്കുന്ന കടയിലെത്തി.

"എന്താ സർ വേണ്ടത്?"

"എനിക്ക് മുരുകൻ കാട്ടാക്കടയുടെ ഒരു കണ്ണട വേണം."

അന്ധാളിച്ചു നിൽക്കുന്ന വില്പനക്കാരന്റെ മുഖത്തേക്കു നോക്കി രാമനാഥൻ വീണ്ടും ആവശ്യപ്പെട്ടു:

"കണ്ണട തരൂ..."

ദീപനാളം

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

ഒരിക്കലും പാപം ചെയ്യാതെ നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ഈ ഭൂമുഖത്തില്ല.

സഭാപ്രസംഗകൻ 7:20

**എഡിറ്റോറിയൽ**

# ഊർജപ്രതിസന്ധിക്കു പരിഹാരമുണ്ടാകണം

ഊർജ്ജപ്രതിസന്ധിയിൽ മുമ്പെങ്ങുമില്ലാത്തവിധം ഭീഷണമായ അവസ്ഥയിലൂടെ കടന്നുപോവുകയാണ് നമ്മുടെ രാജ്യം. അസഹനീയമായ ചൂടിൽ വൈദ്യുതിയുപയോഗം കുതിച്ചുയരുകയും കൽക്കരിക്ഷാമം രൂക്ഷമാവുകയും ചെയ്തതോടെയാണു രാജ്യമൊട്ടാകെ വൈദ്യുതിക്ഷാമം ഉണ്ടായത്.

കൽക്കരിക്ഷാമം പരിഹരിക്കാൻ കേന്ദ്രസർക്കാർ ഊർജിതനടപടി തുടങ്ങിയെങ്കിലും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഊർജപ്രതിസന്ധിക്കു കാര്യമായ മാറ്റമുണ്ടായില്ല. ഡൽഹി, പഞ്ചാബ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ താപവൈദ്യുതനിലയങ്ങളെ കൽക്കരിക്ഷാമം ഗൗരവമായി ബാധിച്ചിട്ടുണ്ട്. ഊർജനിലയങ്ങളിൽ കൽക്കരിയെത്തിക്കുന്ന ചരക്കുവണ്ടികൾക്കു ഗതാഗതമൊരുക്കാൻ 42 ട്രെയിനുകളുടെ 753 ട്രിപ്പുകൾ മേയ് 25 വരെ റെയിൽവേ റദ്ദാക്കി. ഛത്തീസ്ഗഢ്, ഒഡിഷ, മധ്യപ്രദേശ്, ഝാർഖണ്ഡ് സംസ്ഥാനങ്ങളിലെ തീവണ്ടികളാണ് റദ്ദാക്കിയവയിലധികവും. ദിവസവും 1.85 ലക്ഷം ടൺ കൽക്കരി നൽകുമെന്ന് സെൻട്രൽ കോൾഫീൽഡ് ലിമിറ്റഡ് ചെയർമാൻ അറിയിച്ചിരിക്കുന്നു. മൊത്തം വൈദ്യുതിയാവശ്യം 2.07 ലക്ഷം മെഗാവാട്ടായി വർദ്ധിച്ചതോടെയാണു പലയിടങ്ങളും ഇരുട്ടിലായത്.

ഇതരസംസ്ഥാനങ്ങളുടെയത്ര പ്രതിസന്ധി കേരളത്തിനുണ്ടാകില്ലെങ്കിലും, കൽക്കരിക്ഷാമം കുറേ മാസങ്ങളിലേക്കെങ്കിലും രൂക്ഷമായി തുടരാനുള്ള സാധ്യതകൾ കണക്കിലെടുക്കുമ്പോൾ ആശങ്ക വിട്ടൊഴിയുന്നില്ല. നിർദിഷ്ട പാരമ്പര്യേതര ഊർജപദ്ധതികൾ പൂർത്തീകരിക്കാനും പുതിയവ ആസൂത്രണം ചെയ്യാനുമുള്ള ആർജവമാണ് സർക്കാർ ഈ പ്രതിസന്ധിഘട്ടത്തിൽ സ്വീകരിക്കേണ്ട ഊർജിതനടപടിയെന്ന കാര്യത്തിൽ തർക്കമില്ല.

വൈദ്യുതിയാവശ്യത്തിൽ സ്വയംപര്യാപ്തതയിലെത്താത്ത സംസ്ഥാനമെന്ന നിലയിൽ ഊർജോത്പാദനത്തിൽ കേരളത്തിനു വ്യക്തമായൊരു കാഴ്ചപ്പാടുണ്ടായേ തീരൂ. ലോകം മുഴുവനും പാരമ്പര്യേതര ഊർജോത്പാദനത്തിന്റെ നൂതനസാധ്യതകൾ കണ്ടെത്തുകയും പുതുവാതിലുകൾ തുറക്കുകയും ചെയ്യുമ്പോൾ നമ്മുടെ രാജ്യത്തിനും സംസ്ഥാനത്തിനും പുറകോട്ടു സഞ്ചരിക്കാനാവില്ല.

നിലവിൽ സംസ്ഥാനത്തിനാവശ്യമായതിന്റെ എഴുപതു ശതമാനം വൈദ്യുതിയും പുറമേനിന്നെത്തിക്കുകയാണ്. വൈദ്യുതി വാങ്ങാൻമാത്രം വൻതുകയാണു വർഷംതോറും സംസ്ഥാനം ചെലവിടുന്നത്. ജലവൈദ്യുതി പരമാവധി ഉത്പാദിച്ചാലും ആകെ ആവശ്യത്തിന്റെ മുപ്പതു ശതമാനമേ യാകുന്നുള്ളൂ. അപ്പോൾ, വരുംകാലങ്ങളിലെ വൈദ്യുതിയാവശ്യംകൂടി പരിഗണിച്ച് ഊർജോത്പാദനത്തിനു വ്യക്തമായ ഗൃഹപാഠം ചെയ്യണമെന്നു സാരം.

വീടുകൾക്കുമുകളിൽ സൗരോർജപ്ലാന്റുകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സൗരസബ്സിഡി പദ്ധതി 2020 ഫെബ്രുവരിയിൽ കെ.എസ്.ഇ.ബി. നടപ്പാക്കിയത്. ഇതുവരെ ഇ-കിരൺ പോർട്ടൽവഴി എഴുപതിനായിരത്തോളം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും, പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിൽ സാങ്കേതികതടസ്സങ്ങൾ കുറച്ചൊന്നുമല്ല ഉള്ളത്.

കേരളത്തിലെ പ്രതിദിന വൈദ്യുതിയുപയോഗം ശരാശരി തൊണ്ണൂറു ദശലക്ഷം യൂണിറ്റ് കടക്കുമ്പോഴും സോളാർ വൈദ്യുതിയുടെ പ്രതിദിനോത്പാദനം 41,200 യൂണിറ്റ് മാത്രമാണ്. കേരളത്തിൽ പത്തുലക്ഷത്തോളം വീടുകളിലെങ്കിലും പുരപ്പുറത്തു സൗരോർജസംവിധാനമൊരുക്കാൻ കഴിയുമെന്ന് പഠനറിപ്പോർട്ടുകൾ വർഷങ്ങൾക്കു മുമ്പേ പുറത്തുവന്നിരുന്നു. അങ്ങനെയെങ്കിൽ, ഇത്രയും വീട്ടുകാർക്ക് ആയിരം മെഗാവാട്ടെങ്കിലും വൈദ്യുതിയുത്പാദനം നടത്താനാകുമെന്നാണ് വിദഗ്ധാഭിപ്രായം. വരുംകാലങ്ങളിൽ സംസ്ഥാനം നേരിടുന്ന വൈദ്യുതിക്ഷാമം പരിഹരിക്കാൻ അനുയോജ്യമായ പദ്ധതിയായി ഇക്കാര്യം വിലയിരുത്തുമ്പോഴും, അതൊരു വിദൂരസ്വപ്നം മാത്രമാണെന്നു നിരീക്ഷിക്കുന്നവരും ഇല്ലാതില്ല.

ഹരിതോർജമിഷന്റെ ഭാഗമായി കേരളം അഞ്ചുവർഷം കൊണ്ട് മൂവായിരം മെഗാവാട്ട് സൗരോർജവൈദ്യുതി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നുവെന്ന് ഈ വർഷാരംഭത്തിൽ സർക്കാർ പറഞ്ഞിരുന്നു. മാത്രമല്ല, ഊർജപ്രതിസന്ധി നേരിടുന്ന ഈ വേളയിൽ ചെലവുകുറഞ്ഞ രീതിയിൽ സൗര, കാറ്റാടി വൈദ്യുതി കൂടുതലായി ലഭ്യമാക്കുമെന്ന് കെ.എസ്.ഇ.ബി. ആവർത്തിക്കുകയുമുണ്ടായി. പ്രതീക്ഷയോടെ കാത്തിരിക്കാം, മുടക്കമില്ലാത്ത വൈദ്യുതി ഇന്ത്യാമഹാരാജ്യത്ത്, പ്രത്യേകിച്ച്, നമ്മുടെ സംസ്ഥാനത്താകെ സംലഭ്യമാകുന്ന നല്ല നാളേക്കായി. ■

# സമാധാനത്തിനുവേണ്ടി അനുദിനം ജപമാല ചൊല്ലണമെന്ന് ഫ്രാൻസീസ് മാർപാപ്പാ



റോം: റഷ്യ യുക്രെയ്നുമേൽ നടത്തുന്ന അധിനിവേശങ്ങളിൽ വീണ്ടും ദുഃഖം പ്രകടിപ്പിച്ചും സമാധാനത്തിനായി എല്ലാ ദിവസവും ജപമാല ചൊല്ലാൻ വിശ്വാസികളോട് ആഹ്വാനവുമായി ഫ്രാൻസിസ് മാർപാപ്പ. മെയ് ഒന്നിന് ത്രികാലപ്രാർത്ഥനയ്ക്കുശേഷം സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ജനക്കൂട്ടത്തോടു സംസാരിച്ചപ്പോഴാണ് അനുദിന ജപമാലയർപ്പണത്തിന് ആഹ്വാനം ചെയ്തത്. സമാധാനത്തിനായി മേയ് മാസത്തിൽ എല്ലാ ദിവസവും ജപമാല ചൊല്ലാൻ വിശ്വാസികളെയും എല്ലാ സമൂഹങ്ങളെയും ക്ഷണിക്കാൻ താൻ ആഗ്രഹിക്കുകയാണെന്ന് പാപ്പാ പറഞ്ഞു.

യുക്രേനിയൻ ജനതയുടെ പ്രത്യേകിച്ച്, ദുർബലരുടെയും പ്രായമായവരുടെയും കുട്ടികളുടെയും ദുരിതങ്ങളെക്കുറിച്ചോർത്ത് ഏറെ ദുഃഖമുണ്ട്. കുട്ടികളെ പുറത്താക്കുകയും നാടുകടത്തുകയും ചെയ്യുന്ന ഭയാനകമായ റിപ്പോർട്ടുകൾപോലും പുറത്തുവരുന്നുണ്ടെന്നും പാപ്പാ പറഞ്ഞു. തന്റെ ചിന്തകൾ ദൈവമാതാവിന്റെ നഗരമായ മരിയുപോൾ നഗരത്തിലേക്കാണു പോകുന്നത്. അത് ക്രൂരമായി ബോംബെറിഞ്ഞു നശിപ്പിക്കപ്പെട്ടുവെന്നും റഷ്യയുടെ നിയന്ത്രണത്തിലുള്ള നഗരത്തിൽ കുടുങ്ങിക്കിടക്കുന്നവർക്ക് സുരക്ഷിതമായ മാനുഷിക ഇടനാഴികൾ തുറക്കണമെന്നും പാപ്പ അഭ്യർത്ഥിച്ചു.

മനുഷ്യരാശിയുടെ ഭയാനകമായ പിന്മാറ്റത്തിനിടയിൽ സമാധാനം യഥാർത്ഥത്തിൽ അന്വേഷിക്കപ്പെടുന്നുണ്ടോയെന്ന് ആശ്ചര്യപ്പെടുകയാണ്. നമുക്ക് സംവാദത്തിന്റെയും സമാധാനത്തിന്റെയും പാത സ്വീകരിക്കാം. അതിനായി നമുക്ക് പ്രാർത്ഥിക്കാമെന്നും പാപ്പ പറഞ്ഞു. ഫെബ്രുവരി 24 ന് റഷ്യൻ പ്രസിഡന്റ് പുടിൻ യുക്രെയ്ൻ അധിനിവേശത്തിന് ഉത്തരവിട്ടപ്പോൾ, മരിയുപോളിൽ 400,000-ത്തിലധികം ആളുകൾ ഉണ്ടായിരുന്നു. എന്നാൽ അധിനിവേശത്തിന് പിന്നാലെ ജനസംഖ്യയുടെ മുക്കാൽ ഭാഗവും പലായനം ചെയ്തു, 100,000 പേർ ഇപ്പോഴും റഷ്യൻ സേനയുടെ ദിവസേനയുള്ള ബോംബാക്രമണത്തെത്തുടർന്ന് പൂർണ്ണമായും നശിച്ച നഗരത്തിലെ ഭൂഗർഭ അറയിൽ തുടരുകയാണ്.



*കെസിബിസി വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി ഫാ. ചാൾസ് ലെയോൺ, കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ദളിത് കമ്മീഷൻ സെക്രട്ടറി ഫാ. ജോസഫ് വടക്കേക്കുറ്റ് എന്നിവർ ചേർന്ന് കേന്ദ്രന്യൂനപക്ഷസഹമന്ത്രി ജോൺ ബർളയ്ക്ക് നിവേദനം നൽകിയപ്പോൾ.*

# കേന്ദ്രന്യൂനപക്ഷസഹമന്ത്രി ജോൺ ബർളയ്ക്കു കെസിബിസി നിവേദനം നൽകി

കൊച്ചി: ദേശീയ വിദ്യാഭ്യാസനയവുമായി ബന്ധപ്പെട്ട് കെസിബിസി വിദ്യാഭ്യാസ കമ്മീഷൻ കേന്ദ്ര ന്യൂനപക്ഷ സഹമന്ത്രി ജോൺ ബർളയ്ക്കു നിവേദനം നൽകി. ഭാരതത്തിന്റെ വിദ്യാഭ്യാസപുരോഗതിയുടെ ചരിത്രത്തിൽ ക്രൈസ്തവർ നൽകിയ സംഭാവനകൾക്കു ദേശീയ വിദ്യാഭ്യാസനയം 2020ൽ വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ലെന്നും എയ്ഡഡ് മേഖലയെക്കുറിച്ചു മൗനം പാലിക്കുന്നുവെന്നും നിവേദനത്തിൽ പറയുന്നു. ന്യൂനപക്ഷപദവി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ പ്രത്യേക അദാലത്ത് സംഘടിപ്പിച്ച് ക്രമീകരണങ്ങൾ ചെയ്യണമെന്നും ആവശ്യപ്പെട്ടു.

പ്രധാനമന്ത്രി ജാൻ വികാസ കാര്യക്രമം പദ്ധതിയുടെ നടപടിക്രമങ്ങൾ ഏറെ സങ്കീർണമാണെന്നും ഇതിൽ സത്വരപരിഹാരങ്ങൾ വേണമെന്നും നിവേദനത്തിൽ വ്യക്തമാക്കി. അധ്യാപക ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്ക് സി-ടെറ്റ്, കെ-ടെറ്റ് പരീക്ഷകൾ നടപ്പാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തെ സ്വാഗതം ചെയ്തു. കെസിബിസി വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി ഫാ. ചാൾസ് ലെയോൺ, കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ദളിത് കമ്മീഷൻ സെക്രട്ടറി ഫാ. ജോസഫ് വടക്കേക്കുറ്റ് എന്നിവർ ചേർന്നാണ് നിവേദനം കൈമാറിയത്.




# മക്കൾ വീട്ടുജോലികൾ ചെയ്യണമോ?



ജസ്റ്റിൻ തോമസ്

**ചി**ല പ്രസ്താവനകൾ കേൾക്കുമ്പോൾ എന്തെന്നില്ലാത്ത ദേഷ്യം വരാറുണ്ട്. അതിലൊന്നാണ്, തന്റെ മകനെ ചൂണ്ടിക്കാട്ടി 'എന്റെ മോനെക്കൊണ്ട് ഞങ്ങൾ ഒരു പണിയും എടുപ്പിക്കാറില്ല' എന്ന ചില മാതാപിതാക്കളുടെ പ്രസ്താവന.

**മക്കൾ വീട്ടുജോലികൾ ചെയ്യണമോ?**

ട്രെയിനിങ്-കൗൺസലിങ് രംഗത്തു പ്രവർത്തിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ മക്കൾ മാതാപിതാക്കളെ വീട്ടുജോലികളിൽ സഹായിക്കുകയും സ്വയം ചെയ്യുകയും വേണം എന്നാണ് എന്റെ അഭിപ്രായം. ഇതിനു താഴെപ്പറയുന്ന വസ്തുതകൾ പിൻബലമായുണ്ട്.

1. വീട്ടുജോലികൾ കുട്ടികളും മാതാപിതാക്കളും മറ്റു സഹോദരങ്ങളും തമ്മിലുള്ള ബന്ധത്തെ സുദൃഢമാക്കുന്നു. 2. അധ്വാനിച്ചു ഭക്ഷണം കഴിക്കുക എന്ന ബോധ്യം കുട്ടികളിൽ ജനിപ്പിക്കുന്നു. 3. കുട്ടികൾ അകപ്പെടാൻ സാധ്യതയുള്ള അനാവശ്യമായ അടിമത്തങ്ങളിൽനിന്നും ദുശ്ശീലങ്ങളിൽനിന്നും സ്വയം രക്ഷിക്കുന്നു. 4. അതിജീവനത്തിന്റെ പാഠങ്ങൾ കുട്ടികൾ പഠിക്കുന്നു. 5. പക്വതയോടെ കാര്യങ്ങൾ ചെയ്യാൻ കുട്ടികൾ പ്രാപ്തരാകുന്നു. 6. അവരുടെ ശാരീരിക - മാനസികാരോഗ്യം പരിരക്ഷിക്കപ്പെടുന്നു. 7. ശ്രദ്ധ, നിരീക്ഷണപാടവം, ക്ഷമ, പഠനക്ഷമത, ഓർമശക്തി, സൽസ്വഭാവം എന്നിവ പരിപോഷിപ്പിക്കപ്പെടുന്നു. 8. അച്ചടക്കം, നേതൃപാടവം, സമയബോധം, ഒരുമ, ലക്ഷ്യബോധം തുടങ്ങിയ മൂല്യങ്ങൾ ഉണർത്തുന്നു.

**എന്തുകൊണ്ട് കുട്ടികൾ വീട്ടുജോലികളിൽനിന്നു മാറിനിൽക്കുന്നു?**

മാതാപിതാക്കൾ അനുവദിക്കാതിരിക്കുക, വീട്ടുജോലിക്കാരെ പൂർണമായും ജോലികൾ ഏല്പിക്കുന്നതിനാൽ അഭിമാനക്കുറവുള്ള ഒന്നാണ് വീട്ടുജോലി എന്ന ധാരണ, പഠനത്തിനു നല്കുന്ന അമിതപ്രാധാന്യം, മൊബൈൽ അഡിക്ഷൻ, മുതിർന്നവരുടെ അമിതമായ ശകാരം,



മാനസികപ്രശ്നങ്ങൾ, കുടുംബാംഗങ്ങൾക്കിടയിലെ വെറുപ്പ്, പക, കുട്ടികളുടെ എല്ലാക്കാര്യങ്ങളും മാതാപിതാക്കൾ ഏറ്റെടുത്തു ചെയ്യുന്ന സ്ഥിതിവിശേഷം, ശാരീരികാരോഗ്യക്കുറവ്, വല്ലപ്പോഴും ഹോസ്റ്റലിൽനിന്നു വീട്ടിൽ വരുന്ന കുട്ടി ഒന്നും ചെയ്യേണ്ട എന്ന സമീപനം.

**എങ്ങനെ കുട്ടികളെ വീട്ടുജോലികൾ പരിശീലിപ്പിക്കാം?**

സാമ്പത്തികസ്ഥിതി ഒരു മാനദണ്ഡമാക്കാതെ അപ്പനും അമ്മയും കുട്ടികളും വീട്ടുജോലികൾ ചെയ്യുന്ന ഒരു സംസ്കാരം വളർത്തിയെടുക്കണം. വീട്ടിൽ ജോലിക്കാർ ഉണ്ടെങ്കിലും കുടുംബാംഗങ്ങൾക്കുള്ള ജോലികൾ അവർതന്നെ ചെയ്യണം. കുട്ടികൾക്ക് അവരുടെ പഠനസമയം കഴിഞ്ഞ് ഇത്തരം ജോലികൾ വീതിച്ചു നൽകുക. ഇത്തരത്തിൽ കാര്യങ്ങൾ നിർവഹിക്കപ്പെടുമ്പോൾ താഴെ സൂചിപ്പിക്കുന്ന പ്രോത്സാഹനനടപടികൾ മുതിർന്നവർ സ്വീകരിക്കണം.

നല്ല വാക്കുകൾ പറയുക, അഭിനന്ദിക്കുക. പ്രതിഫലം നൽകുക. വീട്ടുജോലികൾ ചെയ്യാതിരുന്നാൽ ചില കാര്യങ്ങൾ നിഷേധിക്കുക. വീട്ടുജോലികൾ ചെയ്യുന്നതിന്റെ ഗുണങ്ങൾ ചർച്ച ചെയ്യുക. വീട്ടുജോലികൾ ചെയ്യുന്നത് വീട്ടിൽ താമസിക്കുന്ന ഏവരുടെയും കടമയാണ് എന്ന ബോധ്യം നല്കുക.

ഈയൊരു സമീപനത്തിലൂടെ വീട്ടുജോലികൾ ചെയ്യാനുള്ള കുട്ടികളുടെ മടി, ആവശ്യബോധമില്ലായ്മ, മിഥ്യാബോധം, എതിർപ്പ്, അവജ്ഞ എന്നീ പ്രശ്നങ്ങൾ പരിഹരിക്കാം. സഹവർത്തിത്വത്തോടെ ഒരുമിച്ചു പ്രവർത്തിക്കാനും കടമകൾ പരസ്പരം സഹകരിച്ചു നിറവേറ്റുവാനുമുള്ള ഒരു പരിശുദ്ധ ആലയമാണു വീട്. അതിന്റെ പരിശുദ്ധി നിലനിർത്താൻ കുട്ടികൾ വീട്ടുജോലികളിൽ സഹകരിക്കുന്നത് അവശ്യംതന്നെ. മൂന്നു വയസ്സു മുതൽ കുട്ടിയെ ഇതിനായി പരിശീലിപ്പിക്കാം. ■

---

ദളം ഇരുപത്



മോബിൻ മോഹൻ




# ചെമ്പകമരത്തിലെ ഭൂതം

**കൈ**നിറയെ ചെമ്പകപ്പൂക്കളുമായി അമ്മാളു ഉണ്ണീരിയമ്മയുടെ അടുത്തെത്തി. ഒരു ചെമ്പകപ്പൂ കൈയിലെടുത്ത് അതിന്റെ സുഗന്ധം ആസ്വദിച്ചുകൊണ്ട് ഉണ്ണീരിയമ്മ ചോദിച്ചു: 'എവിടെ നിന്റെ കൂട്ടുകാർ?'

"കുഞ്ഞുണ്ണിയും ജോണിക്കുട്ടിയും കൂട്ടുകാർക്കൊപ്പം ക്രിക്കറ്റ് കളിക്കാൻ പോയി ഉണ്ണിയമ്മേ" - അവൾ മറുപടി പറഞ്ഞു.

അപ്പോഴാണ് ഇട്ടിണ്ടാൻ അതുവഴി വരുന്നത്.

''ഉണ്ണിയമ്മേ എനിക്കൊരു കഥ കേൾക്കണം'' അവൻ പറഞ്ഞു.

കഥ എന്നു കേട്ടപ്പോൾ അമ്മാളുവിനും ഉത്സാഹം.

"ശരി, അങ്ങനെയെങ്കിൽ ഒരു കഥ പറയാം, ചെമ്പകമരത്തിലെ ഭൂതത്തിന്റെ കഥ" ഉണ്ണീരിയമ്മ പറഞ്ഞു.

"ഭൂതമോ അയ്യോ, എനിക്ക് പേടിയാണ്" ഇട്ടിണ്ടാൻ പറഞ്ഞു.

അങ്ങനെയങ്ങു ഭയന്നാലോ, ഏതായാലും കഥ കേട്ടു നോക്കൂ"

ഉണ്ണീരിയമ്മ കഥ പറഞ്ഞു തുടങ്ങി:



പണ്ട് ഒരു ഗ്രാമത്തിൽ വികൃതിയായ ഒരു ബാലൻ ഉണ്ടായിരുന്നു. നരേന്ദ്രൻ എന്നായിരുന്നു അവന്റെ പേര്. ഗ്രാമത്തിലെ കുട്ടികളോടൊപ്പം ഒരു ചെമ്പകമരത്തിന്റെ ചുവട്ടിലാണ് അവർ കളിച്ചിരുന്നത്. മണ്ണപ്പം ഉണ്ടാക്കിയും കണ്ണുപൊത്തി കളിച്ചും മറ്റു കുട്ടികൾ വിനോദങ്ങളിൽ ഏർപ്പെടുമ്പോൾ നരേന്ദ്രൻ ആകട്ടെ ചെമ്പകമരത്തിന്റെ ഉയരത്തിലുള്ള ഒരു ശിഖരത്തിൽ തലകീഴായി കിടന്ന് സാഹസിക പ്രകടനം നടത്തി. നരേന്ദ്രന്റെ ധൈര്യം കണ്ട് ബാക്കിയുള്ള കുട്ടികൾ കയ്യടിച്ചു പ്രോത്സാഹിപ്പിച്ചു. നരേന്ദ്രൻ കൂടുതൽ ഉയരത്തിലുള്ള മറ്റൊരു ശിഖരത്തിൽ കയറി തന്റെ വിനോദം തുടർന്നു. എല്ലാ ദിവസങ്ങളിലും നരേന്ദ്രൻ സാഹസിക വിനോദം അരങ്ങേറി.

ഒരിക്കൽ ഒരു വൃദ്ധൻ ചെമ്പകമരത്തിന്റെ ചുവട്ടിലൂടെ നടന്നു പോവുകയായിരുന്നു. പെട്ടെന്നാണ് നരേന്ദ്രനെ സാഹസികപ്രകടനം അയാൾ ശ്രദ്ധിച്ചത്. അപകടകരമാംവിധത്തിൽ ഒരു കൊച്ചുബാലൻ നടത്തുന്ന സാഹസികവിനോദം അയാളിൽ ഭയം ജനിപ്പിച്ചു. അയാൾ കുട്ടികളെല്ലാം അടുത്തേക്കു വിളിച്ചു. എന്നിട്ട് നരേന്ദ്രനോടായി പറഞ്ഞു:

"ഈ ചെമ്പകമരത്തിൽ ഒരു ഭൂതത്താനുണ്ട്. വർഷങ്ങളായി ഭൂതത്താന്റെ വാസസ്ഥലമാണ് ഈ ചെമ്പകമരം. ഈ മരത്തിൽ കയറുന്ന കുട്ടികളെ അവൻ പിടിച്ചു കൊണ്ടുപോയി കഴുത്ത് ഒടിച്ചുകളയും. അതുകൊണ്ട് ഒരു കാരണവശാലും ചെമ്പകമരത്തിൽ കയറരുത്." നരേന്ദ്രൻ തലയാട്ടി സമ്മതിച്ചു. കുട്ടികൾക്കെല്ലാം ഭയമായി. താൻ പറഞ്ഞത് കുട്ടികൾ വിശ്വസിച്ചു എന്ന ആശ്വാസത്തിൽ വൃദ്ധൻ അവിടെനിന്നു യാത്രയായി.

വൃദ്ധൻ പോയി അല്പസമയം കഴിഞ്ഞപ്പോൾ നരേന്ദ്രൻ തന്റെ പഴയ കുസൃതി വീണ്ടും ആരംഭിച്ചു. ഭൂതത്താൻ നരേന്ദ്രനെ പിടിക്കുന്നതു കാണാൻ കഴിയാതെ ഒന്നു രണ്ടു കുട്ടികൾ ഓടിപ്പോയി. മറ്റുള്ളവർ ഭയത്തോടെ നരേന്ദ്രന്റെ സാഹസികത നോക്കിനിന്നു.

നേരം കുറെ കഴിഞ്ഞിട്ടും ഒരു ഭൂതത്താനും വന്നില്ല. കുറച്ചുകഴിഞ്ഞ് നരേന്ദ്രൻ ചെമ്പകമരത്തിൽ നിന്നും ഇറങ്ങിവന്നു.

''നരേന്ദ്രാ, നിനക്ക് ഭയം ആകുന്നില്ലേ" മറ്റു കുട്ടികൾ അവനോടു ചോദിച്ചു.

ഒരു പുഞ്ചിരിയോടുകൂടെ അവൻ ഇങ്ങനെ മറുപടി പറഞ്ഞു:

''ഭൂതത്താൻ ഈ ചെമ്പകമരത്തിൽ ഉണ്ടായിരുന്നുവെങ്കിൽ എത്രയോ മുന്നേ എന്നെ അവൻ പിടിക്കുമായിരുന്നു. എത്രവട്ടം എന്റെ കഴുത്ത് ഒടിക്കുമായിരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ ഒന്നും വരാത്ത ഭൂതത്താൻ ഇന്ന് എങ്ങനെ വരാനാണ്. അയാൾ കള്ളം പറഞ്ഞതാണ്. കേൾക്കുന്നതെല്ലാം അപ്പാടെ വിശ്വസിക്കരുത്. യുക്തിപൂർവം ചിന്തിക്കണം. അല്ലെങ്കിൽ നമ്മൾ കബളിപ്പിക്കപ്പെടും."

നരേന്ദ്രൻ പറഞ്ഞതുകേട്ടു കുട്ടികൾക്ക് ആശ്വാസമായി.

പക്ഷേ, താൻ ചെയ്യുന്ന അപകടകരമായ സാഹസികതയിൽനിന്നു തന്നെ പിന്തിരിപ്പിക്കാൻവേണ്ടി പറഞ്ഞ കഥയാണ് ഇതെന്ന് നരേന്ദ്രനു ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് പിന്നീടുള്ള ദിവസങ്ങളിൽ അവൻ ചെമ്പകമരത്തിൽ കയറിയില്ല.

"എങ്കിൽ ഇനി ഒരു ചോദ്യം." - അമ്മാളുവിനോടും ഇട്ടിണ്ടാനോടുമായി ഉണ്ണീരിയമ്മ പറഞ്ഞു.

''ഈ കുസൃതിക്കാരനായ നരേന്ദ്രൻ ലോകമറിയുന്ന ഒരു ഇന്ത്യക്കാരനാണ്. നേരത്തേയും ഞാൻ നരേന്ദ്രന്റെ കഥ പറഞ്ഞിട്ടുണ്ട്. എങ്കിൽ ആരാണ് നരേന്ദ്രൻ?"

ഒന്ന് ആലോചിക്കുകകൂടി ചെയ്യാതെ അമ്മാളു ഉത്തരം പറഞ്ഞു...

"സ്വാമി വിവേകാനന്ദൻ."

ഉണ്ണീരിയമ്മയും ഇട്ടിണ്ടാനും കൈയടിച്ചുകൊണ്ട് അമ്മാളുവിനെ അഭിനന്ദിച്ചു. ■




**മേയ് 15**
**ഉയിർപ്പുകാലം**
**അഞ്ചാം ഞായർ**

പുറ 4 : 27– 31
തോബി 5 : 1 – 10; 16 – 21
ശ്ലീഹ 12 : 24 – 13 : 3
ലൂക്കാ 10 : 1–12

# മിശിഹായുടെ സമാധാനം





**ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ**

**ദൈവത്തിനു** സാക്ഷ്യം നല്കാൻ വിളിക്കപ്പെട്ട മോശയെ സഹായിക്കാനായി അഹറോനെ നല്കുന്നതിനെക്കുറിച്ചാണ് ഒന്നാമത്തെ വായനയിൽ പ്രതിപാദിക്കുന്നത്. മോശയുടെ എല്ലാ പ്രവർത്തനങ്ങളിലും താങ്ങും തണലുമായി അഹറോൻ വർത്തിക്കുന്നു.

രണ്ടാമത്തെ വായനയിൽ തോബിത്തിന്റെ മകൻ തോബിയാസിന് മേദിയായിലേക്കുള്ള യാത്രയിൽ സഹായത്തിനായി ദൈവദൂതനായ റഫായേൽ വരുന്നതാണു കാണുന്നത്. നന്മ പ്രവർത്തിച്ചിരുന്ന ആ കുടുംബത്തിനു സഹായിയായി വന്ന ദൈവദൂതൻ അവർ ചെന്നെത്തിയ റഗുവേലിന്റെ കുടുംബത്തിൽനിന്നു ദുഷ്ടാരൂപിയുടെ ഉപദ്രവത്തെ ഇല്ലാതാക്കാൻ തോബിയാസിലൂടെ പ്രവർത്തിച്ചു.

സാവൂളും ബാർണബാസും പരസ്പരം സഹായിച്ചിരുന്നതായും അവർ ഒരുമിച്ചു പ്രേഷിതപ്രവർത്തനം നടത്തി സുവിശേഷം പ്രസംഗിച്ചിരുന്നതായും ശ്ലീഹന്മാരുടെ നടപടിപ്പുസ്തകം സാക്ഷ്യപ്പെടുത്തുന്നു. അപ്രകാരം, വിജാതീയരുടെ ഇടയിൽ അവർ സുവിശേഷം പ്രസംഗിച്ചു. ദൈവവചനം വളർന്നുവ്യാപിച്ചുകൊണ്ടിരുന്നു എന്നു പറഞ്ഞാണ് ശ്ലീഹന്മാരുടെ നടപടിയിൽ നിന്നുള്ള ഇന്നത്തെ വചനവായന ആരംഭിക്കുന്നത്. സഭയെ പീഡിപ്പിച്ചിരുന്ന സാവൂളിന്റെ മാനസാന്തരത്തിനുശേഷമുള്ള പ്രേഷിതശുശ്രൂഷയിലൂടെ കർത്തൃഭയത്തിലും പരിശുദ്ധാരൂപിയുടെ ആശ്വാസത്തിലും സഭ വളർന്നു പന്തലിച്ചു.

തോമാശ്ലീഹായുടെ ശിഷ്യനായി അറിയപ്പെടുന്ന മാർ അദ്ദായിയുടെ തിരുനാളായതുകൊണ്ടാണ് ഇന്ന് ഈ സുവിശേഷഭാഗം വിചിന്തനത്തിനായി സഭാമാതാവ് നല്കിയിരിക്കുന്നത്. മാർ അദ്ദായിയുടെ പേരിലാണ് ഏറ്റവും പുരാതനമായ പൗരസ്ത്യസുറിയാനി അനാഫൊറ അറിയപ്പെടുന്നത്. മാർ അദ്ദായി ഈശോയുടെ എഴുപതു ശിഷ്യന്മാരിൽ ഒരാളാണെന്ന പാരമ്പര്യവും നിലവിലുണ്ട്. മിഷനറിദൗത്യവുമായി ഈശോ എഴുപത്തിരണ്ടു ശിഷ്യന്മാരെ അയയ്ക്കുന്നതിനെക്കുറിച്ചാണ് ഇന്നത്തെ സുവിശേഷഭാഗം പ്രതിപാദിക്കുന്നത്. എഴുപതു മൂപ്പന്മാരെ ഇസ്രായേലിൽ നേതാക്കന്മാരായി നിയോഗിച്ച മോശയുടെ ശൈലിയിലാണ് (സംഖ്യ 11:24,25) ഈശോ തന്റെ പ്രേഷിതഗണത്തെ രൂപപ്പെടുത്തുന്നത്. ഈശോ എഴുപതു പേരെ അയച്ചെന്നും എഴുപത്തിരണ്ടു പേരെ അയച്ചെന്നും പ്രാചീന കൈയെഴുത്തുപ്രതികളിൽ കാണാം. എന്താണെങ്കിലും, മിശിഹായുടെ സുവിശേഷത്തിന്റെ സാർവത്രികമാനമാണ് ഇവിടെ ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത്. വചനം പ്രഘോഷിക്കാൻ കർത്താവിനാൽ അയയ്ക്കപ്പെട്ട എഴുപത്തിരണ്ടുപേർ ഇപ്പോൾ പുരോഹിതരെന്നു വിളിക്കപ്പെടുന്നവരെ സൂചിപ്പിക്കുന്നതായി വി. ബീഡ് പ്രസ്താവിക്കുന്നു.

കൂടാതെ, സ്നേഹത്തിന്റെയും ഒരുമയുടെയും സാക്ഷ്യമായിത്തീരാൻ രണ്ടു ഗണമായിട്ടാണ് ഈശോ ശിഷ്യരെ അയയ്ക്കുന്നത്. പരസ്പരം സഹായിക്കുന്നതിനു രണ്ടു പേർവീതം പോകുന്നതു സഹായകരമാണ്. കൂടാതെ, രണ്ടു പേരുടെ സാക്ഷ്യം സത്യമാണെന്നു സുവിശേഷം രേഖപ്പെടുത്തുന്നു. ആദിമസഭയിൽ നിലനിന്നിരുന്ന ഒരു പ്രേഷിതരീതിയായിരുന്നു രണ്ടു പേർ വീതം പോകുക എന്നത് (ശ്ലീഹ. 8:14; 15:39,40).

മിശിഹായുടെ ശിഷ്യന്മാർക്കുണ്ടായിരിക്കേണ്ട മനോഭാവം എന്തൊക്കെയാണെന്നു സുവിശേഷഭാഗം പഠിപ്പിക്കുന്നു. ഒന്നാമതായി, അയയ്ക്കപ്പെടുന്നിടത്തേക്കു പോകാൻ തയ്യാറാവുക. കർത്താവാണ് ഓരോരുത്തരെയും തന്റെ ദൗത്യത്തിലേക്കു നിയമിക്കുന്നത്. വിളഭൂമിയിലേക്കു വേലക്കാരെ എന്നതുപോലെയാണ് ഈശോ നമ്മെ അയയ്ക്കുന്നത് (മത്താ. 9:37; യോഹ. 4:35). ആയതിനാൽ, ഉപാധികളില്ലാതെ ഉദാരമനസ്കതയോടെയും പ്രേഷിതതീക്ഷ്ണതയോടെയും നമ്മൾ മിശിഹായെ പ്രഘോഷിക്കണം.

രണ്ടാമതായി, ശിഷ്യന്മാർ നേരിടാൻ പോകുന്ന പ്രതിസന്ധികളെക്കുറിച്ചു സുവിശേഷഭാഗം സൂചിപ്പിക്കുന്നു. അതുകൊണ്ടാണ്, ചെന്നായ്ക്കളുടെ ഇടയിലേക്കു കുഞ്ഞാടുകളെ എന്നപോലെ അയയ്ക്കുന്നുവെന്നു പറഞ്ഞിരിക്കുന്നത്. ഇടയൻ കൂടെയുള്ളിടത്തോളംകാലം ശിഷ്യന്മാർക്ക് ഉപദ്രവമൊന്നും ഉണ്ടാകുകയില്ലെന്നു വ്യക്തമാക്കാനാണു ചെന്നായ്ക്കളുടെ ഇടയിലേക്കു കുഞ്ഞാടുകളെയെന്നപോലെ ഈശോ ശിഷ്യന്മാരെ അയയ്ക്കുന്നതെന്നു പൗരസ്ത്യസഭാപിതാവായ മാർ അപ്രേം പ്രസ്താവിക്കുന്നു. വാസ്തവത്തിൽ, ചെന്നായ്ക്കളും ആട്ടിൻകുട്ടികളും ഒരുമിച്ചു മേയും (ഏശ. 65:25) എന്ന ഏശയ്യാപ്രവാചകന്റെ വാക്കുകൾ അന്വർത്ഥമാകുന്നത് ക്രിസ്തീയ പ്രേഷിതപ്രവർത്തനം വഴിയാണ്. ഇടയനായ മിശിഹായോടൊത്തു ശിഷ്യന്മാർ ചെന്നായ്ക്കളെ അതിജീവിക്കണമെന്ന് അലക്സാണ്ഡ്രിയായിലെ വിശുദ്ധ സിറിൽ ഓർമിപ്പിക്കുന്നു.

മടിശ്ശീലയോ സഞ്ചിയോ ചെരിപ്പോ എടുക്കരുത്; വഴിയിൽ ആരെയും അഭിവാദനം ചെയ്യരുത് (10:4) എന്നതിലൂടെ, അയയ്ക്കപ്പെടുന്നവൻ തന്റെ ദൗത്യത്തിൽ കാണിക്കേണ്ട ദൈവാശ്രയത്വം വ്യക്തമാക്കുന്നു. സുവിശേഷവേല ചെയ്യുന്നവരെ വിശ്വാസികളുടെ സമൂഹം പിന്താങ്ങണമെന്ന് ഓർമിപ്പിക്കാനാണു വേല ചെയ്യുന്നവൻ കൂലിക്ക് അർഹനാണല്ലോ എന്ന് ഈശോ പറയുന്നത്. അവിഭാജ്യമായ ശ്രദ്ധയോടെ സുവിശേഷവേല ചെയ്യാൻ ഇതവരെ സഹായിക്കും (1കോറി. 9:14).

മൂന്നാമതായി, അയയ്ക്കപ്പെടുന്നവൻ പ്രഥമതഃ പ്രഘോഷിക്കേണ്ടത് ഉത്ഥിതനായ മിശിഹായുടെ സമാധാനമാണ്. നമ്മൾ പ്രഘോഷിക്കുന്ന സമാധാനം അപരനു പ്രയോജനപ്പെട്ടില്ലെങ്കിൽ നമ്മിലേക്കു തിരികെവരും. എന്നാൽ, അത് അവനിൽ വസിക്കുന്നെങ്കിൽ അവനും നമുക്കും നേട്ടമാകുമെന്ന് വി. ആഗസ്തീനോസ് വ്യക്തമാക്കുന്നു. നമ്മുടെ ജീവിതസാക്ഷ്യത്തിലൂടെയാണ് മിശിഹായെ നാം പ്രഘോഷിക്കേണ്ടത്. അപ്പോഴാണ് നമ്മുടെ കുടുംബങ്ങളിൽ മിശിഹായുടെ സമാധാനം ഉണ്ടാകുന്നതെന്ന് ക്രിസ്തൂസ് വിവിത്ത് എന്ന അപ്പസ്തോലികലേഖനത്തിൽ ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നു. മിശിഹായെ നല്കുകയും സാഹോദര്യത്തിൽ വർത്തിക്കുകയും വളരുകയും രോഗികൾക്കു സൗഖ്യം നല്കുകയും സമീപസ്ഥമായ ദൈവരാജ്യം പ്രഘോഷിക്കുകയുമാണു ക്രിസ്തുശിഷ്യന്റെ ദൗത്യം.

ഉത്ഥിതൻ തന്റെ ശിഷ്യന്മാരെ ഭരമേല്പിച്ച പ്രേഷിതദൗത്യം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും നമുക്ക് അഭംഗുരം തുടരാം. എഴുപത്തിരണ്ടു ശ്ലീഹന്മാരെപ്പോലെയും അവരിൽ ഒരാളെന്നു കരുതപ്പെടുന്ന മാർ അദ്ദായിയെപ്പോലെയും നമുക്കും ക്രിസ്തീയവിശ്വാസം പ്രഘോഷിക്കാം. ക്രിസ്തീയപുണ്യങ്ങളും നന്മകളും മക്കൾക്കു പകർന്നുകൊടുക്കുന്നതിൽ വിശ്വാസപരിശീലകരും മാതാപിതാക്കളും ഉത്സുകരായിരിക്കണം. വിശ്വാസവഴിയിൽ ചരിക്കാനും ക്രിസ്തീയതത്ത്വങ്ങൾ പഠിച്ച് അതനുസരിച്ചു ജീവിതത്തെ ക്രമപ്പെടുത്താനും മക്കളും ബദ്ധശ്രദ്ധരായിരിക്കണം.

■




## വിശുദ്ധമായും വിശ്വസ്തമായും

ഗ്രന്ഥകർത്താ : ഫാ. ജിമ്മി പൂച്ചക്കാട്ട്
പ്രസാധനം : സാൻജോ പബ്ലിക്കേഷൻസ്, അങ്കമാലി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 120 രൂപ




ആനന്ദം തേടി എന്നതിൽനിന്നാരംഭിച്ച് മനസ്സു പറയുന്നിടത്തു ശരീരം നിൽക്കണമെന്ന് അവസാനിക്കുന്ന 40 വ്യത്യസ്ത ശീർഷകങ്ങളിലൂടെ വികാസം പ്രാപിക്കുന്ന ഈ ഗ്രന്ഥം, എവിടെയാണോ സമ്പൂർണസമർപ്പണമുള്ളത് അവിടെയാണ് ആനന്ദത്തിന്റെ ഉറവിടമെന്നും, സമ്പൂർണാനന്ദം അനുഭവിക്കാനുള്ള യാത്രയാകണം നമ്മുടെ ക്രൈസ്തവജീവിതമെന്നും ഭംഗ്യന്തരേണ സമർത്ഥിക്കുന്നു.

---

## തീത്തടാകത്തിലെ താമര

(കവിതാസമാഹാരം)

ഗ്രന്ഥകർത്രി : ലിന്റാമോൾ ആന്റണി
പ്രസാധനം : ടേൺ ബുക്സ്, കോട്ടയം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 150 രൂപ




അനേകവർഷത്തെ സർഗപ്രക്രിയയുടെ ഫലമായി സ്ഫുടം ചെയ്തെടുത്ത കവിതകൾ കവയിത്രിയുടെ കാവ്യജീവിതത്തിന്റെ അനുക്രമമായ വളർച്ചയെ അടയാളപ്പെടുത്തുന്നു. ജീവിതാനുഭവങ്ങളുടെ തീച്ചൂളയിൽ ഉരുത്തിരിഞ്ഞ പാഠങ്ങളും കാല്പനികതയുടെ സുന്ദരതീരങ്ങളും റിയലിസത്തിന്റെയും മാജിക്കൽ റിയലിസത്തിന്റെയും മിന്നലാട്ടങ്ങളും ഈ പുസ്തകത്തിൽ കാണാൻ സാധിക്കും.

**വലിയ കുടുംബങ്ങളിൽ വസന്തം വിരിയുമ്പോൾ**



# സ്നേഹവസന്തം വിരിയും മൂലയിൽതോട്ടം



ആഷ്‌ലി ടെസ് ജോൺ

**സി**ന്ധുവുമായുള്ള ഫോൺ വിളിക്കിടയിൽ 'സിന്ധൂ' എന്ന എന്റെ വിളി കേട്ട് കുഞ്ഞുമോൻ ജോഷ് വന്നെന്നോടു ചോദിച്ചു: "ആരാമ്മേ സിന്ധു, പി.വി. സിന്ധുവാണോ?" ഞാനും സിന്ധുവും ഫോണിന്റെ രണ്ടു തലയ്ക്കലും ഇരുന്നു ചിരിച്ചു. പി.വി. സിന്ധു എടുക്കുന്ന സ്മാഷുകളെക്കാൾ എത്രയോ വേഗത്തിൽ, തുടർച്ചയിൽ പതറാതെ സ്മാഷുകളെടുത്താണ് ഇവിടംവരെ എത്തിയതെന്ന് സിന്ധുവിന്റെ ചിരി ഓർമിപ്പിച്ചു. അമ്പതുകളിലൂടെ നടക്കുമ്പോഴും ഒരു സ്ത്രീക്ക് കുടുംബവും കുട്ടികളും അടുക്കളയും ഓഫീസും ഒരുപോലെ കൈകാര്യം ചെയ്യാൻ ചില്ലറ മികവു പോരല്ലോ. പാലാ വെള്ളിയേപ്പള്ളി മറ്റത്തിൽ വീട്ടിലെ അഞ്ചു പെൺകുട്ടികളിൽ നാലാമത്തവളായി വളർന്ന സിന്ധുവിന് സ്വന്തം കുഞ്ഞുങ്ങളുടെ എണ്ണം കൂടുന്നതിൽ പരിഭവം തെല്ലുമുണ്ടായിട്ടില്ല, ഒരിക്കലും.

"ഞങ്ങളുടെ ഇടയിലെ കൂട്ടും കുരുത്തക്കേടും കൗതുകങ്ങളും കരുതലുകളും ഒക്കെ എത്ര മനോഹരമായിരുന്നു. എന്താവശ്യമുണ്ടെങ്കിലും പറയാനും കരുതാനും സഹോദരിമാരെപ്പോഴും കൂടെയുണ്ടായിരുന്നു. പാലായിലെ 'മൂലയിൽതോട്ടത്തിലെ' വീട്ടിലേക്ക് എബിയുടെ ഭാര്യയായി വരുമ്പോൾ ഞാൻ ഉദ്യോഗസ്ഥയായിരുന്നില്ല. മൂത്തമോളെ പ്രഗ്നന്റ് ആയിരിക്കുമ്പോഴാണു ജോലിക്കു പോയിത്തുടങ്ങിയത്. അപ്പച്ചനും അമ്മച്ചിയും കുഞ്ഞുങ്ങളെ വളർത്താൻ ഒത്തിരി സഹായിച്ചു. പിന്നീട് വീടു വച്ചു മാറിയപ്പോൾ മുതൽ അവധിയെടുത്തും ഡേകെയർ സെന്ററുകളിൽ കൊണ്ടാക്കിയും ഓഫീസിൽകൊണ്ടുപോയുമൊക്കെയാണ് ഞങ്ങൾ - അല്ല, ദൈവം ഇവരെ വളർത്തിത്തന്നത്. ഒരുമിച്ച് ഓടിവരുന്ന അസുഖങ്ങളും പരീക്ഷകളും പരീക്ഷണങ്ങളും എല്ലാം നേരിടുമ്പോൾ എബിക്കാണ് ധൈര്യം കൂടുതൽ. അല്ലെങ്കിൽത്തന്നെ രാഷ്ട്രീയവും മാധ്യമപ്രവർത്തനവും ഒക്കെയായി എബിയുടെ കൂടെയുള്ള ജീവിതംതന്നെ ഒരു ത്രില്ലാണ്. 'ഓ, ഇതിപ്പം എന്താണെന്നേ, എല്ലാം കർത്താവ് നോക്കിക്കൊള്ളും' എന്ന ഒരു സിംപിൾ ലെവലിലാണ് എല്ലാക്കാര്യത്തിലും എബിയുടെ നില്പ്. അതുതന്നെയാണു ധൈര്യത്തോടെ ജീവിതം ഓടിത്തീർക്കാനുള്ള എന്റെ എനർജി ഡ്രിങ്കും." സിന്ധു നടന്നുവന്ന വഴികളെ മെല്ലെ ഓർത്തെടുത്തു.

"മക്കളുടെ എണ്ണം കൂടുന്തോറും സിന്ധുവിനോടുള്ള സ്നേഹവും ബഹുമാനവും കൂടിയിട്ടേ ഉള്ളൂ. അടുക്കളജോലികൾ അത്ര പരിചിതമല്ലെങ്കിലും, കുട്ടികളെ വളർത്താൻ പരിചയക്കുറവില്ല. ആറാംമാസം മുതൽ പകൽസമയത്ത് കുട്ടികളെ ഓഫീസിൽ കൊണ്ടുപോയി കളിപ്പിക്കലും ഉറക്കലുമൊക്കെ എനിക്കും ശീലമാണ്. നെഞ്ചിൽക്കിടത്തിയുറക്കി മെല്ലെ, തറയിൽ വിരിച്ച ബെഡ്ഡിലേക്കു കിടത്തും. നെഞ്ചേറി വളരുന്ന മക്കൾ നെഞ്ചോടു ചേർന്നുതന്നെ നിൽക്കില്ലേ?" എബിയുടെ ചോദ്യത്തിൽ



പാലാ മൂലയിൽതോട്ടത്തിൽ എബി ജെ.ജോസും സിന്ധുവും മക്കളോടൊപ്പം.

കരുതുന്ന ഒരപ്പന്റെ കനിവും കരുത്തുമുണ്ട്. മാധ്യമം കോട്ടയം എഡിഷൻ ന്യൂസ് എഡിറ്റർ, പാലാ ടൈംസ് എഡിറ്റർ ഇൻ ചീഫ്, പാലാ എം.എൽ.എ. മാണി സി. കാപ്പന്റെ പ്രസ് സെക്രട്ടറി - തിരാത്തിരക്കുകൾക്കിടയിലും തന്റെ ചുമതലകൾ ഒരിക്കലും കുഞ്ഞുങ്ങളെ പോറ്റാൻ തടസ്സമായിട്ടില്ലെന്ന് എബി പറയുന്നു. "വൈകിട്ട് എത്ര വൈകി വന്നാലും മക്കൾ കാത്തിരിക്കും. അതൊരു വലിയ സന്തോഷമല്ലേ? രാവിലെ വീട്ടിൽ നിന്നിറങ്ങുമ്പോൾ അവർ അപ്പന്റെ നെറ്റിയിൽ 'ആനാംവെള്ളം' തൊടുവിക്കും. മക്കളുടെ പ്രാർത്ഥന എപ്പോഴും കൂടെയുണ്ടെന്ന ധൈര്യമുണ്ട്. സിന്ധു രാമപുരത്ത് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയാണ്. രണ്ടുപേരുംകൂടി ഒരുമിച്ചോടിയാലല്ലേ കാര്യങ്ങൾ നടക്കൂ, കൈകോർത്ത് ഓടുകയാണ്, കർത്താവിന്റെകൂടെ..." എബി പറഞ്ഞു നിറുത്തി.

"പണ്ടു വർഷങ്ങൾക്കുമുമ്പ് ഞങ്ങൾ അഞ്ചുപേർ വളർന്ന സാഹചര്യങ്ങളല്ലല്ലോ ഇന്നത്തെ കുട്ടികൾക്കുള്ളത്. ഇല്ലായ്മകൾ കുറവാണെങ്കിലും, സ്നേഹത്തിലൊട്ടും പിശുക്കരുതെന്ന് ഞാനവരോടു പറയാറുണ്ട്. അവസാനത്തെ പ്രഗ്നൻസിയുടെ സമയത്ത്, മനസ്സ് നിറയെ അകാരണമായ ഒരു ഭയമുണ്ടായിരുന്നു, ഞാൻ മരിച്ചാൽ മക്കൾക്ക് ആരാണെന്ന ഒരു ചിന്ത. പ്രഷറും ഷുഗറും ഒക്കെയുണ്ടായിരുന്നു. എപ്പോഴും പ്രാർത്ഥിച്ചു. ആശുപത്രിയിൽ ചെന്നതേ, ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലാതെ അവളെ കൈയിൽക്കിട്ടി. മക്കളെല്ലാം വീട്ടുകാര്യങ്ങളിൽ കൂടെക്കൂടും. മൂത്തമോൾ ലിയ ഡിഗ്രിക്കു പഠിക്കുകയാണ്. പാചകത്തിലും കുട്ടികളെ നോക്കാനുമൊക്കെ എന്നോടൊട്ടി നില്ക്കും എപ്പോഴും. ദിയ പന്ത്രണ്ടിലും ഇവാന ഒൻപതിലുമാണു പഠിക്കുന്നത്. ദിയ എല്ലാറ്റിലും മുമ്പിലുണ്ടാവും. ഇവാന ശാന്തപ്രകൃതക്കാരിയാണ്. ചേച്ചിമാർ ഒത്തിരി പ്രാർത്ഥിച്ചു കിട്ടിയതാണ് ജോസഫിനെ. അവൻ പരീക്ഷണങ്ങളുടെ കൂട്ടുകാരനാണ്. ഇൻകുബേറ്റർ ഓർഡർ ചെയ്തു വരുത്തി ജോസഫ് കോഴിക്കുഞ്ഞുങ്ങളെ വളർത്തിയതൊക്കെ ഒരു കഥയാണ്. കുഞ്ഞുമോൾ കാതറൈൻ മൂന്നാം ക്ലാസിൽ പഠിക്കുന്നു. മൂത്തവരുടെ കൂടെ, എന്നാൽ, എല്ലാറ്റിലും അവരെക്കാൾ മുന്നിൽ. സമത്വം, സ്വാതന്ത്ര്യം, ഇന്ത്യൻ ഭരണഘടനയിലെ എല്ലാ അവകാശങ്ങളും നിരത്തി, സഹോദരിമാർ മുന്നിൽ നിൽക്കുമ്പോൾ ജോസഫ് ചിരിച്ചുകൊണ്ട് അവരുടെ കൂടെക്കൂടും.

"അവർക്കുവേണ്ടി വെയിലു കൊള്ളുന്ന അപ്പന്റെയും അമ്മയുടെയും തണലിൽ നിന്നുകൊണ്ട് എല്ലാം തനിയെ ചെയ്യാൻ അവർ ശ്രമിക്കുന്നുണ്ട്, വിജയിക്കാറുമുണ്ട്. എല്ലാ ദിവസവും മക്കളൊരുമിച്ച് മൂന്നുമണിക്ക് കരുണക്കൊന്ത ചൊല്ലും." സിന്ധു പറഞ്ഞപ്പോൾ എബി കൂട്ടിച്ചേർത്തു: "ആരോപണങ്ങളുടെയും പരാതികളുടെയും ലുത്തിനിയയെക്കാൾ എപ്പോഴും നല്ലത് അനുഗ്രഹങ്ങളുടെ വാഴ്വാണ്." അതേ, അതങ്ങനെതന്നെയാണ്. വാഴ്‌വിൽ അനുഗ്രഹങ്ങൾ നിറയട്ടെ.

■

---

ബാലനോവൽ 6 രാമപുരം മണി

# ധനുമാസത്തിലെ പൗർണമി



**രാ**ക്ഷസരാജൻ കറുപ്പച്ചൻ മൂത്തതിന്റെ വീട്. വരാന്തയിൽ ഒരു വലിയ കസാലയിൽ രാക്ഷസൻ കറുപ്പച്ചൻ മലർന്നു കിടന്നുറങ്ങുന്നു. ദംഷ്ട്രകളെല്ലാം പുറത്തുകാട്ടി വാതുറന്നുറങ്ങുന്ന രാക്ഷസനെക്കണ്ടാൽ ആരും പേടിച്ചുപോകും. ആന അലറുന്നതുപോലെ കൂർക്കംവലി ഉയർന്നു.

ഗ്രേ... ഗ്രേ...

കറുപ്പച്ചൻ മൂത്തതിന്റെ മകൻ രാക്ഷസപ്രവീണൻ അങ്ങോട്ടു കയറിച്ചെന്നു. വരാന്തയിലെ കാഴ്ച കണ്ട് പ്രവീണൻ പേടിച്ചുപോയി.

"അമ്പ്രയ്യോ..." എന്നയാൾ ഒച്ചവച്ചു. ങേഹേ... കറുപ്പച്ചൻ ഉണരുന്ന ലക്ഷണമില്ല.

'അച്ഛോ കറുപ്പച്ചൻ മൂത്തതേ ഏറ്റുവായോ...'' പ്രവീണൻ അച്ഛന്റെ ചെവിക്കടുത്തു ചെന്നു വെടിപൊട്ടുന്ന ശബ്ദത്തിലാണു പറഞ്ഞത്.

മൂപ്പൻ ഞെട്ടിയെഴുന്നേറ്റു.

"ആരെടാ എന്തവാടാ മൻഷേനെ കെടത്തി ഒറക്കത്തില്ലേ..." കറുപ്പച്ചൻ അവ്യക്തമായിപ്പറഞ്ഞു.

"അച്ഛോ അപ്പൻ ഒറക്കമാരുന്നോ ഒറക്കമല്ലാരുന്നോ..."

"എടാ, എടാ, പറവീണാ രാക്ഷസശവമേ, നീ എന്നോടെതിർക്കുന്നാ. ഇബടെ വാടാ നെന്റെ പൊറത്തെ തൊലി ഞാനൊന്നു പൊളിക്കട്ടെ." കറുപ്പച്ചൻ മൂത്തത് ഉറക്കം മുറിഞ്ഞതിലുള്ള ദേഷ്യത്തിലാണ്.

ദിഗന്തങ്ങൾ പൊട്ടുമാറുച്ചത്തിൽ രാക്ഷസപ്രവീണൻ ചിരിച്ചുപോയി.

****

മെയ്‌വർണനും കൈക്കരുത്തനും രാജാവിനെ മുഖം കാണിക്കാൻ ചെന്നു.

"തിരുമനസ്സേ, അന്നു നായാട്ടിനു പോയപ്പോൾ ചില സംഭവങ്ങളുണ്ടായി.'' മെയ്‌വർണൻ പറഞ്ഞു.

"ഒരു രാക്ഷസൻ വന്നു ഞങ്ങളുടെ വഴി തടഞ്ഞു." കൈക്കരുത്തനാണു പറഞ്ഞത്.

"ഞങ്ങളോടു കുറെ തർക്കിച്ചശേഷം അയാൾ രൂപം മാറി ഒരു രാജകുമാരനായി."

"എന്നിട്ട്..." ബാക്കി കേൾക്കാൻ രാജാവു ജിജ്ഞാസുവായി.

"അയാൾ രാജകുമാരിയുമായി കുറേനേരം സംസാരിച്ചു. രാജകുമാരിക്ക് അയാളെ ഇഷ്ടപ്പെട്ടെന്നു തോന്നുന്നു. ആ രാജകുമാരൻ നമ്മുടെ രാജകുമാരിയെ പ്രണയിക്കുന്നുണ്ടോ എന്നൊരു സംശയം ഞങ്ങൾക്കുണ്ട്."

''മെയ്‌വർണൻ പറഞ്ഞതു ശരിയാണെന്നു നമുക്കും തോന്നി. കുമാരി ഒരു രാജകുമാരനെ കാട്ടിൽ വച്ചു



കണ്ടെന്ന് എന്നോടു പറഞ്ഞിരുന്നു. നാമതിനു കുമാരിയോടു മറുപടിയൊന്നും പറഞ്ഞില്ലെന്നേയുള്ളൂ. നമ്മുടെ മകൾ വളരെ സന്തോഷവതിയായിരുന്നു. അവളുടെ ആഹ്ലാദം തല്ലിക്കെടുത്തേണ്ടല്ലോ എന്നു വിചാരിച്ചു."

''രാജകുമാരിയെക്കുറിച്ച് ഇത്രയും പറഞ്ഞതിന് തിരുമനസ്സുകൊണ്ടു പൊറുക്കണം.'' മെയ്‌വർണൻ രാജാവിനോടു ക്ഷമ ചോദിച്ചു.

"മെയ്‌വർണാ, സമാധാനിക്കൂ. താങ്കൾ തെറ്റൊന്നും ചെയ്തിട്ടില്ല. അതുകൊണ്ടു ക്ഷമ ചോദിക്കേണ്ട ഒരാവശ്യവുമില്ല, ഇപ്പോൾ പൊയ്ക്കൊള്ളൂ."

കൈക്കരുത്തനും മെയ്‌വർണനും പോയി.

രാജകുമാരിയുടെ സ്വഭാവമാറ്റത്തിൽ രാജാവ് അദ്ഭുതം കൂറി. മൗനമായി വീണ വായിച്ച് മുറിക്കകത്തിരുന്ന സുഗന്ധി. തന്റെ മകൾ ഇന്നു സന്തോഷവതിയാണ്. തോഴിമാരോടൊത്തുകൂടി കളിച്ചു ചിരിക്കുന്നു. വീണ വായിക്കുന്നതു വല്ലപ്പോഴും മാത്രം.

ആ രാജകുമാരൻ ആരാണ്? ഏതു രാജ്യത്തിലേതാണ്? അവൻ രാക്ഷസൻ രൂപം മാറിയതാണെന്നാണല്ലോ സേവകൻ പറഞ്ഞത്. അങ്ങനെയെങ്കിൽ രാജകുമാരിയെ കബളിപ്പിച്ചു തട്ടിക്കൊണ്ടു പോകുവാനാണോ? ഹേയ് അങ്ങനെയെങ്കിൽ അതവന് അന്നുതന്നെ ചെയ്യാമായിരുന്നു. ഒരു രാക്ഷസനാവുമ്പോൾ രാജകുമാരിയെ തട്ടിക്കൊണ്ടു പോവുക വളരെ എളുപ്പമാണ്. ശരി അവന്റെ ലക്ഷ്യമെന്തെന്ന് കാത്തിരുന്നു കാണാം. "ആരവിടെ... ചാരുലതയെ വിളിക്കൂ..." രാജാവു കല്പിച്ചു. രാജസേവകൻ മണ്ടശിരോമണി ചാരുലതയെ പറഞ്ഞയച്ചു.

"രാജരാജൻ വിജയിച്ചാലും. എന്തിനാണു പ്രഭോ നമ്മോടു വരാൻ പറഞ്ഞത്?"

''രാജകുമാരി എന്തെടുക്കുന്നു?"

''കുമാരി വീണ വായിച്ചു പാട്ടുപാടുകയാണ്."

"ഉവ്വോ. നല്ലതുതന്നെ. സംഗീതം അവൾക്കൊരിക്കലും മറക്കാൻ കഴിയില്ല. ശരി പൊയ്ക്കൊള്ളൂ. നിങ്ങൾ രണ്ടു തോഴിമാരും എപ്പോഴും കുമാരിക്കടുത്തുതന്നെ ഉണ്ടാവണം."

"ഉത്തരവ്." ചാരുലത പോയി.

"ആരവിടെ?"

"ഇതാ ഞാനിവിടെ തിരുമനസ്സേ." കൈയിൽ കുന്തവുമായി രാജസേവകൻ മണ്ടശിരോമണി പ്രത്യക്ഷപ്പെട്ടു. (തുടരും)

# കുഞ്ഞുലിയോയും വന്യജീവിപരിപാലനവും



32
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

'എന്റെ പൊന്നുസാറേ, എന്റെ ചെക്കനെക്കൊണ്ടു ഞാൻ തോറ്റു! അവനു പഠിക്കാൻ സമയമില്ല. ഏതു നേരവും പക്ഷികളുടെയും പറപ്പകളുടെയും പിറകെയാ...' എന്നു വിലപിക്കുന്ന അഭ്യസ്തവിദ്യയായ ഒരമ്മയെ കഴിഞ്ഞ ദിവസം കാണാനിടയായി.

അവന്റെ ഈ 'പാഷനെ' ഇത്തിരി ഗൗരവത്തോടെയെടുത്ത് അവനോടൊപ്പംനിന്ന് ഒന്നു സഹായിച്ചാൽ, പ്രോത്സാഹിപ്പിക്കാനായാൽ ചെക്കൻ അവന്റെ ആകാശം കണ്ടെത്തി അങ്ങു പറന്നുകൊള്ളും. പിന്നീടവൻ മണ്ണിൽ ചവിട്ടുന്നത്, മാതാപിതാക്കൾക്കും കുടുംബത്തിനും നാട്ടാർക്കും അഭിമാനമായ, ലോകം അറിയുന്ന ഒരു ശാസ്ത്രകാരനായിട്ടായിരിക്കും. ഇത്തരം ചില അനുകൂലസാഹചര്യങ്ങൾ ചെറുപ്പത്തിലേ കുടുംബത്തിൽനിന്നു ലഭ്യമായതുകൊണ്ടാകാം തന്റെ 24-ാമത്തെ വയസ്സിൽത്തന്നെ അമേരിക്കയിലെ അറിയപ്പെടുന്ന ഒരു ഫോറസ്റ്ററാകാൻ ആൽഡോ ലിയോപോൾഡിനായത്; പിന്നീട്, വന്യജീവിപരിപാലനശാസ്ത്രത്തിന്റെതന്നെ പിതാവെന്ന പേരിൽ പ്രസിദ്ധനാകാനും അദ്ദേഹത്തിനു സാധിച്ചത്. 1948 ൽ തന്റെ 61-ാമത്തെ വയസ്സിൽ വസതിക്കടുത്തുണ്ടായ കാട്ടുതീ അണയ്ക്കാനുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുമ്പോൾ ആകസ്മികമായുണ്ടായ ഹൃദയാഘാതംവഴി ലിയോ വിട പറയുമ്പോൾ, ലോകത്തിന് അറിയാനും പഠിക്കാനും മാതൃകയാക്കാനും നിരവധി സംഭാവനകൾ അദ്ദേഹം നൽകിക്കഴിഞ്ഞിരുന്നു.

അഞ്ചു മക്കളോടും ഭാര്യയോടുമൊപ്പം ഓരോ വർഷവും അപ്പൻ നടത്താറുണ്ടായിരുന്ന കാനനയാത്രകൾ കുഞ്ഞുലിയോയ്ക്കു വളരെ ഇഷ്ടമായിരുന്നു. പരിസരങ്ങളിലുള്ള പക്ഷികളെ നിരീക്ഷിക്കുകയും അവയുടെ കാറ്റലോഗ് തയ്യാറാക്കിവയ്ക്കുകയും ചെയ്യുക എന്നതായിരുന്നു ലിയോപോൾഡിന്റെ ഹോബി. ഓരോ അവധിക്കാലത്തും കുടുംബാംഗങ്ങൾ ഒരുമിച്ചു നടത്തിയ ഈ യാത്രകൾ ലിയോപോൾഡിലെ പ്രകൃതിശാസ്ത്രജ്ഞനു വളരാനുള്ള അവസരങ്ങളായി മാറി. വളരെ ചെറുപ്പത്തിൽത്തന്നെ പ്രകൃതിയോടു തോന്നിയ ഇഷ്ടവും നിരന്തരമായ സാഹസികയാത്രകളിലൂടെ ആർജിച്ച അനുഭവപരിചയവും ഫോറസ്ട്രി കോഴ്സ് തിരഞ്ഞെടുക്കാൻ കാരണമായി. തുടർന്ന് 1909 ൽ ഫോറസ്റ്റ സർവീസിൽ ചേർന്ന ലിയോപോൾഡ് വളരെ കുറഞ്ഞ സമയംകൊണ്ട് അസോസിയേറ്റ് ഡയറക്ടർ, ഡയറക്ടർ തുടങ്ങിയ പദവികളിൽ എത്തിച്ചേർന്നു.

സാഹസികമായ യാത്രകളിലൂടെയും താത്പര്യപൂർവമുള്ള നിരീക്ഷണങ്ങളിലൂടെയും സ്വായത്തമാക്കിയ ആശയങ്ങൾ പ്രാവർത്തികമാക്കാൻ സ്വന്തമായി 80 ഏക്കർ ഭൂമി വാങ്ങി. മനുഷ്യന്റെ അധിനിവേശംകൊണ്ടു നശിപ്പിക്കപ്പെട്ട ആവാസവ്യവസ്ഥയെ തന്റെ പാരിസ്ഥിതികദർശനത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർമിക്കാനുള്ള ശ്രമത്തിന്റെ ആരംഭമായിരുന്നത്. പരിസ്ഥിതിസംരക്ഷണം, പരിസ്ഥിതി സംതുലനം, എല്ലാറ്റിനുമുപരി ഭൂമിയുടെ ഉപയോഗം എന്നിവയെക്കുറിച്ചുള്ള നൈതികമായ കാഴ്ചപ്പാടുകൾ ശക്തമായി അവതരിപ്പിക്കുന്ന ഈടുറ്റ ലേഖനങ്ങൾ ശാസ്ത്രലോകം തികഞ്ഞ ബഹുമാനത്തോടെ സ്വീകരിക്കുകയും, ചർച്ച ചെയ്യുകയും ചെയ്തു. ലോകത്താദ്യമായി വൈൽഡർനസ് ഏരിയ, ഫാം തുടങ്ങിയ നവീനസങ്കല്പങ്ങൾക്കു തുടക്കംകുറിച്ചത് ലിയോപോൾഡാണ്. ആവാസവ്യവസ്ഥയിൽ സിംഹം, കടുവ, കുറുക്കൻ തുടങ്ങിയ മാംസഭുക്കുകളുടെ പ്രാധാന്യത്തെക്കുറിച്ചും പരിസ്ഥിതിസംതുലനാവസ്ഥയിൽ അവ വഹിക്കുന്ന പങ്കിനെക്കുറിച്ചുമുള്ള അറിവുകൾ ശാസ്ത്രീയമായി അവതരിപ്പിച്ചതും ലിയോപോൾഡാണ്.

പാരിസ്ഥിതിക ഇടപെടലുകളെക്കുറിച്ചും പരിസ്ഥിതിസംതുലനത്തെക്കുറിച്ചും പാരിസ്ഥിതികനൈതികതയെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ലേഖനങ്ങളുടെ സമാഹാരം A sand country Almanac എന്ന വിശ്വപ്രസിദ്ധ പുസ്തകം പതിന്നാലു ഭാഷകളിലേക്കു തർജമ ചെയ്തിട്ടുണ്ട്. പ്രകൃതിസംരക്ഷണത്തിന് ഒരു പുതിയ നിർവചനം അദ്ദേഹം അതിൽ നൽകുന്നുണ്ട്: 'Conservation is the harmony between men and Land.' മനുഷ്യരും ഭൂമിയും തമ്മിലുള്ള പാരസ്പര്യമാണതെന്ന് ലിയോ പറഞ്ഞുവയ്ക്കുമ്പോൾ മനുഷ്യർ തമ്മിലുള്ള എല്ലാത്തരം ബന്ധങ്ങളിലേക്കും ആഴ്ന്നിറങ്ങുന്ന ഒന്നായതു മാറുന്നു. പരസ്പരാശ്രയത്വത്തിന്റെയും വിനയത്തിന്റെയും സഹകരണത്തിന്റെയും ഒരു മാതൃക അതു നമുക്കുമുമ്പിൽ പങ്കുവയ്ക്കുന്നു.



ആൽഡോ ലിയോപോൾഡ്

ഏതൊരു പ്രവർത്തനത്തിലെയും ശരിയും തെറ്റുമേതെന്നു തിരിച്ചറിയാനുള്ള വളരെ ലളിതമായ എന്നാൽ, പ്രൗഢസുന്ദരമായ ഒരു മാർഗം ലിയോ പോൾഡ് പറഞ്ഞുവയ്ക്കുന്നുണ്ട്. നാം ചെയ്യുന്ന ഏതൊരു കാര്യവും അതു ജീവസമൂഹത്തിന്റെ സൗന്ദര്യത്തെയും സുസ്ഥിരതയെയും സമഗ്രതയും കാത്തുസൂക്ഷിക്കുന്നുവെങ്കിൽ ആ കാര്യം ശരിയാണ്. മറിച്ചാണെങ്കിൽ തെറ്റും.

നാം ജീവിക്കുന്ന നമ്മുടെ സ്ഥലം അല്ലെങ്കിൽ ഭൂമിയെക്കുറിച്ചുള്ള അതിമനോഹരമായ വ്യാഖ്യാനങ്ങൾ ഉൾക്കൊള്ളുന്ന ഒരധ്യായം ഈ പുസ്തകത്തിലദ്ദേഹം ചേർത്തിട്ടുണ്ട്. അധ്യായത്തിന്റെ പേര് LAND ETHICS എന്നാണ്. ലാൻഡ് എന്നതു മണ്ണു മാത്രമല്ലെന്നും അതിലെ ജീവിയ അജീവിയ ഘടകങ്ങളും മണ്ണിനു മുകളിൽ ആകാശം വരെ കാണപ്പെടുന്ന വിവിധ ട്രോപ്പിക് ലെവലുകളും ചേർന്ന ജീവന്റെ ആധാരശിലയാണെന്നും ലിയോപോൾഡ് പ്രഖ്യാപിക്കുന്നു. അതുക്കുംമേലെ മണ്ണ് ധനാഗമനത്തിനുള്ള ഒരു വില്പനച്ചരക്കായി കാണേണ്ടതല്ലെന്നും മനുഷ്യരുൾപ്പെടുന്ന ഒരു ജീവസമൂഹമാണെന്നും ആ നിലയിൽ കാണുമ്പോൾ മാത്രമാണു നമുക്കതിനെ ആദരിക്കാനും സ്നേഹിക്കാനും സംരക്ഷിക്കാനും കഴിയൂവെന്നും അദ്ദേഹം പറഞ്ഞുവയ്ക്കുന്നു. മണ്ണും മനുഷ്യനും തമ്മിലുള്ള പവിത്രമായ ബന്ധത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ അദ്ദേഹം പറയുന്നു: "മണ്ണുമായി നമുക്കുണ്ടാകേണ്ട ബന്ധം ഒരു നല്ല സുഹൃത്തിനോടെന്നപോലെയാണ്. സന്തോഷത്തോടെ സുഹൃത്തിന്റെ വലതുകൈ പിടിച്ചു കുലുക്കി നാം സ്വീകരിക്കുമ്പോൾ, സുഹൃത്തിന്റെ ഇടതുകൈ നാം മുറിച്ചു മാറ്റാറില്ലല്ലോ? എന്നാൽ, ഭൂമിയോടു നാം ഇതു ചെയ്യാറില്ലേ എന്ന ചോദ്യം നമ്മെ അസ്വസ്ഥതപ്പെടുത്തണം." സാൻഡ് കൗണ്ടി ആൽമനക് എന്ന പുസ്തകത്തിൽ മനുഷ്യാധിപത്യമധികമില്ലാത്ത ഒരു സ്ഥലം സന്ദർശിച്ച വേളയിൽ അദ്ദേഹം പറയുന്നുണ്ട്: "പ്രകൃതി ഒരു ജീവിയാണെന്ന യാഥാർത്ഥ്യം ഞാൻ പണ്ടേ മനസ്സിലാക്കിയതാണ്.'' എന്നാൽ, രോഗാതുരമായ പ്രകൃതിയെ മാത്രമേ ഇതുവരെ കണ്ടിട്ടുള്ളൂ. ഇപ്പോൾ ഇവിടെ ആരോഗ്യമുള്ള ഒരു പ്രകൃതിയെ കണ്ടതിലുള്ള സന്തോഷത്തിലാണ് ഞാൻ."

നൂറിലധികം വർഷംമുമ്പ് ലിയോപോൾഡ് തിരിച്ചറിഞ്ഞ ഈ സത്യം അടുത്തിടെ മദ്രാസ് ഹൈക്കോടതി മധുര ബെഞ്ചും ആവർത്തിച്ചു പ്രഖ്യാപിച്ചു. പൗരന്മാരെപ്പോലെതന്നെ നിയമപരമായ എല്ലാ അവകാശങ്ങളുമുള്ള ജീവനുള്ള വ്യക്തിയാണ് പ്രകൃതി എന്നുള്ള ജസ്റ്റിസ് എസ്. ശ്രീമതിയുടെ നിർണായകപ്രഖ്യാപനം മനുഷ്യവർഗത്തിനുവേണ്ടിയുള്ള സംരക്ഷണപ്രഖ്യാപനംതന്നെയാണെന്നു തിരിച്ചറിയണമെന്നുമാത്രം. സ്വയം രക്ഷിക്കാൻ ശേഷിയില്ലാത്തവർക്ക് കോടതി രക്ഷാകർത്താവാകുകയും സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്ന പേരൻസ് പാട്രിയേ ജൂറിസ്ഡിക്ഷൻ എന്ന അധികാരം ഉപയോഗിച്ചാണ് ഈ നടപടി.

ലിയോപോൾഡ് മുൻകൂട്ടിക്കണ്ട രണ്ട് അപകടങ്ങളെക്കുറിച്ച് ഓർമ്മിക്കട്ടെ.

ഒരു വിത്ത് നടാത്തവർ
രണ്ടപകടങ്ങൾക്കു വിധേയരാണ്;
പ്രാതൽ ധാന്യക്കടകളിൽനിന്നു വരുന്നുവെന്നും
തീയുണ്ടാകുന്നത് ചൂളയിലാണെന്നും.

ജീവനില്ലാത്ത മെഷീനുകൾക്കൊപ്പമല്ല, ജീവനുള്ള പ്രകൃതിക്കൊപ്പം കൂടുതൽ സമയവും നമുക്കു ചെലവഴിക്കാം.

■

# ഏകീകൃത സിവിൽനിയമം

## മതേതരത്വത്തിൽ നിഴൽ വീഴ്ത്തുമോ?

*1-ാം പേജ് തുടർച്ച*

ഇസ്ലാമികരാജ്യങ്ങളുടേത് ഏകീകൃതനിയമമെന്നു വാദിക്കുമ്പോൾ ശരിഅത്ത് മാത്രമാണ് ഇതിന് അടിസ്ഥാനമെന്നത് ഓർമിക്കണം. മതം നോക്കാതെ ശരിഅത്ത് നിയമം ആ രാജ്യങ്ങളിലുള്ളവർക്കെല്ലാം ബാധകമാണ്. ബംഗ്ലാദേശ്, ഇന്തോനേഷ്യ തുടങ്ങി ചില രാജ്യങ്ങളിൽ നിയമം മതേതരമാണെങ്കിലും സുപ്രധാന കാര്യങ്ങൾ ശരിഅത്ത് കേന്ദ്രീകൃതമാണ്. അമേരിക്കയും യൂറോപ്യൻരാജ്യങ്ങളും മതം നോക്കാതെ എല്ലാ പൗരന്മാർക്കും തുല്യമായ മതേതരനിയമമാണു നടപ്പാക്കുന്നത്. യൂറോപ്യൻ രാജ്യങ്ങളിൽ നിയമങ്ങൾ നടപ്പാക്കിയപ്പോൾ ക്രിസ്ത്യൻ ജനസംഖ്യ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽത്തന്നെ വിവിധ മതവിഭാഗങ്ങളുടെ ആവശ്യങ്ങളും തടസ്സവാദങ്ങളും ഉയർന്നിരുന്നില്ല. അതേസമയം, പൗരന്മാരുടെ വ്യക്തിപരമായ കാര്യങ്ങളിൽ മതത്തിന് ഒരു പങ്കുമില്ലെന്ന നിലപാടാണ് കാലങ്ങളായി ഈ രാജ്യങ്ങൾ തുടരുന്നത്.

**ഭരണഘടനാശില്പികളുടെ കാഴ്ചപ്പാട്**

വിവിധ മതവിഭാഗങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും സർവോപരി വിഭിന്ന സംസ്കാരങ്ങളുമുള്ള രാജ്യമെന്ന നിലയിലാണ് വ്യക്തിനിയമങ്ങൾ രാജ്യത്തു നിലനിൽക്കുന്നത്. ഭരണഘടനാശില്പികൾപോലും ഏകീകൃത സിവിൽ കോഡ് തങ്ങൾ രൂപം നൽകിയ ഭരണഘടനയിൽ ഉൾക്കൊള്ളിക്കാതെ ഭരണഘടനയുടെ 44-ാം അനുച്ഛേദപ്രകാരം ഏകീകൃത സിവിൽ കോഡിനായി സ്റ്റേറ്റ് ശ്രമിക്കണമെന്നു നിർദേശിക്കുക മാത്രമാണ് ചെയ്തത്. വിവിധ മതവിഭാഗങ്ങളുടെ ആചാരപരവും സാംസ്കാരികപരവുമായ വൈവിധ്യങ്ങളെ ഉൾക്കൊണ്ടുള്ള നിയമനിർമാണംമാത്രമേ ജനാധിപത്യരാജ്യത്തിന്റെ ഐക്യത്തിനും ഭദ്രതയ്ക്കും വളർച്ചയ്ക്കും ഉപകരിക്കുകയുള്ളൂവെന്ന തിരിച്ചറിവായിരുന്നു ഭരണഘടനാരൂപവത്കരണവേളയിലെ ഈ നിലപാടിനു പിന്നിൽ.

**സുപ്രധാന വഴിത്തിരിവ്**

1985 ലെ ഷാബാനു കേസിലെ വിധി വ്യക്തിനിയമത്തിന്റെ സുപ്രധാന വഴിത്തിരിവാണ്. മുഹമ്മദ് അഹമ്മദ് ഖാനെന്ന നിയമജ്ഞൻ മധ്യപ്രദേശിലെ ഇൻഡോർ സ്വദേശിനിയായ 62 വയസ്സുള്ള ഭാര്യ ഷബാനു ബീഗത്തെ ശരിയത്ത് നിയമപ്രകാരം മൂന്നു പ്രാവശ്യം തലാക്ക് ചൊല്ലി ബന്ധം ഒഴിഞ്ഞു. ഷബാനു ബീഗം തനിക്കു ജീവനാംശം ലഭിക്കണമെന്നാവശ്യപ്പെട്ട് കോടതിയെ സമീപിച്ചു. കീഴ്ക്കോടതി അനുകൂലമായി വിധിച്ചു. 1985 ലെ ക്രിമിനൽ നടപടി നിയമത്തിലെ 125-ാം വകുപ്പു പ്രകാരം 500 രൂപ പ്രകാരം മാസംതോറും ജീവനാംശം നൽകണമെന്നാണു വിധി. താൻ മുസ്ലീമാണെന്നും ശരിയത്ത് നിയമമാണു തനിക്കു ബാധകമെന്നും ക്രിമിനൽ നിയമത്തിലെ 125-ാം വകുപ്പ് തനിക്കു ബാധകമല്ലെന്നും കാണിച്ച് അഹമ്മദ്ഖാൻ സുപ്രീംകോടതിയെ സമീപിച്ചു. ചീഫ് ജസ്റ്റിസ് വൈ.വി. ചന്ദ്രചൂഡനാകട്ടെ വിവാഹബന്ധം വേർപെടുത്തിയാലും മുസ്ലീംസ്ത്രീകൾക്കു ജീവനാംശത്തിന് അർഹതയുണ്ടെന്നും വിധിച്ചു. വ്യക്തിനിയമങ്ങളേക്കാളുപരി ദേശീയതാത്പര്യങ്ങൾ സംരക്ഷിക്കുകയും പരിഗണിക്കുകയും ചെയ്യുന്ന ഏകീകൃത സിവിൽ കോഡ് വേണമെന്നും വിധിന്യായത്തിൽ വ്യക്തമാക്കി. വിധിക്കെതിരേ മുസ്ലീം സംഘടനകൾ തെരുവിലിറങ്ങി. കോടതിവിധിയെ മറികടക്കാൻ 1986 ൽ രാജീവ് ഗാന്ധി മുസ്ലീം വനിതാ സംരക്ഷണനിയമം കൊണ്ടുവന്ന് ഈ വിധിയെ അപ്രസക്തമാക്കി.

1995 ലെ സരളമുഗ്ദൾ കേസിലും, ഫാ. ജോൺ വള്ളമറ്റം കേസിലും വിധിന്യായത്തിൽ ഏകീകൃത സിവിൽ കോഡ് നിർമിക്കുന്നതിന് പാർലമെന്റ് മുൻകൈ എടുക്കണമെന്ന പരാമർശമുണ്ടായി. തുടർന്നിങ്ങോട്ട് വ്യക്തിനിയമം സംബന്ധിച്ച് വിവിധ വിധിന്യായങ്ങളിൽ ഉന്നത നീതിപീഠം ഇതാവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

**ഗോവയിലെ ഏകീകൃത സിവിൽ കോഡ്**

ഗോവ മാത്രമാണ് ഏകീകൃത വ്യക്തിനിയമം നടപ്പിലാക്കിയിട്ടുള്ള ഇന്ത്യയിലെ ഏക സംസ്ഥാനം. മതവ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യ അവകാശം ഉറപ്പാക്കാൻ ഗോവ സ്വീകരിച്ച നടപടികൾ മികച്ച ഉദാഹരണമാണെന്നും സുപ്രീംകോടതി ചൂണ്ടിക്കാട്ടി. ഭരണഘടനയുടെ 44-ാം അനുച്ഛേദം ഏകീകൃത സിവിൽ കോഡിനെക്കുറിച്ചു പറയുന്നതായും കോടതി ചൂണ്ടിക്കാട്ടിയിരുന്നു. ഗോവനിവാസികളുടെ പിന്തുടർച്ചാവകാശവും ആദായക്രമവും നിർണയിക്കുന്ന 1867 ലെ പോർച്ചുഗീസ് വ്യക്തിനിയമവുമായി ബന്ധപ്പെട്ട കേസിലായിരുന്നു കോടതിയുടെ പരാമർശം. ഗോവൻ നിവാസികളുടെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വസ്തുവകകളുടെ പിന്തുടർച്ചാവകാശം സംബന്ധിച്ച പ്രത്യേക നിയമമായ പോർച്ചുഗീസ് വ്യക്തിനിയമം ഇന്ത്യൻ നിയമമോ രാജ്യാന്തരനിയമമോ എന്ന വിഷയമാണ് കോടതി പരാമർശിച്ചത്.

ഗോവയിലെ ഏകീകൃതകുടുംബനിയമങ്ങൾക്കു പിന്നിൽ പോർച്ചുഗീസ് തത്ത്വശാസ്ത്രമാണുള്ളത്. കുടുംബത്തെ സമൂഹത്തിന്റെ നട്ടെല്ലായി ഉയർത്തിക്കാട്ടി ഭാര്യാഭർത്തൃബന്ധത്തിലെ സഹിഷ്ണുത പ്രോത്സാഹിപ്പിക്കപ്പെടണമെന്നതാണ് ഇവർ പറയുന്നത്. ഗോവയിലെ കുടുംബ സമൂഹബന്ധങ്ങളും മതനിരപേക്ഷതയും എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്നുള്ളത് കൂടുതൽ പഠനവിഷയമാക്കേണ്ടിയിരിക്കുന്നു. വിവാഹം, വിവാഹമോചനം, പിന്തുടർച്ച എന്നിവയുമായി ബന്ധപ്പെട്ട ഈ നിയമങ്ങൾ എല്ലാ ഗോവക്കാർക്കും ബാധകമാണ്. ഇന്ത്യയിലെ ക്രൈസ്തവകേന്ദ്രങ്ങളിലൊന്നാണ് ഗോവയെന്നതും ഓർമിക്കുക.

**നിയമപരിഷ്കരണ ശുപാർശകൾ**

2017 ഒക്ടോബറിൽ ഏകീകൃത സിവിൽ കോഡിനായുള്ള നിയമപരിഷ്കരണ കമ്മീഷന്റെ ഉപസമിതി കേന്ദ്രസർക്കാരിൽ ശിപാർശകൾ സമർപ്പിച്ചു. മുതിർന്ന സുപ്രീംകോടതി അഭിഭാഷകൻ ഒഷ്യന്ത് അറോറ അധ്യക്ഷനായ എട്ടംഗ ഉപസമിതിയാണ് ശിപാർശകൾ നൽകിയത്. ഇന്ത്യയിൽ നിലവിലുള്ള വ്യക്തിനിയമങ്ങൾ അസാധുവാക്കണം. സ്വവർഗവിവാഹത്തിന് അനുമതി നൽകണം. ഒരുമിച്ച് ജീവിക്കാൻ നിശ്ചയിക്കുന്ന സ്വവർഗാനുരാഗികൾക്കു കുട്ടികളെ ദത്തെടുക്കുന്നതിൽ തടസ്സമുണ്ടാകരുത്. അവർക്കു നിയമസംരക്ഷണവും നൽകണം. വിവാഹം, വിവാഹമോചനം, കുട്ടികളുടെ സംരക്ഷണാവകാശം, പിന്തുടർച്ചാവകാശം എന്നിവയിൽ സ്ത്രീപുരുഷ പക്ഷപാതിത്വം പാടില്ലെന്നും കരടുറിപ്പോർട്ടിലുണ്ട്. ഏകീകൃത സിവിൽ കോഡ് പ്രാബല്യത്തിൽ വരുന്നതോടെ നിലവിലുള്ള എല്ലാ വ്യക്തിനിയമങ്ങളും അസാധുവാകുമെന്നും വ്യക്തമാക്കുന്നു. 2016 ൽ ഇതോടനുബന്ധിച്ച് 16 വ്യത്യസ്ത വിഷയങ്ങളടങ്ങുന്ന ചോദ്യാവലിയും നിയമപരിഷ്കരണ കമ്മീഷൻ പുറത്തിറക്കിയിരുന്നു. ക്രിസ്ത്യൻ വിവാഹമോചനത്തിനുള്ള കാലയളവ് എടുത്തുകളയേണ്ടതുണ്ടോ? ഹിന്ദുസ്ത്രീകൾക്ക് സ്വത്തവകാശത്തിൽ തുല്യപരിഗണന ഉറപ്പാക്കേണ്ടതല്ലേ? വിവാഹം, വിവാഹമോചനം, ദത്തെടുക്കൽ എന്നിവയെല്ലാം ഏകീകൃത സിവിൽ നിയമത്തിന്റെ കീഴിൽ കൊണ്ടുവരേണ്ടതുണ്ടോ? ഏകീകൃത പൗരനിയമം മതസ്വാതന്ത്ര്യത്തെ ഹനിക്കുമോ? എന്നിവയെല്ലാം ചോദ്യാവലിയിൽ സൂചിപ്പിച്ചിരുന്നു. പക്ഷേ, കമ്മീഷന്റെ ഒരു നടപടിക്രമത്തിനും ന്യായവാദത്തിനുമപ്പുറം ഈ ചോദ്യങ്ങൾ പൊതുസമൂഹത്തിലേക്ക് വേണ്ടരീതിയിൽ എത്തിച്ചേർന്നില്ലന്നുള്ളതാണ് വാസ്തവം.

**വാദമുഖങ്ങളും മറുപടിയും**

ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്കെതിരേ ബിജെപി നടത്തുന്ന ഗൂഢാലോചനയെന്നാണ് ഏകീകൃത പൗരനിയമത്തിനെതിരേ ഉയരുന്ന പ്രധാന ആരോപണം. ഇതിനെ പ്രതിപക്ഷത്തിന്റെ സ്ഥിരം പല്ലവിയെന്നുപറഞ്ഞ് തള്ളിക്കളയാം. എന്നാൽ, മറ്റുചില വാദമുഖങ്ങളുമുണ്ട്. 1) ഭരണഘടന ഉറപ്പാക്കിയിരിക്കുന്ന മതസ്വാതന്ത്ര്യം ഇല്ലാതാകും. 2) സാംസ്കാരികസ്വത്വം നഷ്ടപ്പെടും. 3) ബഹുസ്വരതയെ വെല്ലുവിളിക്കും. 4) ഹിന്ദു കോഡ് അടിച്ചേല്പിക്കപ്പെടും. മേൽപ്പറഞ്ഞ നാലു കാര്യങ്ങൾക്കും വ്യക്തമായ മറുപടികളുണ്ടാകണം. ഏകീകൃത പൗരനിയമം എന്താണെന്നുള്ള കരടുരൂപരേഖ പൊതുസമൂഹത്തിൽ ഇതിനായി അവതരിപ്പിക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. പ്രത്യേകിച്ച്, സർക്കാരുകൾ നിയമങ്ങൾ നിർമിക്കുമ്പോൾ അതിന്റെ മറവിൽ തീവ്രവാദപ്രസ്ഥാനങ്ങളും സാമൂഹികവിരുദ്ധരും അക്രമങ്ങൾ അഴിച്ചുവിട്ട് അരാജകത്വം സൃഷ്ടിക്കുന്നത് ഇന്ത്യയിലുടനീളം ആവർത്തിക്കുന്നത് നാം ദിവസേന കാണുന്നതാണ്.

**കോടതിക്കുമുമ്പിൽ സർക്കാർ**

രാജ്യത്ത് മൂന്നു മാസത്തിനുള്ളിൽ ഏകീകൃത പൗരനിയമം നടപ്പാക്കുവാൻ നിർദേശം പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ട് ബിജെപി നേതാവ് അശ്വിനി ഉപാധ്യായ കോടതിയെ സമീപിക്കുകയുണ്ടായി. അദ്ദേഹം നൽകിയ ഹർജിയിൽ ഏകീകൃത സിവിൽ കോഡ് വൈകാരികമായ വിഷയമായതുകൊണ്ട് ഇക്കാര്യത്തിൽ വിശദമായ പഠനം ആവശ്യമുണ്ടെന്നാണ് സർക്കാർ കഴിഞ്ഞ ദിവസം കോടതിയെ അറിയിച്ചത്. നിയമങ്ങൾ രൂപവത്കരിക്കാനുള്ള പരമാധികാരം പാർലമെന്റിനാണെന്നും പുറത്തുനിന്ന് ഏതെങ്കിലും നിയമങ്ങൾ നടപ്പാക്കണമെന്നുള്ള നിർദേശങ്ങൾ അംഗീകരിക്കില്ലെന്നും സർക്കാർ കൂട്ടിച്ചേർക്കുമ്പോൾ ഇതിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന അജണ്ടകളിൽ സംശയമുണ്ട്. അതിനാൽത്തന്നെ ഇത്തരം കേസുകളുടെ ലക്ഷ്യം സുപ്രീം കോടതിയുടെ പരാമർശങ്ങളിലൂടെ ഏകീകൃത സിവിൽ കോഡിലേക്ക് എത്രയുംവേഗം എത്തിച്ചേരുകതന്നെ.

**മതനിരപേക്ഷതയെ വെല്ലുവിളിക്കുമോ?**

ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നതുപോലെ ഇന്ത്യ മതനിരപേക്ഷ ജനാധിപത്യ പരമാധികാര രാഷ്ട്രമാണ്. ഭരണഘടന ഉയർത്തിക്കാട്ടുന്ന മതനിരപേക്ഷത ഏകീകൃത സിവിൽ കോഡ് വന്നാൽ ബലികഴിക്കപ്പെടുമോ എന്ന ആശങ്ക പല കോണുകളിൽനിന്നും ഉയരുന്നുണ്ട്. രാഷ്ട്രത്തിന് ഒരു മതവും ഇല്ല. എന്നാൽ, ഏതു മതത്തിൽ വിശ്വസിക്കുന്നതിനും, വിശ്വസിക്കാതിരിക്കുന്നതിനും, വിശ്വസിക്കുന്ന മതം പ്രചരിപ്പിക്കുന്നതിനും മതപരവും ധാർമികവുമായ സംവിധാനങ്ങളും സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിനും അവകാശമുണ്ടെന്ന് ഭരണഘടനയുടെ 25, 26 ആർട്ടിക്കിളുകളിൽ ഉറപ്പുനൽകുന്നുണ്ട്. അതേസമയം, പൊതുജീവിതത്തിലെ ക്രമത്തിനും മൂല്യബോധത്തിനും പൊതുജനാരോഗ്യത്തിനും അനുസൃതമായ തരത്തിലായിരിക്കണം ഈ അധികാരങ്ങൾ വിനിയോഗിക്കപ്പെടേണ്ടതെന്ന് ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ വ്യക്തമാക്കുന്നുണ്ട്. ഇവിടെ ഉദ്ദേശിക്കുന്നതാകട്ടെ മതവിശ്വാസത്തിന്റെ പേരിൽ പൗരന്മാരോടു വിവേചനം കാണിക്കാത്തതാണ് മതനിരപേക്ഷതയെന്നാണ്. വിവിധ മതങ്ങളെയും സംസ്കാരങ്ങളെയും ആദരിക്കുകയും അവയിലെ വിശ്വാസങ്ങളെയും ആചാരങ്ങളെയും ആരാധനക്രമങ്ങളെയും ഹനിക്കാതിരിക്കുകയും പൗരന്റെ ആത്മീയതയും രാഷ്ട്രത്തിന്റെ പരമാധികാരവും കൃത്യമായി വേർതിരിച്ചുകാണുകയും ചെയ്യുമ്പോഴാണ് വിശാലമായ അർത്ഥത്തിൽ മതനിരപേക്ഷത യാഥാർത്ഥ്യമാക്കുക. വ്യക്തികളുടെ വിശ്വാസങ്ങളെ തച്ചുടയ്ക്കാതെ ആ വിശ്വാസത്തെ രൂപപ്പെടുത്തുന്ന ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള നിയമസംവിധാനമാണ് ഏറ്റവും ഉചിതം.

**വ്യക്തിനിയമങ്ങളിലെ വ്യവസ്ഥകൾ**

പിൻതുടർച്ചാവകാശത്തിന്മേൽ വ്യത്യസ്തമായ നിയമവ്യവസ്ഥകൾ നിലവിലുണ്ട്. ജീവനാംശത്തിലും വ്യവസ്ഥകളുണ്ട്. മരണപത്രം എഴുതിവയ്ക്കാതെ ഒരു വ്യക്തി മരിക്കുകയാണെങ്കിൽ പിൻതുടർച്ചാവകാശികൾ ആരാണെന്ന കാര്യത്തിലും മരണപത്രവ്യവസ്ഥകളുടെ കാര്യത്തിലും വിവിധ വ്യവസ്ഥകളാണു നിലവിലുള്ളത്. സെക്കുലറിസം നിലനിൽക്കുന്ന രാജ്യത്ത് വിവിധ മതവിഭാഗങ്ങൾക്ക് ഭരണഘടന ഉറപ്പാക്കുന്ന മതനിരപേക്ഷത അവകാശമായിരിക്കുമ്പോൾ അതിൽ കൈകടത്തുന്നതു ശരിയാണോയെന്ന വാദവും ഉയരുന്നു. അതിനാൽത്തന്നെ ഏകീകൃത നിയമനിർമാണത്തിനുമുമ്പ് സമൂഹത്തെ വിശ്വാസത്തിലെടുക്കേണ്ടത് ജനാധിപത്യഭരണസംവിധാനത്തിലെ സർക്കാരുകളുടെ സമീപനമാന്യതയാണ്.

**ഭാരതജനതയെ വിശ്വാസത്തിലെടുക്കുക**

ജനാധിപത്യഭരണസംവിധാനത്തിലെ ഭരണഘടനയുടെ 25-ാം ആർട്ടിക്കിളിൽ സൂചിപ്പിക്കുന്ന മനഃസാക്ഷിസ്വാതന്ത്ര്യം, മതം പ്രചരിപ്പിക്കൽ എന്നീ മൗലികാവകാശങ്ങൾ ലംഘിക്കപ്പെടാൻ പാടില്ല. ജനങ്ങളെ വിശ്വാസത്തിലെടുത്തുള്ള നിയമനിർമാണങ്ങളാണു വേണ്ടത്. വൈവിധ്യങ്ങളുടെ രാജ്യമാണ് ഇന്ത്യ. മതേതരത്വമെന്ന മഹത്തായ ആശയത്തിന് ഇന്ത്യയിൽ ഒട്ടേറെ മാനങ്ങളുണ്ട്. എല്ലാ മതങ്ങളെയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിശാലതയുടെയും സഹിഷ്ണുതയുടെയും മണ്ണാണിത്. അതിനാൽത്തന്നെ ഏകീകൃത സിവിൽ കോഡ് ഉയർത്തിക്കാട്ടുമ്പോൾ ഒട്ടേറെ കടമ്പകളെ അതിജീവിക്കേണ്ടിവരും.

മതാചാരങ്ങളും വിശ്വാസങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടതും അടിയുറച്ച ചരിത്രപാരമ്പര്യങ്ങളുമുള്ളതുമായ ഒരു ഒരു ജനസമൂഹമാണ് ഇന്ത്യയിലേത്. കാലാനുസൃത നിയമപരിഷ്കാരങ്ങൾ സ്വാഭാവികമായിരിക്കാം. വിവിധ വിഭാഗം ജനങ്ങളുടെ വിശ്വാസജീവിതത്തെയും ആരാധനാരീതികളെയും ഹനിക്കുന്ന രീതിയിൽ ഏകീകൃത നിയമങ്ങൾ വരുന്നത് പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. തുറന്ന ചർച്ചകളിലൂടെ സമവായമാണ് ഇക്കാര്യത്തിൽ ആദ്യം ഉണ്ടാവേണ്ടത്. അതിന് പുത്തൻ നിയമങ്ങൾ രഹസ്യമാക്കിവച്ച് പ്രഖ്യാപിക്കുകയല്ല, കരടുരേഖ അഥവാ രൂപരേഖ പ്രഖ്യാപിച്ച് എല്ലാ വിഭാഗങ്ങളുടെയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയാണു കരണീയം. വിവിധ മതങ്ങളും സംസ്കാരങ്ങളും ആചാരാനുഷ്ഠാനങ്ങളും നിലനിൽക്കുന്ന സമൂഹത്തിൽ ഭിന്നതകൾ രൂപപ്പെടുന്നതും ആവർത്തിക്കുന്നതും വലിയ തകർച്ചയ്ക്കിടനൽകും. ആചാരപരവും സാംസ്കാരികവുമായ വൈവിധ്യങ്ങൾ അംഗീകരിക്കപ്പെടണം. രാജ്യത്തിന്റെ ഐക്യവും ഭദ്രതയും നിലനിൽക്കണം. ■



നോവൽ 12

# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

അപ്പത്തിന്റെ ഗേഹം എന്നർത്ഥമുള്ള ബത്‌ലഹേം എന്ന ചെറുപട്ടണത്തിലായിരുന്നു അവന്റെ ജനനം. ഒരു കാലിത്തൊഴുത്തിൽ. മരങ്ങൾപോലും കോച്ചുമാറ് തണുപ്പുപെയ്യുന്ന ഒരു രാത്രിയായിരുന്നത്.

അവനെ കിടത്താനായി ദേവദാരുവിൽ തീർത്ത തല്പമോ, പുതപ്പിക്കാൻ വിശേഷതരത്തിലുള്ള പട്ടുകളോ മാതാവ് മറിയമോ പിതാവ് ജോസഫോ ഒരുക്കിയിരുന്നില്ല. കാലിപ്പുരയിലെ പുൽത്തൊട്ടിയിൽ പുല്ലുവിരിച്ച് പിള്ളക്കച്ചയിൽ പൊതിഞ്ഞ് അവർ അവനെ കിടത്തി.

അവൻ കന്യകയിൽനിന്ന് ഉടൽരൂപം പൂണ്ടവനായിരുന്നു. അവന്റെ ജനനംവരെ അമ്മ മറിയം പുരുഷനെ അറിഞ്ഞിരുന്നില്ല. കാലത്തിന്റെ തികവിൽ അവൻ ലോകത്തിനായി അവതരിക്കപ്പെടുകയാണുണ്ടായത്.

യൂദയായുടെ കിഴക്കേ ആകാശത്തിൽ അവന്റെ ജനനത്തിന്റെ അടയാളമായി നക്ഷത്രങ്ങൾ ഉദിച്ചിരുന്നു. യഹൂദജനതയുടെ വിമോചനത്തിന്റെ അടയാളനക്ഷത്രങ്ങൾ.

പൗരസ്ത്യദേശത്തുനിന്നുള്ള ജ്ഞാനികൾക്ക് നക്ഷത്രം ജറുസലേമിലേക്കു വഴികാട്ടി. അവർക്ക് മുമ്പേ നക്ഷത്രം സഞ്ചരിച്ചുകൊണ്ടിരുന്നു. അതു ശിശുവിനെ കിടത്തിയിരുന്ന പശുത്തൊഴുത്തിനു മുകളിൽവന്നു നിലയുറപ്പിച്ചു.

കറവ വറ്റാത്ത പശുക്കളും രോമം കത്രിക്കാത്ത ചെമ്മരിയാടുകളും ശിശുവിനു കാവലുണ്ടായിരുന്നു. ദൈവദൂതന്മാരുടെ അറിയിപ്പനുസരിച്ചു മലഞ്ചെരുവിലെ കൂടാരങ്ങളിൽനിന്ന് ആട്ടിടയന്മാരും അവനെ ആരാധിക്കാനായി എത്തിച്ചേർന്നിരുന്നു.

ജ്ഞാനികൾ ശിശുവിനെ അവന്റെ അമ്മയായ മറിയത്തോടൊപ്പം കണ്ട് അദ്ഭുതപ്പെട്ടു. പ്രവാചകഗ്രന്ഥങ്ങൾ പൂർത്തീകരിക്കപ്പെടുന്നു. ഇതാ, ലോകത്തിന്റെ രക്ഷകൻ പിറവിയെടുത്തിരിക്കുന്നു.

ജ്ഞാനികൾ ശിശുവിനെ കുമ്പിട്ട് ആരാധിച്ചു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും മീറയും കുന്തിരിക്കവും കാഴ്ചയർപ്പിച്ചു. ശേഷം ശിശുവിനെ വധിക്കാനായി തീരുമാനിച്ചിരുന്ന ഹേറോദോസിനെ വിവരമറിയിക്കാതെ സ്വദേശത്തേക്കു മടങ്ങിപ്പോയി.

ക്യാപ്റ്റൻ ഡിലനായി പറഞ്ഞുകൊണ്ടിരുന്നു. ശ്വാസമടക്കിപ്പിടിച്ച് നീലകണ്ഠൻ കേട്ടുകൊണ്ടുമിരുന്നു. ഇമ്പമാർന്നൊരു കിന്നരഗീതംപോലെയായിരുന്നു ഡിലനായിയുടെ കഥനം. ഇപ്പോൾ മഞ്ഞു പെയ്യുന്നതും നിലാവുദിക്കുന്നതും നീലകണ്ഠന്റെ ഹൃദയത്തിലാണ്. ഈറൻകാറ്റിൽ മാതളമരങ്ങൾ ഉലയുന്നു. കുന്തിരിക്കവും മീറയും മണക്കുന്നു. മീവൽപ്പക്ഷികളുടെ ചിറകാരവങ്ങളും കേൾക്കാവുന്നു.

ഒരു ചില്ലുവിളക്കിന്റെ വെളിച്ചത്തിൽ ക്യാപ്റ്റൻ ഡിലനായിയുടെ ഭാര്യ മാർഗരറ്റ് മട്ടുപ്പാവിലേക്കു വന്നു. അവരുടെ കൈയിലിരുന്ന താലത്തിൽ രണ്ടു സ്ഫടികപ്പാത്രങ്ങളിൽ പാനീയങ്ങളുണ്ടായിരുന്നു. നീലകണ്ഠനു ചൂടുള്ള മധുരപാനീയവും ഡിലനായിക്കു മദ്യവും. നീലകണ്ഠൻ മദ്യം സേവിക്കുമായിരുന്നില്ല. ഡിലനായിക്കാകട്ടെ, മദ്യം അവരുടെ സംസ്കാരത്തിന്റെ ഭാഗംതന്നെയായിരുന്നു.

''ഇതെന്താ ഉറങ്ങുന്നില്ലേ രണ്ടുപേരും...'' മാർഗരറ്റ് ചോദിച്ചു. "എന്താണ് ഇത്രമാത്രം ചർച്ച ചെയ്യാനുള്ളത്?"

"ഗൗരവമുള്ള കാര്യംതന്നെ മാർഗരറ്റ്. നീ പോയി ഉറങ്ങിക്കൊള്ളുക. അസുഖങ്ങളൊന്നും വരുത്തിവയ്ക്കേണ്ടതില്ല. ഈ നാട്ടിലെ കാലാവസ്ഥയുമായി നീ പൊരുത്തപ്പെട്ടു വരുന്നതേയുള്ളൂ."

മാർഗരറ്റ് വിളക്കുവെളിച്ചത്തിലൂടെ മട്ടുപ്പാവിന്റെ പടികളിറങ്ങിപ്പോയി.

രാത്രിയിലെ ആകാശം ശുഭ്രവതിയായ ഒരു കന്യകയെപ്പോലെയായിരുന്നു. അവൾ രാകാശശികൊണ്ടു പൊട്ടുകുത്തിയിരുന്നു. ഡിലനായി നീലകണ്ഠന്റെ മുമ്പിലിരിക്കുന്ന പാനീയം ചൂണ്ടിപ്പറഞ്ഞു:

''അതു കഴിക്കൂ നീലകണ്ഠൻ, ചൂടാറിപ്പോകുംമുമ്പ്."

നീലകണ്ഠൻ പാത്രമെടുത്ത് ഒരു കവിൾ കുടിച്ചു. മധുരവും



നേർത്ത എരിവും കലർന്ന പാനീയം രുചിപ്രദമായിരുന്നു.

"താങ്കൾ തുടരൂ,'' നീലകണ്ഠൻ പറഞ്ഞു: "എന്റെ ഛിന്നതകൾ എന്നെ വിട്ടുപോകുന്നതുപോലെ എനിക്കു തോന്നുന്നു."

"നീലകണ്ഠാ, ഒരുവന്റെ സങ്കടങ്ങളും സന്തോഷങ്ങളും അവന്റെ മനോനിലയെ ആശ്രയിച്ചാണിരിക്കുന്നത്. ഏറ്റവും പ്രധാനം നമ്മുടെ ജീവിതത്തെ നമ്മൾതന്നെ ജയിക്കണമെന്നുള്ളതാണ്. അതിനുള്ള മാർഗമാണ് ക്രിസ്തുവിന്റെ ജീവിതം പിന്തുടരുകയെന്നുള്ളത്. അതു മാത്രമാണു മാർഗം."

"ക്രിസ്തു.'' ആ നാമം നീലകണ്ഠൻ ആദ്യമായിട്ടുച്ചരിക്കുകയായിരുന്നു. എന്തുകൊണ്ടാണെന്നറിയില്ല. ഒരു മഞ്ഞുതുള്ളി തന്റെ നാവിൽവീണതുപോലെ നീലകണ്ഠനു തോന്നി.

''ക്രിസ്തുവിന്റെ മാർഗം പിൻതുടരുകയെന്നാൽ..."

"അതിനുള്ള ഏകവഴി ജ്ഞാനം സമ്പാദിക്കുക എന്നുള്ളതാണ്. നാശോന്മുഖമായ ഈ ലോകത്തിൽനിന്നു ലഭിക്കുന്ന ഭൗതികജ്ഞാനത്തെയല്ല ഞാൻ ലക്ഷ്യം വയ്ക്കുന്നത്. ആത്മജ്ഞാനത്തെക്കുറിച്ചാണ്. ദൈവികമായ ജ്ഞാനം. ഇതിനർത്ഥം ഭൗതികജ്ഞാനം അവൻ സമ്പാദിക്കേണ്ടതില്ല എന്നല്ല. അറിവിന് അതിർവരമ്പുകളില്ല.

"ക്രിസ്തു മഹാജ്ഞാനിയായിരുന്നു. ഭൂമിയിലുള്ള സകലതിനെക്കുറിച്ചും വിജ്ഞാനിയായിരുന്നു അവൻ. സ്വർഗരാജ്യത്തെക്കുറിച്ചും. കാരണം, അവൻ മനുഷ്യനും അതേസമയംതന്നെ ദൈവവുമായിരുന്നു."

"പന്ത്രണ്ടാമത്തെ വയസ്സിലാണ് അവൻ ജറുസലേം ദേവാലയത്തിൽവച്ച് ഉപാദ്ധ്യായന്മാരുടെ ഇടയിലിരുന്ന് അവരെ കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തത്. അവന്റെ ചോദ്യങ്ങൾക്കുമുമ്പിൽ യഹൂദപുരോഹിതന്മാരും ഫരിസേയപ്രമാണിമാരും കുഴങ്ങിപ്പോയി. ദേവാലയത്തിന്റെ ചുവരുകൾ വിറകൊണ്ടു. അവനെ കേട്ടവരെല്ലാം അവന്റെ ബുദ്ധികൂർമതയിലും മറുപടികളിലും അദ്ഭുതപ്പെട്ടു. ഇത്ര ചെറുപ്പത്തിലേ ഈ വിജ്ഞാനമെല്ലാം ഇവന് എവിടെനിന്ന് എന്ന് അവർ അതിശയംകൊണ്ടു."

"പിന്നെ നമ്മൾ യേശുവിനെ കാണുന്നത് മുപ്പതാമത്തെ വയസിലാണ്. ഇതിനിടയ്ക്കുള്ള പതിനെട്ടു വർഷത്തെ യേശുവിന്റെ രഹസ്യജീവിതത്തെക്കുറിച്ച് വിശുദ്ധഗ്രന്ഥം ഒട്ടൊക്കെ മൗനം പാലിക്കുകയാണ് ചെയ്തിരിക്കുന്നത്."

ഈ പതിനെട്ടുവർഷം അവന്റെ മഹായാനങ്ങളുടെ കാലമായിരുന്നിരിക്കണം. പർവതങ്ങളും ദേശങ്ങളും കടന്ന് അവൻ യാത്ര ചെയ്തിരിക്കണം. ഓരോ ദേശത്തിന്റെയും അതിരുകൾ കടക്കുമ്പോഴും അവൻ അവിടെനിന്നു കിട്ടാവുന്നതൊക്കെയും സമ്പാദിച്ചു. സ്വർണമോ വെള്ളിയോ നാണയങ്ങളോ അല്ല. ജ്ഞാനം മാത്രം. ഓരോ ദേശത്തെയും മഹാജ്ഞാനികളായ അവതാരപുരുഷന്മാരിൽനിന്നു കിട്ടാവുന്നതൊക്കെയും ഹൃദയംകൊണ്ട് അവൻ ഊറ്റിയെടുത്തു.

കടലുകൾ കടന്ന്, തിരമാലകളെ ജയിച്ച് അവൻ മറുകരകളിലൂടെ സഞ്ചരിച്ചു. അവൻ പാഥേയമോ പാദുകങ്ങളോ കരുതിയിരുന്നില്ല. ജ്ഞാനദാഹത്തിന്റെ നെരിപ്പോടുകൾ ഹൃദയത്തിൽ എരിയിച്ചുകൊണ്ടായിരുന്നു അവന്റെ യാത്ര.

ഏകദേശം മുപ്പതാമത്തെ വയസ്സുവരെ ആ യാത്ര തുടർന്നുകൊണ്ടേയിരുന്നു. ശേഷം അവൻ സ്വദേശത്തേക്കു മടങ്ങി.

യോർദാനിൽവച്ച് യേശു സ്നാപകയോഹന്നാനിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചു. അപ്പോൾ സ്വർഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങിവരികയും ചെയ്തു. സ്വർഗത്തിൽനിന്ന് ഒരു സ്വരമുണ്ടായി:

"ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു."

ദൂരെ എവിടെയോ പാതിരാക്കോഴി കൂവി. നീലകണ്ഠന്റെയും ഡിലനായിയുടെയും മുമ്പിലിരുന്ന പാനപാത്രങ്ങൾ കാലിയായിരിക്കുന്നു. വീശിയെത്തിയ കാറ്റ് മട്ടുപ്പാവിലേക്കു കുടമുല്ലപ്പൂക്കളുടെ സൗരഭ്യം കൊണ്ടുവന്നു.

"കോഴി കൂവി. നേരം ഒരുപാടായിരിക്കുന്നു.'' ഡിലനായി പറഞ്ഞു.

"സാരമില്ല. ഉറക്കം എന്നെ തൊട്ടുതീണ്ടുന്നുപോലുമില്ല. താങ്കൾക്കോ?"

"ഒരു പടയാളിക്കു രാവും പകലും ഒരുപോലെയാണ്."

"താങ്കൾ പറഞ്ഞു നിറുത്തിയത് ക്രിസ്തുവിന്റെ ജ്ഞാനസ്നാനംവരെയാണ്. താങ്കൾ തുടരുക. ആ കഥ എന്നെ വളരെയേറെ ആശ്വസിപ്പിക്കുന്നുണ്ട്."

"യേശു പരിശുദ്ധാത്മാവിൽ നിറഞ്ഞവനായി യോർദ്ദാനിൽനിന്നു മടങ്ങി. ആത്മാവ് അവനെ മരുഭൂമിയിലേക്കാണ് നയിച്ചത്. അവൻ പിശാചിനാൽ പരീക്ഷിക്കപ്പെട്ട് നാല്പതു രാവും പകലും കഴിഞ്ഞുകൂടി. ആ ദിവസങ്ങളിൽ അവൻ ഭക്ഷണമൊന്നും കഴിച്ചിരുന്നില്ല. അവനു വിശന്നു.

അപ്പോൾ സാത്താൻ അവനെ സമീപിച്ച് പറഞ്ഞു. "നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലിനോട് അപ്പമാകാൻ കല്പിക്കുക."

''മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല ജീവിക്കുന്നതെന്ന്.'' അവൻ ഉത്തരം പറഞ്ഞു.

പിശാച് അവനെ ഒരു പർവ്വതാഗ്രത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ലോകത്തിലുള്ള സകല രാജ്യങ്ങളെയും ക്ഷണനേരത്തിൽ അവനെ കാണിച്ചുകൊണ്ടു പറഞ്ഞു:

''ഇവയുടെമേൽ എല്ലാ അധികാരവും ഞാൻ നിനക്കു തരാം. ഇതൊക്കെയും എന്റെ മേൽ ഏല്പിക്കപ്പെട്ടിരിക്കുന്നു. എനിക്ക് ഇഷ്ടമുള്ളവർക്കു ഞാനതു കൊടുക്കും. നീ എന്നെ ആരാധിച്ചാൽ ഇവയൊക്കെയും നിന്റേതാവും."

"നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ എന്നെഴുതിയിരിക്കുന്നു" എന്ന് അവൻ ഉത്തരം പറഞ്ഞു.

പിന്നെ പിശാച് അവനെ ജറുസലേമിലേക്കു കൂട്ടിക്കൊണ്ടുപോയി. ദേവാലയത്തിന്റെ ഗോപുരത്തിനു മുകളിൽ കയറ്റി നിറുത്തി.

'നീ ദൈവപുത്രനാണെങ്കിൽ താഴേക്കു ചാടുക' എന്നു പറഞ്ഞു: നിന്നെ കാക്കുവാൻ അവൻ തന്റെ ദൂതന്മാരോട് കല്പിക്കുകയും നിന്റെ കാൽ കല്ലിനോടു തട്ടാതെ താങ്ങിക്കൊള്ളുകയും ചെയ്യും എന്ന് എഴുതിയിരിക്കുന്നുവല്ലോ...''

'നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നും അരുളിച്ചെയ്തിരിക്കുന്നു' എന്ന് യേശു ഉത്തരം പറഞ്ഞു.

അനന്തരം പിശാച് അവനെ ഉപേക്ഷിച്ചുപോയി. യേശു ആത്മാവിന്റെ ശക്തിയാൽ ഗലീലിയിലേക്കു മടങ്ങിപ്പോയി. അവിടെ സിനഗോഗുകളിൽ പഠിപ്പിക്കാൻ തുടങ്ങി. അവന്റെ ബുദ്ധിയിലും ജ്ഞാനത്തിലും അവർ അതിശയിച്ചു. അവർ അവനെ പുകഴ്ത്തി. അവന്റെ കീർത്തി സമീപപ്രദേശങ്ങളിലെങ്ങും വ്യാപിച്ചു.

അത് അവന്റെ രക്ഷാകരദൗത്യത്തിന്റെ കാലമായിരുന്നു. അവൻ യൂദയായിലെ വിജനപ്രദേശങ്ങളിലും മലഞ്ചെരുവുകളിലും ജനങ്ങളോടു പ്രസംഗിച്ചു. സിനഗോഗുകളിൽ പഠിപ്പിച്ചു.

ശേഷം 12-ാംപേജിൽ

*1-ാം പേജ് തുടർച്ച*

തലസ്ഥാനനഗരത്തിനടുത്തുള്ള നട്ടാലം ഗ്രാമത്തിൽ മരുതംകുളങ്ങര വാസുദേവൻ നമ്പൂതിരിയുടെയും ദേവകിയമ്മയുടെയു മകനായി 1712 ഏപ്രിൽ 23 ന് ജനിച്ച നീലകണ്ഠപ്പിള്ള തിരുവിതാംകൂർ രാജാവിന്റെ സൈന്യത്തിൽ ചേർന്നത് 21 – ാം വയസ്സിലായിരുന്നു. അതുവരെയും ജനിച്ചു വളർന്ന മതത്തിന്റെയും ജീവിതപരിസരങ്ങളുടെയും എല്ലാ തീവ്രതയും സ്വന്തമാക്കി ജീവിച്ചിരുന്ന നീലകണ്ഠപ്പിള്ളയുടെ ജീവിതം ക്രിസ്തുകേന്ദ്രീകൃതമായി മാറിയത് അവിസ്മരണീയമായ ഒരു കണ്ടുമുട്ടലിനെത്തുടർന്നായിരുന്നു. യുദ്ധത്തടവുകാരനായി പിടികൂടുകയും പിന്നീട് തിരുവിതാംകോട്ടെ സൈന്യത്തിന്റെ ചുമതലക്കാരനായി മാറുകയും ചെയ്ത ഡച്ചുസൈന്യാധിപൻ ഡിലനായിയുമായുള്ള കണ്ടുമുട്ടലായിരുന്നു അത്. സമാനഹൃദയർ പരസ്പരം നുമായി എത്രയെത്ര സമ്മർദങ്ങളാണ് ദേവസഹായത്തിന് അനുഭവിക്കേണ്ടിവന്നത്! പക്ഷേ, നശ്വരമായ അപ്പത്തിനുവേണ്ടിയായിരുന്നില്ല ദേവസഹായം ചെയ്തതൊന്നും. അതുകൊണ്ടാണ് കാറ്റാടിമലയിൽ വച്ച് അദ്ദേഹം രക്തസാക്ഷിത്വം വരിച്ചത്.

പലവിധത്തിൽ അദ്ദേഹത്തെ കൊല ചെയ്യാൻ ഭടന്മാർ ശ്രമിച്ചുവെങ്കിലും എല്ലാം പരാജയപ്പെട്ടുവെന്നാണു ചരിത്രം. മൂന്നു ഭടന്മാർ ഒരേസമയം നിരന്നുനിന്ന് അദ്ദേഹത്തെ വെടിവച്ചുവെങ്കിലും ഒരു വെടിയുണ്ടപോലും പിള്ളയെ സ്പർശിച്ചില്ലത്രേ! ഒടുവിൽ അങ്ങയെ വധിക്കാതെ രാജസന്നിധിയിൽ ചെന്നാൽ രാജാവ് ഞങ്ങളെ വധിക്കുമെന്ന ഭടന്മാരുടെ ധർമസങ്കടത്തിനു മുമ്പിലാണ് ഒരിക്കൽകൂടി വെടിവയ്ക്കാൻ വിശുദ്ധൻ കല്പിച്ചതും ആ വെടിയുണ്ടയിൽ അദ്ദേഹത്തിന്റെ ജീവൻ കോർ

# കാറ്റിലുലയാത്ത കെടാവിളക്ക്

ആകർഷിക്കപ്പെടും എന്നുപറയുന്നതുപോലെ ഡിലനായിയും നീലകണ്ഠനും സുഹൃത്തുക്കളാകാൻ തെല്ലും സമയമെടുത്തില്ല. ആ സൗഹൃദം രക്തസാക്ഷിത്വത്തിന്റെ കാൽവരിമലയിലേക്കുള്ള ചൂണ്ടുപലകയായി മാറിയെന്നതു ചരിത്രം.

ഡിലനായ്‌വഴി ക്രിസ്തുവിനെ അറിഞ്ഞ നീലകണ്ഠപ്പിള്ള രാജാവിനെയും മറ്റ് അധികാരികളെയും തെല്ലും ഭയക്കാതെയും വരുംവരായ്കകളെക്കുറിച്ച് ആശങ്കകളില്ലാതെയും ക്രിസ്തുമതം സ്വീകരിച്ചു. അതോടെ നീലകണ്ഠപ്പിള്ള മരിക്കുകയും ദേവസഹായംപിള്ള ജനിക്കുകയുമായിരുന്നു. ചന്ദനം ചാരിയവനെ ചന്ദനം മണക്കും എന്നതുപോലെ ക്രിസ്ത്യാനിയായതിനെത്തുടർന്ന് ഭർത്താവിലുണ്ടായ മാറ്റം ഭാര്യ ജ്ഞാനപ്പൂവിനെയും സ്വാധീനിച്ചു. ജ്ഞാനപ്പൂ ത്രേസ്യാ എന്ന പേരു സ്വീകരിച്ച് ക്രിസ്ത്യാനിയായതായിരുന്നു അതിന്റെ അവസാനം.

ഇവിടെ സ്വാഭാവികമായും ഒരു ആത്മശോധന നടത്തേണ്ടതുണ്ടെന്നു തോന്നുന്നു. എന്റെ ജീവിതംവഴി, എന്റെ പ്രവൃത്തിവഴി, എന്റെ ഇടപെടൽവഴി എത്ര പേരിൽ മാറ്റമുണ്ടായിട്ടുണ്ട്? എത്രപേരെ ഞാൻ സ്വാധീനിച്ചിട്ടുണ്ട്? കുടുംബം എന്ന വ്യവസ്ഥിതിക്കു കീഴിൽ പരസ്പരം സ്വാധീനിക്കാൻ കഴിയുന്നവരിൽ ദമ്പതികളോളം മറ്റാരുമില്ല. എന്നിട്ടും പങ്കാളിയുടെ വിശ്വാസജീവിതത്തിൽ എത്ര പേർ മാറ്റംവരുത്തുന്നുണ്ട്?

നാമമാത്രക്രിസ്ത്യാനികളായ ഓരോരുത്തർക്കും ആത്മനിന്ദ തോന്നേണ്ട സമയം അതിക്രമിച്ചിട്ടുണ്ട്.

ക്രിസ്തുമതം ഉപേക്ഷിക്കാൻവേണ്ടി കാരാഗൃഹത്തിലടച്ച 1749 ഫെബ്രുവരി 24 മുതൽ രക്തസാക്ഷിത്വം വരിച്ച 1752 ജനുവരി 14 വരെയുള്ള നാളുകൾ ദേവസഹായംപിള്ളയുടെ കഠിനയാതനകളുടേതായിരുന്നു, കൊടുംപീഡനങ്ങളുടേതായിരുന്നു; ശ്വാസംമുട്ടിച്ചു കൊല്ലാൻ ഒരുക്കിയ സാഹചര്യങ്ങൾക്കിടയിലും ദൈവത്തെ സ്തുതിച്ച ദേവസഹായം പുതിയ കാലത്തെ ദാനിയേലായി മാറുകയായിരുന്നു.

ഏതുവിധേനയും ക്രിസ്തുമതം ഉപേക്ഷിക്കാനും പഴയ മതവിശ്വാസങ്ങളിലേക്കു തിരികെവരാ ത്തെടുക്കപ്പെട്ടതും. 1752 ജനുവരി 14 ആയിരുന്നു അന്നേദിനം.

ക്രിസ്തുവിനെ അത്രയധികം സ്നേഹിച്ചിരുന്നതുകൊണ്ടാവാം, ക്രിസ്തുവിന്റെ മരണസമയത്തു സംഭവിച്ചതുപോലെയുള്ള പല പ്രകൃത്യദ്ഭുതങ്ങളും വിശുദ്ധന്റെ മരണസമയത്തും നടന്നത്. ഒരു വെള്ളിയാഴ്ചയായിരുന്നു മരണം സംഭവിച്ചത് എന്നതിനു പുറമേ, ക്രിസ്തുവിന്റെ മരണസമയത്തുണ്ടായതുപോലെ പ്രകൃതിയിൽ നിരവധിയായ ഭാവഭേദങ്ങളും ആ നിമിഷം സംഭവിക്കുകയുണ്ടായി.

വെടിയേറ്റുവീണ പിള്ളയുടെ ശരീരം വന്യമൃഗങ്ങൾക്കുള്ള ആഹാരമായി മാറിയെന്നതാണ് ഏറെ ഖേദകരം. കേവലം ഒരു മനുഷ്യനായിരുന്നു ഇത്തരത്തിലുള്ള അന്ത്യം സംഭവിച്ചിരുന്നതെങ്കിൽ അതോടെ അയാൾ അവസാനിക്കുമായിരുന്നു. പക്ഷേ, ദേവസഹായം അവിടെനിന്ന് ആരംഭിക്കുകയായിരുന്നു.

1756 മുതൽ ആരംഭിച്ച ദേവസഹായംപിള്ളയുടെ നാമകരണനടപടികളുടെ സമാപനമാണ് 2022 മേയ് 15 നു പൂർത്തിയാകുന്നത്. കോട്ടാറിലെ സെന്റ് ഫ്രാൻസിസ് സേവ്യർ കത്തീഡ്രലിൽ വച്ച് കർദിനാൾ അമാത്തോ ദേവസഹായംപിള്ളയെ വിശുദ്ധനായി പ്രഖ്യാപിക്കുമ്പോൾ ഒരു വിശ്വാസജീവിതംകൂടി അൾത്താരയിൽ പീഠത്തിൽ കൊളുത്തിവച്ച വിളക്കുപോലെ തെളിയുകയാണ്.

ക്രിസ്തുവിനു കൊടുത്തതൊന്നും വെറുതേയാകില്ല. അവനുവേണ്ടി സഹിച്ചതൊന്നും പാഴാവുകയുമില്ല. ദേവസഹായത്തിന്റെ ജീവിതം അടിവരയിടുന്നത് ഇക്കാര്യംകൂടിയാണ്. തിരുവിതാംകോട് സൈന്യത്തിലെ ഉന്നതപദവികൾവരെ വഹിക്കാമായിരുന്നുവെങ്കിലും നൂറ്റാണ്ടുകൾക്കിപ്പുറം ആരും പ്രത്യേകമായി ഓർമിക്കപ്പെടാതെ കടന്നുപോകുമായിരുന്നു നീലകണ്ഠനും. പക്ഷേ, രാജാവിന്റെ ഔദാര്യങ്ങൾ വേണ്ടെന്നു വയ്ക്കുകയും ക്രിസ്തുവിന്റെ രാജ്യത്തിനുവേണ്ടി രക്തം ചിന്തുകയും ചെയ്തതിന്റെ പേരിൽ ദേവസഹായം ഇന്ന് ചിരഞ്ജീവിയായിരിക്കുന്നു.

■

# ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന അവാർഡ് പ്രഖ്യാപിച്ചു

കൊച്ചി: ചെറുപുഷ്പ മിഷൻ ലീഗ് സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ, സ്ഥാപകനേതാവ് പി.സി. ഏബ്രഹാം പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ) എന്നിവരുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയ ഈ വർഷത്തെ അവാർഡുകൾ പ്രഖ്യാപിച്ചു. പാലാ രൂപതയിലെ ഫാ. ഡോ. കുര്യൻ മാതോത്ത്, മാനന്തവാടി രൂപതയിലെ തോമസ് എറണാട്ട് എന്നിവർക്കാണു പുരസ്കാരം.

സംസ്ഥാന പ്രസിഡന്റ് ബേബി പ്ലാശേരിയുടെ അധ്യക്ഷതയിൽ ചേർന്ന അവാർഡു നിർണയയോഗത്തിൽ ചെറുപുഷ്പ മിഷൻ ലീഗ് രക്ഷാധികാരി ബിഷപ് തോമസ് മാർ കൂറിലോസ് അവാർഡുകൾ പ്രഖ്യാപിച്ചു.



ഡോ. കുര്യൻ മാതോത്ത്



തോമസ് എറണാട്ട്

സംഘടന, സഭ, മിഷൻ, ജീവകാരുണ്യ, സാമൂഹിക പ്രവർത്തനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ പ്രവർത്തനമികവു വിലയിരുത്തിയാണ് പുരസ്കാരജേതാക്കളെ തിരഞ്ഞെടുത്തത്.



*11-ാംപേജ് തുടർച്ച*

അവന്റെ വാഗ്ധോരണിയിലും വിജ്ഞാനത്തിലും ജനങ്ങൾ അതിശയിച്ചു. അവനു ശിഷ്യന്മാരുണ്ടായി.

അവൻ കുഷ്ഠരോഗിയെ സുഖപ്പെടുത്തി. തളർവാതരോഗിയെയും. അവൻ മനുഷ്യരിൽനിന്ന് അശുദ്ധാത്മാക്കളെ പുറത്താക്കി. സാബത്തിൽപ്പോലും രോഗശാന്തി നല്കി.

അവൻ ശിഷ്യഗണങ്ങളെ അടുത്തു വിളിച്ച് അവരിൽനിന്ന് പന്ത്രണ്ടു പേരെ അപ്പസ്തോലന്മാരായി തിരഞ്ഞെടുത്തു. അവൻ സുവിശേഷഭാഗ്യങ്ങൾ അവരെ പഠിപ്പിക്കുകയും നന്മകൊണ്ടു തിന്മയെ ജയിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

ഫലത്തിൽനിന്നു വൃക്ഷത്തെ തിരിച്ചറിയാനും അന്യരെ വിധിക്കരുതെന്നും അവൻ പറഞ്ഞു. പാപിനിക്കു മോചനം നല്കി. നായിനിലെ വിധവയുടെ മകനെയും മാർത്തയുടെയും മറിയത്തിന്റെയും സഹോദരനായ ലാസറിനെയും മരിച്ചവരിൽനിന്നുയർപ്പിച്ചു. ജായ്റോസിന്റെ മകളെയും പുനർജീവിപ്പിച്ചു.

അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കുകയും കുഷ്ഠരോഗികളെ സുഖപ്പെടുത്തുകയും അന്ധർക്കു കാഴ്ച നല്കുകയും ചെയ്തു. അഞ്ചപ്പവും രണ്ടു മീനുംകൊണ്ട് അയ്യായിരം പേരെ തൃപ്തരാക്കി.

ഉപമകളിലൂടെയായിരുന്നു അവൻ ജനതയെ പ്രബോധിതരാക്കിയത്. കൂനുള്ള സ്ത്രീക്കും മഹോദരരോഗിക്കും സൗഖ്യം നല്കി. ഒടുവിൽ അവൻ തന്റെ പീഡാനുഭവങ്ങൾക്കും മരണത്തിനുമായി ആത്മാവിൽ രൂപാന്തരപ്പെട്ടു. തന്റെ പീഡാനുഭവങ്ങളെക്കുറിച്ചും മരണത്തെയും ഉത്ഥാനത്തെയും കുറിച്ചും പ്രവചിച്ചു.

അനന്തരം, തിരുവെഴുത്തുകളുടെ പൂർത്തീകരണത്തിനായി യൂദാസിനാൽ ചുംബനംകൊണ്ട് ഒറ്റിക്കൊടുക്കപ്പെട്ടു. പത്രോസിനാൽ തള്ളിപ്പറയപ്പെട്ടു. പീലാത്തോസിനാൽ കുറ്റം വിധിക്കപ്പെട്ടു. അവനെ മരണത്തിനായി ഏല്പിച്ചുകൊടുത്തു.

രണ്ടു കള്ളന്മാരുടെ നടുവിൽ അവരവനെ കുരിശിൽ തറച്ചുകൊന്നു. അങ്ങനെ ലോകത്തിന്റെ പ്രകാശം മൂന്നാണികളിൽ തൂങ്ങിപ്പൊലിഞ്ഞുപോയി.

എന്നാൽ, ലോകത്തെയാകെ അമ്പരപ്പിച്ചുകൊണ്ട് അവൻ മൂന്നാംദിനം ഉയിർത്തെഴുന്നേറ്റു. സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു. അതിനു സാക്ഷികളും അടയാളങ്ങളും അനവധി.

ക്യാപ്റ്റൻ ഡിലനായി കഥ പറഞ്ഞുതീർന്നപ്പോഴേക്കും ഉദയഗിരിക്കു കിഴക്ക് ചക്രവാളത്തിൽ പുലരിത്തുടിപ്പുകൾ കാണായി വന്നു.

"പ്രഭാതമാകുന്നു." നീലകണ്ഠൻ പറഞ്ഞു. *(തുടരും)*




പാപാന്ധകാരമകറ്റി മനുജനു
പാരിതിൽ മാർഗം തെളിച്ചിടുവാൻ
പാവനമാകും പ്രകാശമായ് ലോകത്തിൻ
പാലകൻതൻ സുതനെത്തി മന്നിൽ.

മുന്നമേയീശ്വരൻ നല്കിയ വാഗ്ദാനം
മുപ്പത്തിമൂന്നു സംവത്സരങ്ങൾ
മർത്ത്യരോടൊപ്പമവരിലൊരുവനായ്
മന്നിൽക്കഴിഞ്ഞവൻ ദൈവപുത്രൻ.

സത്യത്തോടൊപ്പം ചരിച്ചു മനുജനെ
സന്തോഷം തന്റെയുറവിടമാം
സ്വർഗത്തിലേക്കു നയിക്കുവാനായവൻ
സന്തതം യത്നിച്ചു ഭൂതലത്തിൽ.

അല്പവും നന്മയ്ക്കു മൂല്യമേകാത്തവർ
അന്ധകാരത്തിൽ കഴിഞ്ഞിടുന്നോർ
അസ്വസ്ഥരായ് നൽപ്രകാശം കെടുത്തുവാൻ
അത്യന്തമാഗ്രഹിച്ചൊത്തുചേർന്നു.

കല്പിതമാം പല കുറ്റങ്ങളും ചാർത്തി
കല്പിച്ചു ജീവനെടുത്തിടാനായ്
ക്രൂരമനസ്കരാ സത്യസ്വരൂപനെ
ക്രൂശിതനാക്കി സംതൃപ്തരായി.

# സത്യാന്വേഷണവീഥിയിലെ സാഹസികപര്യവേക്ഷണങ്ങൾ

## വാഴ്ത്തപ്പെട്ട ദേവസഹായംപിള്ളയോടൊപ്പം 2022 മേയ് 15–ാം തീയതി വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുന്ന വാഴ്ത്തപ്പെട്ട ഷാർള് ദ് ഫൂക്കോയുടെ ജീവിതവഴികളിലൂടെ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**പാ**രീസിന്റെ പ്രൗഢി നിർണയിക്കുന്ന പല കാര്യങ്ങളിൽ ഒന്ന് അതിന്റെ വിശാലമായ രാജകീയവീഥികളാണ്. 19–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഹോസ്മാൻ (HAUSMANN) എന്ന ആർക്കിടെക്റ്റ് രൂപകല്പന ചെയ്ത വിശാലവീഥികളിലൊന്നാണ് 'ബുളുവാർ ദ് മാലെർബ്.' ഇരുവശങ്ങളിലും തഴച്ചുവളരുന്ന ചോലവൃക്ഷങ്ങളുള്ള ഈ വീഥി ചെന്നവസാനിക്കുന്നത് ബ്രഹ്മാണ്ഡമായ താഴികക്കുടത്തോടുകൂടിയ സെന്റ് അഗസ്റ്റിൻസ് ചർച്ചിലേക്കാണ്. 1868 ൽ ഈ ദൈവാലയനിർമാണം പൂർത്തിയായി.

ജീവിതമാനസാന്തരത്തിന്റെ അതുല്യമാതൃകയായ വി. ആഗസ്തീനോസിന്റെ നാമത്തിലുള്ള ഈ ദൈവാലയത്തിലേക്ക് 1886 ഒക്ടോബർ മാസം 30–ാം തീയതി രാവിലെ, 28 വയസ്സുള്ള ഒരു യുവാവ് കടന്നുചെല്ലുന്നു. അദ്ദേഹത്തിന്റെ പേരാണ് ഷാർള് ദ് ഫുക്കോ.

അപ്പോൾ ആ ദൈവാലയത്തിൽ അസിസ്റ്റന്റ് വികാരിയായ അബേ യുവ്ളെൻ കുമ്പസാരിപ്പിക്കുകയായിരുന്നു. ഷാർള് ദ് ഫുക്കോ അദ്ദേഹത്തെ സമീപിച്ചു തനിക്കു ചില സംശയങ്ങൾ ചോദിക്കാനുണ്ടെന്നു പറഞ്ഞു. ഉടൻതന്നെ മുട്ടുകുത്തി കുമ്പസാരിക്കാനാണ് ആ വൈദികൻ ആവശ്യപ്പെട്ടത്. തന്നിഷ്ടക്കാരനായിരുന്നെങ്കിലും ആ യുവാവ് അതനുസരിച്ചു. കുമ്പസാരത്തിനുശേഷം വി. കുർബാനയും സ്വീകരിച്ചു പൂർണമാനസാന്തരം പ്രാപിച്ചവനായിട്ടാണ് ഷാർള് ദ് ഫുക്കോ സെന്റ് അഗസ്റ്റിൻസ് ദൈവാലയത്തിനു പുറത്തേക്കിറങ്ങുന്നത്. ആ ജീവിതത്തിന് ഇനി മാനസാന്തരത്തിനു മുമ്പും പിമ്പും എന്ന ചരിത്രമാണുള്ളത്. മാനസാന്തരത്തിനുശേഷം അബേ യുവ്ളെൻ (Huvelin) ആയിരുന്നു 28 വർഷത്തേക്ക് ദ് ഫുക്കോയുടെ ആദ്ധ്യാത്മികനിയന്താവ്. (ഫ്രാൻസിൽ രൂപതവൈദികരെ പൊതുവായി (L'abb'e) എന്നും സന്ന്യാസവൈദികരെ (Pe're) എന്നും വിളിക്കുന്നു. വികാരിയെ (Cure') എന്നും അസി. വികാരിയെ (Vicaire) എന്നും).

**ജനനം, ബാല്യം, വിദ്യാഭ്യാസം**

1858 സെപ്റ്റംബർ മാസം 15–ാം തീയതി ഫ്രാൻസിലെ സ്ത്രാസ്ബുർഗ് നഗരത്തിലാണ് ഷാർള് ദ് ഫുക്കോ (Charles de Foucault) ജനിച്ചത്. ചാൾസിന്റേത് സമ്പന്നമായ ഒരു പ്രഭുകുടുംബമായിരുന്നു. മൂന്നുവർഷത്തിനുശേഷം മരീ എന്ന സഹോദരിയും ജനിച്ചു. നിർഭാഗ്യവശാൽ ചാൾസിന് അഞ്ചു വയസ്സ് പൂർത്തിയാകുന്നതിനുമുമ്പേ പിതാവും മാതാവും ഇഹലോകവാസം വെടിഞ്ഞു. ഗവണ്മെന്റുദ്യോഗസ്ഥനായിരുന്ന പിതാവ് ക്ഷയരോഗം ബാധിച്ചാണു മരിച്ചത്. മാതാവ് മൂന്നാമത്തെ പ്രസവത്തോടെയും. അനാഥരായ കുഞ്ഞുങ്ങളെ വളർത്തിയത് മാതൃപിതാവ് കേണൽ



വാഴ്ത്തപ്പെട്ട ഷാർള് ദ് ഫൂക്കോ

ദ് മൊർളേ(de Morlet)യാണ്.

ചാൾസിന്റെ സ്കൂൾവിദ്യാഭ്യാസം സ്ത്രാസ്ബുർഗിലും നാൻസിയിലുമായി നടന്നു. മാതാപിതാക്കളുടെ വിയോഗത്തിൽ ദുഃഖിതനായിരുന്ന കുട്ടിക്കു പിതൃസഹോദരിയുടെ ഭവനം അവധിക്കാലത്ത് അഭയമായിത്തീർന്നു. അന്തർമുഖനായിരുന്ന ഈ ബാലന് പിതൃസഹോദരിയുടെ മകൾ മരിയ ഒരു നല്ല സുഹൃത്തായി മാറി. തന്നെക്കാൾ ഒമ്പതു വയസ്സ് കൂടുതലുണ്ടായിരുന്ന ദൈവഭക്തയായ മരിയയെ അമ്മയുടെ സ്ഥാനത്തായിരുന്നു ചാൾസ് കണ്ടത്.

1870 ൽ ജർമനിയുമായുള്ള യുദ്ധത്തിൽ ഫ്രാൻസ് പരാജയപ്പെട്ടു. സ്ത്രാസ്ബുർഗ് ജർമൻ അധീനതയിലായി. തിടുക്കത്തിൽ മിസ്റ്റർ മൊർളേ കുട്ടികളുമായി നാൻസിയിലേക്കു താമസം മാറ്റി. അവിടെയുള്ള ഒരു പ്രധാനപ്പെട്ട സ്കൂളിൽ ചാൾസ് പഠനം തുടർന്നു. 1872 ഏപ്രിൽ 28–ാം തീയതി 14–ാം വയസ്സിൽ തന്റെ പ്രിയപ്പെട്ടവരുടെയെല്ലാം സാന്നിധ്യത്തിൽ ചാൾസ് ആഘോഷപൂർവമായ ദിവ്യകാരുണ്യസ്വീകരണം നടത്തി. ഫ്രാൻസിൽ അടുത്തകാലംവരെ ഒരാൾക്കു രണ്ടു പ്രഥമ ദിവ്യകാരുണ്യസ്വീകരണം ഉണ്ടായിരുന്നു. ആദ്യത്തേത് ഏകദേശം ഏഴാം വയസ്സിലായിരുന്നു. രണ്ടാമത്തേത് 12 – 14 വയസ്സിനിടയിൽ. ഇപ്പോൾ രണ്ടാമത്തേത് 'വിശ്വാസപ്രഖ്യാപനദിന'മായി മാറ്റിയിട്ടുണ്ട്. സ്ഥൈര്യലേപനവും ഇതോടൊപ്പമാണു നല്കുന്നത്.

ചാൾസിന്റെ ആഘോഷപൂർവമായ ദിവ്യകാരുണ്യസ്വീകരണത്തിൽ പങ്കെടുക്കാൻ പാരീസിൽനിന്ന് ഇളയമ്മയും മകൾ മരിയായും എത്തിയിരുന്നു. ലൂയി പതിന്നാലാമൻ രാജാവിന്റെ കൊട്ടാരത്തിലെ പ്രഗല്ഭ വാഗ്മിയായിരുന്ന ഴാക് ബൊസ്വേ(1627 –1704)യുടെ 'ദിവ്യരഹസ്യപരിചിന്തനങ്ങൾ' എന്ന ഗ്രന്ഥമാണ് മരിയ ചാൾസിനു സമ്മാനമായി നല്കിയത്. വർഷങ്ങൾക്കുശേഷം ചാൾസിന്റെ സത്യാന്വേഷണകാലത്ത് ഈ ഗ്രന്ഥം ഒരു പിടിവള്ളിയായി ഭവിച്ചു.

വളരെ വലിയ വിശ്വാസത്തോടും തീക്ഷ്ണതയോടുംകൂടിയാണ് ചാൾസ് ദിവ്യകാരുണ്യസ്വീകരണം നടത്തിയത്. എങ്കിലും ഫ്രഞ്ചുവിപ്ലവകാലത്താരംഭിച്ച മതവിരോധവും ഈശ്വരനിഷേധവും ഹൈസ്കൂൾപഠനകാലത്ത് ഈ ചെറുപ്പക്കാരനെ സ്വാധീനിച്ചു. അവൻ വായിച്ച പുസ്തകങ്ങളെല്ലാം ഈ ഗണത്തിൽപ്പെടുന്നവയായിരുന്നു. അവനെ നിയന്ത്രിക്കാൻ ആരും ഉണ്ടായിരുന്നില്ല. അങ്ങനെ അവൻ വിശ്വാസജീവിതത്തിൽനിന്ന് അകന്നു. വർഷങ്ങൾക്കുശേഷം അദ്ദേഹം എഴുതി: "പതിനഞ്ചാം വയസ്സിൽ ഒന്നിനും ആവശ്യത്തിനു തെളിവുകളില്ലെന്നു ഞാൻ കരുതി. പല മതങ്ങളുടെ സാന്നിധ്യം ഒന്നും സത്യമല്ലെന്നുള്ളതിനു തെളിവായി ഞാൻ കരുതി." പിതാമഹന് ചാൾസിന്റെ ചോദ്യങ്ങൾക്ക് ഉത്തരം നല്കാനായില്ല.

അവനെ സഹായിക്കാൻ സാധിക്കുമായിരുന്ന കസിൻ മരിയ ഇതിനോടകം ഒരു പ്രഭുകുടുംബത്തിലേക്കു വിവാഹിതയായിപ്പോയിരുന്നു.

**സൈനികസ്കൂളിൽ**

ഏകാകിയും അലസനുമായിത്തീർന്ന ചാൾസ് എളുപ്പം പ്രവേശനപ്പരീക്ഷ ജയിക്കാമെന്നു കരുതപ്പെട്ടിരുന്ന സൈനികസ്കൂൾ പ്രവേശനത്തിനായി രണ്ടു വർഷം പഠിച്ചു പരീക്ഷ ജയിച്ചു. സാൻസീർ എന്ന പ്രശസ്ത സൈനികസ്കൂളിൽ ചേർന്ന് പഠനം ആരംഭിച്ചു. വലിയ പിതൃസ്വത്തിന് അവകാശിയായ ചാൾസ് സുഖലോലുപനും അച്ചടക്കരഹിതനുമായി ജീവിച്ചു. ഈ പരിശീലനകാലത്തിന്റെ രണ്ടാംവർഷം 1878 ൽ സ്നേഹനിധിയായ പിതാമഹൻ അന്തരിച്ചു. അദ്ദേഹത്തിന്റെ വേർപാട് ചാൾസിനെ തീരാദുഃഖത്തിലാഴ്ത്തി. എല്ലാക്കാര്യത്തിലും അശ്രദ്ധനായി മാറിയ ചാൾസ് 386 പേരിൽ 333 –ാമനായി പരിശീലനം പൂർത്തിയാക്കി. തുടർന്ന് അശ്വാരൂഢസേനയിൽ ചേർന്നു. അവിടെ 87 പേരിൽ 87–ാമനായിട്ടാണു ജയിച്ചത്! ചാൾസിന്റെ ബ്രിഗേഡിനെ വടക്കേ ആഫ്രിക്കയിലേക്കു നിയോഗിച്ചപ്പോൾ ഒരു യുവസുന്ദരിയെയും കൂട്ടിയാണു കപ്പൽ കയറിയത്. ഈ സ്ത്രീ ചാൾസിന്റെ ഭാര്യയല്ലെന്നു മനസ്സിലാക്കിയ അധികാരികൾ ചാൾസിനെ ഫ്രാൻസിലേക്കു തിരിച്ചയച്ചു. സുഖലോലുപജീവിതം തുടർന്നെങ്കിലും ജീവിതത്തിൽ വലിയ ശൂന്യത അനുഭവപ്പെട്ട ചാൾസ്, താൻ അംഗമായിരുന്ന ബ്രിഗേഡ് യുദ്ധമുഖത്താണെന്നറിഞ്ഞപ്പോൾ പട്ടാളത്തിൽ തിരികെയെടുക്കണമെന്ന് സർക്കാരിന് അപേക്ഷ നല്കി. അനുവാദം ലഭിച്ചപ്പോൾ ആഫ്രിക്കയിലെത്തി യുദ്ധമുഖത്ത് സധൈര്യം വ്യാപരിച്ചു. മതപരമായ കാര്യങ്ങളിലുള്ള പുച്ഛവും പരിഹാസവും വോൾട്ടയറിന്റെ ഗ്രന്ഥങ്ങൾ വായിച്ചാസ്വദിച്ചിരുന്ന ചാൾസ് തുടർന്നുപോന്നു. തനിക്കിഷ്ടപ്പെട്ട ഒരു കുതിര ചത്തപ്പോൾ, മറവു ചെയ്യുന്ന അവസരത്തിൽ ചാൾസ് ഒരു ചരമപ്രസംഗം നടത്തി: "നീ ഒരു നല്ല കുതിരയാണ്. നീ നേരേ സ്വർഗത്തിൽ പോകും. എനിക്കതിൽ കുണ്ഠിതമുണ്ട്, കാരണം, നമ്മൾ ഇനി ഒരിക്കലും കണ്ടുമുട്ടുകയില്ല."

എങ്കിലും ജീവിതത്തിൽ എന്തെങ്കിലും നേടണമെന്ന ആഗ്രഹത്തോടെ സാഹസികമായ പര്യവേക്ഷണങ്ങൾക്കായി സഹാറാമരുഭൂമിയിൽ ഒറ്റയ്ക്കു ചുറ്റിസഞ്ചരിക്കാൻ തീരുമാനിച്ചു. 1883 ൽ അധികാരികളുടെ അനുവാദത്തോടെ ഈ സാഹസികയാത്രയും പര്യവേക്ഷണവും ആരംഭിച്ചു. ഒരു കൊല്ലം കഴിഞ്ഞ് പാരീസിൽ തിരിച്ചെത്തി. തന്റെ ഇളയമ്മയുടെ കുടുംബവുമായുള്ള ബന്ധം പുനഃസ്ഥാപിച്ചു. തന്റെ മരുഭൂമിയാത്രയുടെ കുറിപ്പുകൾ തയ്യാറാക്കാൻ തുടങ്ങി.

ദൈവികകാര്യങ്ങളും ചാൾസിനെ മഥിച്ചുകൊണ്ടിരുന്നു. ദൈവമേ, അങ്ങ് ഉണ്ടെങ്കിൽ എന്നെ സഹായിക്കണമേ എന്ന് 'പ്രാർത്ഥിച്ചു'കൊണ്ട് പള്ളികൾ കയറിയിറങ്ങി. അങ്ങനെയാണ് ഈ ലേഖനത്തിൽ ആദ്യം പറയുന്നതുപോലെ സെന്റ് അഗസ്റ്റിൻസ് പള്ളിയിലെത്തുന്നത്.

*(തുടരും)*

# സി.ജെ. മാടപ്പാട്ട് ബൈബിൾ സാഹിത്യ അവാർഡ് രചനകൾ ക്ഷണിക്കുന്നു

പാലാ: സി.ജെ. മാടപ്പാട്ട് മെമ്മോറിയൽ ബൈബിൾ സാഹിത്യ അവാർഡിനു രചനകൾ ക്ഷണിക്കുന്നു.

ബൈബിൾ പ്രമേയമാക്കിയുള്ള നോവൽ, ചെറുകഥാസമാഹാരം എന്നിവയാണ് അവാർഡിനു പരിഗണിക്കുക. 2021 ജനുവരി ഒന്നിനും 2022 ഓഗസ്റ്റ് 15 നും മദ്ധ്യേ രചിക്കപ്പെട്ടതും 100 പേജിൽ കുറയാത്തതും മൗലികവുമായ കൃതികളാണ് അവാർഡിനു പരിഗണിക്കുന്നത്. 10001 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. അവാർഡിനായുള്ള കൃതികൾ 2022 ഓഗസ്റ്റ് 31 നു മുമ്പായി സമർപ്പിക്കേണ്ടതാണ്.

രചനകൾ അയയ്ക്കേണ്ട വിലാസം: റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ, വികാരി ജനറാൾ, ബിഷപ്സ് ഹൗസ്, പാലാ, പാലാ – പിൻ 686575, ഫോൺ: 9447132324

# മരണത്തോളമെത്തിക്കുന്ന ന്യൂജൻഭക്ഷണരീതികൾ



സിൽജി ജെ. ടോം

**കേ**രളീയരുടെ മാറുന്ന ഭക്ഷണശീലം പലപ്പോഴും അപകടങ്ങളിലേക്കാണു കൊണ്ടെത്തിക്കുന്നത്. നാടൻ, മറുനാടൻ ഭക്ഷണവിഭവങ്ങൾ വിട്ട് വിദേശിഭക്ഷണവിഭവങ്ങൾ ശീലമാക്കിയിരിക്കുകയാണ് കേരളീയസമൂഹം. ഭക്ഷണരംഗത്തെ ഈ മാറ്റങ്ങൾ മലയാളിയെ മരണത്തോളം എത്തിക്കുന്ന അപകടങ്ങളിലേക്കും രോഗങ്ങളിലേക്കുമാണു തള്ളിവിടുന്നത്. കാസർഗോഡ് ചെറുവത്തൂരിൽ കഴിഞ്ഞ ദിവസം ഷവർമ കഴിച്ചു വിദ്യാർത്ഥിനി മരിക്കാൻ ഇടയായ സംഭവം ഉദാഹരണം. കുഴിമന്തി, അൽഫാം, ഷവർമ, ബിരിയാണി, ഫ്രൈഡ് ചിക്കൻ ഇങ്ങനെ പോകുന്നു. അടുത്ത കാലത്ത് കേരളത്തിൽ ഹോട്ടലുകൾക്കു മുന്നിൽ കാണുന്ന ബോർഡുകൾ മലയാളികളുടെ മാറുന്ന ഭക്ഷണശീലങ്ങൾ എത്രമാത്രം അപകടകരമാണെന്ന മുന്നറിയിപ്പുമായി യുഎൻ ദുരന്തനിവാരണവിദഗ്ധൻ മുരളി തുമ്മാരുകുടി അടുത്ത കാലത്തൊരു ലേഖനം എഴുതിയിരുന്നു, തിന്നുമരിക്കുന്ന മലയാളി എന്ന പേരിൽ. ഗുണമേന്മ നോക്കാതെ കേരളത്തിൽ സുലഭമായി ലഭിക്കുന്ന സ്വദേശി - വിദേശി ഭക്ഷണങ്ങൾ ധാരാളമായി കഴിക്കുന്ന ശീലം മലയാളിയെ രോഗങ്ങളുടെ പിടിയിൽ എത്തിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

കാസർകോഡ് ചെറുവത്തൂരിൽ ഷവർമ ഭക്ഷ്യവിഷബാധയെത്തുടർന്ന് വിദ്യാർത്ഥിനി മരിക്കുകയും 31 പേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്ത സംഭവം ഭക്ഷ്യസുരക്ഷയെക്കുറിച്ച്, പ്രത്യേകിച്ച്, വൃത്തിയുള്ള സാഹചര്യങ്ങളിൽ സുരക്ഷിതമായി വേണം ഏതു ഭക്ഷണവും പാകം ചെയ്തെടുക്കാനെന്ന് നമ്മെ ഓർമിപ്പിക്കുന്നു. പ്രസ്തുത സംഭവത്തിൽ ഭക്ഷ്യസുരക്ഷാവിഭാഗത്തിനെതിരേ രൂക്ഷവിമർശനം ഉയർന്നിട്ടുണ്ട്. സമാനവിധത്തിൽ ഭക്ഷ്യവിഷബാധ സംബന്ധിച്ച സംഭവങ്ങൾ മലപ്പുറത്തും കോട്ടയത്തും കൊല്ലത്തുമൊക്കെ അടുത്ത ദിവസങ്ങളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാവിഭാഗത്തിന്റേതായി കാടിളക്കിയുള്ള പരിശോധനയാണു നടക്കുന്നത്. ഇത് എത്ര ദിവസത്തേക്ക് എന്നുമാത്രം കണ്ടറിയണം.

പരിശോധന യഥാസമയം നടത്താത്ത വകുപ്പിന്റെ അനാസ്ഥയാണ് ഭക്ഷ്യവിഷബാധയ്ക്കു കാരണമായതെന്നാണു വിമർശനങ്ങളേറെയും. ദുരന്തങ്ങൾ ഉണ്ടാകുമ്പോൾമാത്രം പരിശോധനയുമായി രംഗത്തിറങ്ങുന്നതിൽ എന്താണു കാര്യമെന്നു വിമർശിക്കുന്നവർ ചോദിക്കുന്നു.

ഇതാദ്യമല്ല ഷവർമ വില്ലനാകുന്നത്, പത്തു വർഷം മുമ്പ് തിരുവനന്തപുരത്തുനിന്നു ഷവർമ കഴിച്ച് ഒരു മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു, സംഭവത്തിൽ അന്വേഷണങ്ങളും നടപടികളും ഉണ്ടായെങ്കിലും എല്ലാം പാതിവഴിയിൽ നിലച്ചു. പിന്നീട് പ്രശസ്ത നടൻ ഷോബി തിലകനും കുടുംബവും (ഒപ്പം കുറെപ്പേരും) തിരുവനന്തപുരത്തുനിന്ന് ഷവർമ കഴിച്ച് അവശനിലയിലായ സംഭവവും റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു

അടുത്ത കാലത്ത് കേരളത്തിൽ ഇഷ്ടവിഭവമെന്ന നിലയിൽ പ്രചാരം ലഭിച്ച നിരവധി അറേബ്യൻ/ വിദേശ വിഭവങ്ങളിൽ ഒന്നാണ് ഷവർമ. അഞ്ചുമുതൽ പത്തുവരെ കിലോ വേവിക്കാത്ത ചിക്കൻ കനം കുറഞ്ഞ കഷണങ്ങളാക്കി ഒരു കുറ്റിയിൽ അടുക്കിവച്ചശേഷം വേവുന്നതിനനുസരിച്ച് അരിഞ്ഞെടുത്താണ് ഷവർമയിൽ ഉപയോഗിക്കുന്നത്. മാംസം പൂർണമായി വെന്തതായിരിക്കില്ല എന്നതും ചിക്കൻ അതേ ദിവസത്തേതുതന്നെ ആവണമെന്നില്ല എന്നുള്ളതും അപകടകരമാണ്.

ചെറിയ കൂൾബാറുകളിലും മറ്റും ഓരോ ദിവസവും ബാക്കിവരുന്ന പകുതി വെന്ത മാംസം അടുത്തദിവസങ്ങളിൽ ഉപയോഗിക്കുന്നതു ഭക്ഷ്യവിഷബാധയ്ക്കു സാധ്യത വർദ്ധിപ്പിക്കുന്നു. ഭക്ഷണം ശരിയായി പാകപ്പെടുത്താത്തതുമൂലമോ ഭക്ഷണത്തിൽ കലരുന്ന രാസവസ്തുക്കൾമൂലമോ ഭക്ഷണം പഴകുന്നതുമൂലമോ ഭക്ഷ്യവിഷബാധ സംഭവിക്കാം, ഭക്ഷണം പാകം ചെയ്യുമ്പോഴും സൂക്ഷിച്ചുവയ്ക്കുമ്പോഴും സംഭവിക്കുന്ന അശ്രദ്ധയാണു ഭക്ഷണത്തെ വിഷമയമാക്കി അണുബാധയ്ക്കു കാരണമാകുന്നതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇറച്ചി സൂക്ഷിച്ചുവച്ചു പിന്നീട് പാകം ചെയ്യുന്ന ഷവർമയിൽനിന്നു ഭക്ഷ്യവിഷബാധ ഉണ്ടാവാനുള്ള സാധ്യത കൂടുതലാണെന്നു മുന്നറിയിപ്പു നൽകുന്നു, സി എച്ച് സി അഗളി ഹെൽത്ത് ഇൻസ്പെക്ടർ ലാലു ജോസഫ് എം. സാൽമൊണെല്ല എന്ന ബാക്ടീരിയയാണ് ഇവിടെ വില്ലൻ. ലോകത്തുള്ള 80.3% ഭക്ഷ്യവിഷബാധയും ഈ ബാക്റ്റീരിയ കാരണമാണ് ഉണ്ടാകുന്നത്. ചിക്കൻ പൂർണമായി വെന്തില്ലെങ്കിൽ സാൽമൊണെല്ല ശരീരത്തിൽ കയറും. പഴകിയ ചിക്കൻ ആവണമെന്നില്ല, ഫ്രഷ് ചിക്കനിലും ഉണ്ടാവും. ശരീരത്തിൽ കയറി നാലഞ്ചു മണിക്കൂറിനുള്ളിൽ അവൻ പണി തുടങ്ങും. ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി അദ്ദേഹം പറയുന്നു.

"വേവാൻ അനുവദിക്കണം. തിരക്കു കൂട്ടരുത്. പാതി വേവിച്ചതിനുശേഷം മാറ്റിവച്ച് ഓർഡർ കിട്ടുമ്പോൾ മുഴുവനും വേവിച്ച് ആളുകൾക്കു കൊടുക്കുകയാണ് അവർ ചെയ്യുന്നത്. ധൃതി കൂട്ടിയാൽ മുഴുവൻ വേവുന്നതിനുമുമ്പ് അവർ മുന്നിൽവച്ചു തരും, അതാണു പണിയാകുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

"ആളു കൂടിയാൽ പെട്ടെന്ന് അരിഞ്ഞു വീഴ്ത്തി പൊതിഞ്ഞുകൊടുക്കും. മാംസം ഒരു ഇൻസുലേറ്ററാണ്. പുറംഭാഗത്തെ വേവ് ഒരിക്കലും ഒരു സെന്റിമീറ്റർ ഉള്ളിലുണ്ടാവില്ല. ഒരു ചെറിയ മാംസക്കഷ്ണം വിരലുകൊണ്ട് ഒരു വിളക്കിൽ പിടിച്ചുവേവിക്കാൻ ശ്രമിച്ചാൽ തീയിൽപ്പെട്ട ഭാഗം കരിയുകയും പിടിച്ച ഭാഗം തണുത്തുതന്നെ ഇരിക്കുകയും ചെയ്യും. അതായത്, തിരക്കുള്ള കടയിൽ അഞ്ചോ പത്തോ പേർക്ക് നല്ലവണ്ണം വെന്ത മാംസവും ബാക്കിയുള്ളവർക്ക് പാതിവെന്ത മാംസവും കിട്ടുന്നു. സാൽമൊണെല്ല നശിക്കണമെങ്കിൽ മിനിമം 75 ഡിഗ്രി സെന്റിഗ്രേഡിൽ പത്തു മിനിറ്റ് വേവണം. അല്ലെങ്കിൽ 55 ഡിഗ്രിയിൽ ഒരു മണിക്കൂർ അല്ലെങ്കിൽ 60 ഡിഗ്രിയിൽ അരമണിക്കൂർ വേവണം. അല്ലെങ്കിൽ വൈറസ് ശരീരത്തിൽ കയറും.'



ഷവർമ മുമ്പും പലയിടത്തും പ്രശ്നങ്ങൾ ഉണ്ടാക്കിയെങ്കിലും കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കിടെ ആരും മരിക്കാതിരുന്നതിനാൽ മാധ്യമങ്ങളും ആരോഗ്യവകുപ്പുമൊന്നും കാര്യങ്ങൾ ഗൗരവമായെടുത്തില്ല.

ഇപ്പോൾ പെൺകുട്ടി മരിച്ചതോടെ പലവിധ ചർച്ചകൾ നടക്കുന്നുണ്ട്. ചെറുവത്തൂരിലെ സംഭവത്തിൽ വൃത്തിഹീനമായ സാഹചര്യത്തിലാണ് കൂൾബാറിൽ ഷവർമ നിർമിച്ചിരുന്നതെന്നാണു കണ്ടെത്തൽ. സംഭവവുമായി ബന്ധപ്പെട്ട് കൂൾബാർ മാനേജരെ പൊലീസ് കസ്റ്റഡിയിലെടുത്തു. കൂൾബാറിനു പ്രവർത്തനാനുമതിയില്ലെന്നു നേരത്തേ കണ്ടെത്തിയിരുന്നു.

നേരത്തേ, ലൈസൻസില്ലെന്നു കണ്ടെത്തിയതോടെ കൂൾബാറിലേക്ക് ഇറച്ചി നൽകിയ കോഴിക്കട ഭക്ഷ്യസുരക്ഷാവകുപ്പ് അധികൃതർ ഇടപെട്ട് അടപ്പിച്ചിരുന്നു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭക്ഷ്യവിഷബാധ റിപ്പോർട്ടു ചെയ്യപ്പെട്ട പശ്ചാത്തലത്തിൽ അനധികൃത ഭക്ഷണസ്ഥാപനങ്ങൾക്കെതിരേ കർശന നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്ക് വകുപ്പുമന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ നിർദേശം നൽകിയിരിക്കുകയാണ്.

കേരളത്തിലെ ബേക്കറികളിൽ ഷവർമ പാചകം ചെയ്യാൻ തുടങ്ങിയിട്ട് കുറഞ്ഞത് പത്തു വർഷമെങ്കിലും ആയിട്ടുണ്ട്. ഉയർന്ന താപനിലയിൽ പാകം ചെയ്യാൻ സാധ്യതയില്ലാത്ത ഭക്ഷണവിഭവം ആയതിനാലാണ് ഷവർമ, ഭക്ഷ്യവിഷബാധയ്ക്കു കൂടുതലായും കാരണമാകുന്നത്.

പഴകിയ മാംസത്തിൽ രൂപപ്പെടുന്ന ഇക്കോളി, സാൽമോണെല്ല, ലിസ്റ്റീരിയ, സ്റ്റഫയിലോ കോക്കസ്, ക്ലോസ്ട്രിഡിയം, ക്യാമ്പയിലോബാക്ടർ പോലുള്ള ബാക്ടീരിയകൾ അത്യന്തം അപകടകാരികളാണ്. ഭക്ഷ്യവിഷബാധയിൽ ജീവനുകൾ നഷ്ടപ്പെടാതിരിക്കാൻ നാം കൂടുതൽ കരുതലോടെയിരിക്കണം. കൂടുതൽ കാലറി അടങ്ങിയ ഭക്ഷണങ്ങൾക്കു പകരം നാടൻ ഭക്ഷണങ്ങൾ തിരികെക്കൊണ്ടുവരാനും നാം ജാഗ്രത പുലർത്തണം. ■

---

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ



## വിസ്തരവും വിസ്താരവും

പ്രാമാണികരായ എഴുത്തുകാർക്ക് പല കാരണങ്ങളാൽ തെറ്റുപറ്റാം. അജ്ഞത, അശ്രദ്ധ, ഉദാസീനത തുടങ്ങി പല ഹേതുക്കൾ അതിന്റെ പിന്നിലുണ്ടാകും. പറ്റിപ്പോകുന്ന വീഴ്ചകൾ അച്ചടിച്ചു കഴിഞ്ഞാൽപ്പിന്നെ തിരുത്തുക പ്രയാസമാണ്. എഴുതിയ ആളിന്റെ പ്രഭാവത്താൽ പിഴകൾ ന്യായീകരിക്കപ്പെട്ടേക്കാം. എങ്കിലും തെറ്റ് തെറ്റല്ലാതാവുകയില്ല. വൈയാകരണനും ഗ്രന്ഥകാരനുമായ വി.കെ. ഹരിഹരനുണ്ണിത്താൻ എഴുതിയ ഒരു വാക്യം രേഖപ്പെടുത്തട്ടെ: "ലേഖനത്തിലെ മറ്റുവിഷയങ്ങൾ 'വിസ്താര'ഭയത്താൽ ചർച്ച ചെയ്യുന്നില്ല."* 'വിസ്താരഭയം' ഒരുപക്ഷേ, അച്ചുപിഴയാകാം. എന്നാൽ അതിന്റെ ഉത്തരവാദിത്വം ലേഖകനു മാത്രമാകുന്നു.

വിസ്തരം, വിസ്താരം എന്നീ നാമരൂപങ്ങൾക്കു പരപ്പ് എന്നൊരു പൊതുവായ അർത്ഥമുണ്ടെങ്കിലും അവ രണ്ടും രണ്ടാണ്. വിസ്തരം ശബ്ദത്തിന്റെ പരപ്പും വിസ്താരം സ്ഥലത്തിന്റെ പരപ്പുമാകുന്നു. "സ്ഥലത്തിന്റെ പരപ്പ് എന്നർത്ഥമുള്ള വിസ്താരത്തിനു പകരം വിസ്തരം എന്നു പ്രയോഗിക്കുന്നത് തെറ്റ്"** എന്ന് അപശബ്ദബോധിനികാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. "വിസ്താരോ വിഗ്രഹോ വ്യാസഃസചശബ്ദസ്യവിസ്തരഃ"*** എന്നാണല്ലോ അമരകോശമതവും. വിസ്തരം, വിസ്താരം - ഇവയെ 'വിസ്ഥരം', വിസ്ഥാരം' എന്നിങ്ങനെ ആക്കാതിരിക്കണം.

വിസ്താരവും വിസ്തീർണവും ഒന്നല്ല. വിസ്താരമുള്ളതാണ് വിസ്തീർണ്ണം. വിസ്താരം നാമവും വിസ്തീർണ്ണം നാമവിശേഷണവുമാകുന്നു എന്നാണ് അവ തമ്മിലുള്ള ഭേദം. അഞ്ച് ഏക്കർ 'വിസ്തീർണമുള്ള' ഭൂമി എന്നും മറ്റും വിസ്താരശബ്ദത്തിന്റെ സ്ഥാനത്ത് പ്രയോഗിക്കുന്നത് സാധുവല്ല; പ്രചുരപ്രചാരത്തിന്റെ പിൻബലമുണ്ടെങ്കിലും. ഒന്നുകിൽ 'അഞ്ച് ഏക്കർ വിസ്താരമുള്ള ഭൂമി അല്ലെങ്കിൽ അഞ്ചേക്കർ വിസ്തീർണമായ ഭൂമി ഇങ്ങനെ എഴുതിയാൽ വാക്യവും വ്യാകരണവും ശരിയായി. എഴുതുക എന്നു ശബ്ദവിഷയമായി പറയുമ്പോൾ വിസ്തരം മതി; ഭൂമിയുടെ പരപ്പാകുമ്പോൾ വിസ്താരവും. വി.കെ. ഹരിഹരനുണ്ണിത്താന് ഈ വ്യത്യാസം അറിയില്ല എന്നു കരുതാൻ അദ്ദേഹത്തെ പരിചയമുള്ളവർക്കു കഴിയണമെന്നില്ല.

* ഹരിഹരനുണ്ണിത്താൻ, വി.കെ., എഴുത്തും പറച്ചിലും, സാഹിത്യവിമർശനം, ത്രൈമാസികം, ജനുവരി - മാർച്ച് 2022, പുസ്തകം 14, ലക്കം 1, പുറം - 63.

** ദാമോദരൻനായർ, പി., അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം - 2013, പുറം 617.

*** പരമേശ്വരൻ മൂസ്സത്, ടി.സി., അമരകോശം (പാരമേശ്വരി) എൻ.ബി.എസ്., കോട്ടയം, 2013, പുറം - 725.

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# വിസ്തരവും വിസ്താരവും



പ്രാമാണികരായ എഴുത്തുകാർക്ക് പല കാരണങ്ങളാൽ തെറ്റുപറ്റാം. അജ്ഞത, അശ്രദ്ധ, ഉദാസീനത തുടങ്ങി പല ഹേതുക്കൾ അതിന്റെ പിന്നിലുണ്ടാകും. പറ്റിപ്പോകുന്ന വീഴ്ചകൾ അച്ചടിച്ചു കഴിഞ്ഞാൽപ്പിന്നെ തിരുത്തുക പ്രയാസമാണ്. എഴുതിയ ആളിന്റെ പ്രഭാവത്താൽ പിഴകൾ ന്യായീകരിക്കപ്പെട്ടേക്കാം. എങ്കിലും തെറ്റ് തെറ്റല്ലാതാവുകയില്ല. വൈയാകരണനും ഗ്രന്ഥകാരനുമായ വി.കെ. ഹരിഹരനുണ്ണിത്താൻ എഴുതിയ ഒരു വാക്യം രേഖപ്പെടുത്തട്ടെ: "ലേഖനത്തിലെ മറ്റുവിഷയങ്ങൾ 'വിസ്താര'ഭയത്താൽ ചർച്ച ചെയ്യുന്നില്ല."* 'വിസ്താരഭയം' ഒരുപക്ഷേ, അച്ചുപിഴയാകാം. എന്നാൽ അതിന്റെ ഉത്തരവാദിത്വം ലേഖകനു മാത്രമാകുന്നു.

വിസ്തരം, വിസ്താരം എന്നീ നാമരൂപങ്ങൾക്കു പരപ്പ് എന്നൊരു പൊതുവായ അർത്ഥമുണ്ടെങ്കിലും അവ രണ്ടും രണ്ടാണ്. വിസ്തരം ശബ്ദത്തിന്റെ പരപ്പും വിസ്താരം സ്ഥലത്തിന്റെ പരപ്പുമാകുന്നു. "സ്ഥലത്തിന്റെ പരപ്പ് എന്നർത്ഥമുള്ള വിസ്താരത്തിനു പകരം വിസ്തരം എന്നു പ്രയോഗിക്കുന്നത് തെറ്റ്"** എന്ന് അപശബ്ദബോധിനികാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. "വിസ്താരോ വിഗ്രഹോ വ്യാസഃസചശബ്ദസ്യവിസ്തരഃ"*** എന്നാണല്ലോ അമരകോശമതവും. വിസ്തരം, വിസ്താരം – ഇവയെ 'വിസ്ഥരം', വിസ്ഥാരം' എന്നിങ്ങനെ ആക്കാതിരിക്കണം.

വിസ്താരവും വിസ്തീർണവും ഒന്നല്ല. വിസ്താരമുള്ളതാണ് വിസ്തീർണ്ണം. വിസ്താരം നാമവും വിസ്തീർണ്ണം നാമവിശേഷണവുമാകുന്നു എന്നാണ് അവ തമ്മിലുള്ള ഭേദം. അഞ്ച് ഏക്കർ 'വിസ്തീർണമുള്ള' ഭൂമി എന്നും മറ്റും വിസ്താരശബ്ദത്തിന്റെ സ്ഥാനത്ത് പ്രയോഗിക്കുന്നത് സാധുവല്ല; പ്രചുരപ്രചാരത്തിന്റെ പിൻബലമുണ്ടെങ്കിലും. ഒന്നുകിൽ 'അഞ്ച് ഏക്കർ വിസ്താരമുള്ള ഭൂമി അല്ലെങ്കിൽ അഞ്ചേക്കർ വിസ്തീർണമായ ഭൂമി ഇങ്ങനെ എഴുതിയാൽ വാക്യവും വ്യാകരണവും ശരിയായി. എഴുതുക എന്നു ശബ്ദവിഷയമായി പറയുമ്പോൾ വിസ്തരം മതി; ഭൂമിയുടെ പരപ്പാകുമ്പോൾ വിസ്താരവും. വി.കെ. ഹരിഹരനുണ്ണിത്താന് ഈ വ്യത്യാസം അറിയില്ല എന്നു കരുതാൻ അദ്ദേഹത്തെ പരിചയമുള്ളവർക്കു കഴിയണമെന്നില്ല.

* ഹരിഹരനുണ്ണിത്താൻ, വി.കെ., എഴുത്തും പറച്ചിലും, സാഹിത്യവിമർശനം, ത്രൈമാസികം, ജനുവരി – മാർച്ച് 2022, പുസ്തകം 14, ലക്കം 1, പുറം – 63.

** ദാമോദരൻനായർ, പി., അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം – 2013, പുറം 617.

*** പരമേശ്വരൻ മൂസ്സത്, ടി.സി., അമരകോശം (പാരമേശ്വരി) എൻ.ബി.എസ്., കോട്ടയം, 2013, പുറം – 725.

Deepanalam Weekly

RNI No : 16998/68
Vol. 55 No. 10 Date of Publication 5 May 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



ALPHONSA FOREIGN LANGUAGE ACADEMY

AFLA

+2 കഴിഞ്ഞവർക്ക്

ജർമ്മനിയിൽ നല്ലവസരം

ട്യൂഷൻ ഫീസ് ഇല്ലാതെ സ്കോളർഷിപ്പോട്കൂടി
ജർമ്മനിയിൽ ജോലിചെയ്തു പഠിക്കാം.....

A1 A2 ഓൺലൈനായി പഠിക്കു
B1 B2 ഓഫ്‌ലൈനായി പഠിക്കാം

+91 7909 225 344, +91 7902 325 344

33 വർഷത്തെ സേവനപാരമ്പര്യം

നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ ജംഗ്ഷൻ, അരുണാപുരം പി.ഒ., പാലാ
Ph: 9495195739, 9495021259

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org